ടൈംസ് ഓഫ് അമേരിക്കൻമലയാളി
സാംസ്കാരികം
TIMES OF AMERICAN MALAYALI
2025
ഡിസംബർ+



Chief Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**

www.timesofamericanmalayali.com




സുഹൃത്തുക്കളേ,

കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, സമൂഹമാധ്യമത്തിലെ ഒരു വീഡിയോ എന്റെ ശ്രദ്ധ പിടിച്ചുപറ്റി. ഈ വീഡിയോ ഐ.എസ്.ആർ.ഒ. സംഘടിപ്പിച്ച ഒരു അതുല്യമായ ഡ്രോൺ മത്സരത്തിന്റേതായിരുന്നു. ഈ വീഡിയോയിൽ, നമ്മുടെ രാജ്യത്തെ യുവാക്കൾ, പ്രത്യേകിച്ച് നമ്മുടെ ഏലിദ, ചൊവ്വയിലേതിന് സമാനമായ സാഹചര്യങ്ങളിൽ ഡ്രോണുകൾ പറത്താൻ ശ്രമിക്കുകയായിരുന്നു. ഡ്രോണുകൾ പറന്നുയരും, കുറച്ച് നിമിഷങ്ങൾ സന്തുലിതാവസ്ഥയിൽ തുടരും, എന്നിട്ട് പെട്ടെന്ന് നിലത്ത് ഇടിച്ചുവീഴും. എന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാമോ? കാരണം അവിടെ പറക്കുന്ന ഡ്രോണുകൾക്ക് ജി.പി.എസ്. പിന്തുണ ഇല്ലായിരുന്നു. ചൊവ്വയിൽ ജി.പി.എസ്. സാധ്യമല്ല, അതിനാൽ ഡ്രോണുകൾക്ക് ബാഹ്യ സിഗ്നലുകളോ നിർദ്ദേശമോ ലഭിക്കില്ല. ഡ്രോണുകൾക്ക് അവയുടെ ക്യാമറകളുടെയും അവയിൽ സന്നിവേശം ചെയ്ത സോഫ്റ്റ്‌വെയറിന്റെയും സഹായത്തോടെ പറക്കേണ്ടി വന്നു. ആ ചെറിയ ഡ്രോണിന് നിലത്തെ പാറ്റേണുകൾ തിരിച്ചറിയുകയും ഉയരം അളക്കുകയും തടസ്സങ്ങൾ മനസ്സിലാക്കുകയും, സ്വന്തമായി സുരക്ഷിതമായ ലാൻഡിംഗ് കണ്ടെത്തുകയും വേണമായിരുന്നു. അതിനാൽ, ഡ്രോണുകൾ ഒന്നിനുപുറകെ ഒന്നായി നിലംപതിച്ചു.

**കോടതി കഥകൾ - 33**
ഒ.വി.ആർ. വക്കീലിന്റെ ഏകലോചനവിദ്യ
**അഡ്വ. വർഗീസ് പി. തോമസ് .......... 3**




**കഥ**
കുട്ടൻ
**സനൽ വി.......... 4**




**കവിത**
സമാന്തരങ്ങൾ
**ഡി.കിരൺ ഏവൂർ.......... 5**

**പുസ്തക പരിചയം**
ചിത്രമെഴുത്ത് കെ.എം.വറുഗീസിന്റെ
ചരിത്രകഥകൾ
**ഡോ.പോൾ മണലിൽ .......... 6**



**പുസ്തക വിചിന്തനം**
കമ്പിളിക്കണ്ടത്തിലെ കൽഭരണികൾ
**രാജശ്രീ ആർ......... 7**



# ഓർമകളിലെ കവിമനസ്സ്

## സുഭഗശബ്ദം മാഞ്ഞിട്ട് അഞ്ചു വർഷം

ജോർജ് തഴക്കര

(1934 ജനുവരി 22//**2020 ഡിസംബർ 23**)



വർത്തമാനകാല സമൂഹജീവിതത്തിന്റെ പ്രതിബദ്ധതയായിരുന്നു സുഗതകുമാരി. കവയിത്രി, സാമൂഹിക പ്രവർത്തക തുടങ്ങിയ നിലകളിലുള്ള അവരുടെ നിസ്വാർത്ഥസേവനം അക്ഷരം തെളിഞ്ഞ മനസ്സിൽ നിന്നും മാഞ്ഞുപോകില്ല. പ്രതിഷേധത്തിന്റെയും പരിഹാസത്തിന്റെയും കനൽവഴികളിലൂടെയുള്ള സഞ്ചാരം. മലയാളഭാഷയേയും മണ്ണിനേയും **പെണ്ണിനേയും** ഇത്രമാത്രം കരുതിയ ഒരമ്മ മനസ്സ് ഇതിനുമുമ്പ് ഉണ്ടായിട്ടില്ല.

സ്വാതന്ത്ര്യസമരസേനാനിയും പൊതുപ്രവർത്തകനും കവിയുമായിരുന്ന നെയ്യാറ്റികൻകര താഴമംഗലത്ത് കേശവപിള്ളയുടേയും ആറന്മുള വാഴുവേലിൽ വി.കെ.കാർത്ത്യായനിയുടെയും രണ്ടാമത്തെ മകൾ. അമ്മ തിരുവനന്തപുരം വിമൻസ് കോളജിൽ സംസ്കൃതം അധ്യാപികയായിരുന്നു. ഹൃദയകുമാരിയും സുജാതയും സഹോദരിമാർ.

അവധിക്കാലങ്ങളിൽ സുഗതകുമാരി ആറന്മുളയിലേക്ക് വരുമായിരുന്നു. സർപ്പക്കാവും വിശാലമായ പമ്പയുടെ തെളിമയുള്ള ഒഴുക്കും വയൽവരമ്പുകളും പള്ളിയോടങ്ങളും പാർത്ഥസാരഥിക്ഷേത്രവും ആ മനസ്സിൽ ആഹ്ലാദം നിറച്ചു. ഗ്രന്ഥപ്പലകയിൽ പുസ്തകം നിവർത്തി വായിച്ചിരുന്ന അമ്മച്ചിയമ്മച്ചിയിൽനിന്നുമായിരുന്നു രാധാമാധവന്മാരെക്കുറിച്ചുള്ള ആദ്യാറിവു ലഭിച്ചത്.

തിരുവനന്തപുരം കോട്ടൻഹിൽ സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർക്കുവാൻ ചെന്നപ്പോൾ കുട്ടിയുടെ കഴിവു കണ്ട്, ഹെഡ്മിസ്ട്രസ് മൂന്നാം ക്ലാസിലേക്ക് നേരിട്ട് പ്രവേശനം നൽകുകയായിരുന്നു. പൂക്കളെക്കുറിച്ചുള്ള വരികൾ സ്ലേറ്റിൽ കണ്ട അധ്യാപിക ഇതേത് പുസ്തകത്തിൽ നിന്നുമാണ് പകർത്തിയതെന്നുചോദിച്ചു. സുഗതയാണ് അതെഴുതിയതെന്ന് അധ്യാപികയ്ക്ക് വിശ്വസിക്കാൻ പ്രയാസം.

ചട്ടമ്പിസ്വാമികളുടെയും ശ്രീനാരായണഗുരുവിന്റെയും ശിഷ്യനായതോടെ കേശവപിള്ള ബോധേശ്വരൻ എന്ന പേരിലാണ് അറിയപ്പെട്ടത്. കവിത എഴുതിക്കഴിഞ്ഞാൽ അദ്ദേഹം അത് ഉറക്കെ ചൊല്ലും. അത് കേൾക്കാൻ മക്കൾ മൂവരും ഓടിയെത്തുമായിരുന്നു. ഗാന്ധിജി മനസ്സിൽ ഇടംപിടിക്കുന്നത് അങ്ങനെയാണ്. അദ്ധ്യാത്മരാമായണത്തിന്റെ താളം സുഗതയിൽ നിറച്ചത് അമ്മയാണ്. സംസ്കൃത പണ്ഡിതയായിരുന്നുവെങ്കിലും ഇംഗ്ലീഷ് സാഹിത്യകൃതികൾ നന്നായി വായിക്കുമായിരുന്ന അമ്മയിൽ നിന്നുമാണ് ഷേക്സ്പീയർ, കീറ്റ്സ്, ഷെല്ലി തുടങ്ങിയവരെ പരിചയപ്പെട്ടത്. വഴുതക്കാട്ടെ വീട് ആളൊഴിയാത്ത ഇടമായിരുന്നു. സ്വാതന്ത്ര്യസമര സേനാനികളും കവികളും ആത്മീയാചാര്യന്മാരും അവിടേക്ക് വന്നു. കമ്യൂണിസ്റ്റ് പോരാളിയായ അമ്മാവൻ എം.എൻ.ഗോവിന്ദൻ നായരുടെയും ഗാന്ധിയനായ ബോധേശ്വരന്റെയും ആശയസംഘട്ടനങ്ങളും ആ മനസ്സിൽ ഇടംപിടിച്ചുവെങ്കിലും തന്റേതായ വഴി മഹാത്മജിയുടേതാണെന്ന് അന്നേ സുഗതകുമാരി തീരുമാനിച്ചിരുന്നു. കുമാരനാശാന്റെയും വള്ളത്തോളിന്റെയും ജി.ശങ്കരക്കുറുപ്പിന്റെയും കവിതകൾ ആവർത്തിച്ചു വായിച്ചതോടെ തുടർന്നെഴുതിയ കവിതകളിലാകെ ഒരിരുത്തം വന്നു. മറ്റാരും കാണരുതെന്നു കരുതിയെ ങ്കിലും മൂത്ത സഹോദരി ഹൃദയകുമാരി അതെല്ലാം വായിച്ചിരുന്നു.

യൂണിവേഴ്സിറ്റി കോളജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ ശ്രീകുമാർ എന്ന പേരിൽ കവിതയെഴുതി സമസ്തകേരള സാഹിത്യപരിഷത്തിന്റെ കവിതാരചനാമത്സരത്തിൽ അയച്ചു. 'കരയിൽ കിനാവു കണ്ടിരിയ്ക്കുമെന്നെ നീല/ത്തിരമാലകൾ പൊക്കി ഹസി യ്ക്കും സമുദ്രമേ' എന്നു തുടങ്ങുന്ന ആ കവിതയ്ക്കാണ് ഒന്നാം സമ്മാനം ലഭിച്ചത്. ബോധേശ്വരനൊഴികെ കുടുംബമാകെ സന്തോഷത്തിലായി. 'കള്ളപ്പേരിൽ കവിത എഴുതി' എന്നതായിരുന്നു തെറ്റ്. എസ്.ഗുപ്തൻനായർ നേതൃത്വം നൽകിയ വിധിനിർണ്ണയ സമിതിയിൽ ബോധേശ്വരനും അംഗമായിരുന്നു. അതുകൊണ്ടുതന്നെ ആ വിധി ബോധേശ്വരൻ റദ്ദാക്കിച്ചു.

ഹൃദയകുമാരി കോളജ് അധ്യാപികയായപ്പോൾ കോളജ് മാഗസിനുവേണ്ടി സുഗതകുമാരി അറിയാതെ ഈ കവിത പകർത്തി നൽകി. 'ശ്രീകുമാർ' എന്ന പേരിൽ ഈ കവിത സുഗതകുമാരി മാതൃഭൂമി ആഴ്ചപ്പിതിപ്പിന് അയച്ചു. ➲9




**പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 2025 നവംബർ 30ന് രാവിലെ 11 മണിയ്ക്ക് ആകാശവാണിയിലൂടെ നടത്തിയ പ്രക്ഷേപണത്തിന്റെ മലയാള പരിഭാഷ**

128

# മനസ്സ് പറയുന്നത്

**എന്റെ** പ്രിയപ്പെട്ട നാട്ടുകാരേ, നമസ്കാരം.

മൻ കി ബാത്തിലേക്ക് വീണ്ടും സ്വാഗതം. നവംബർ മാസം നിരവധി പ്രചോദനങ്ങളുമായാണ് വന്നത്. നവംബർ 26ന്, ഭരണഘടനാ ദിനത്തിൽ സെൻട്രൽ ഹാളിൽ ഒരു പ്രത്യേക പരിപാടി സംഘടിപ്പിച്ചു. വന്ദേമാതരത്തിന്റെ 150ാം വാർഷികത്തിന്റെ വേളയിൽ രാജ്യവ്യാപകമായ പരിപാടികൾക്ക് ഗംഭീര തുടക്കമായി. നവംബർ 25ന്, അയോധ്യയിലെ രാമക്ഷേത്രത്തിൽ ധർമ്മധ്വജം ഉയർത്തി. അതേ ദിവസം, കുരുക്ഷേത്രയിലെ ജ്യോതിസറിൽ പാഞ്ചജന്യ സ്മാരകം ഉദ്ഘാടനം ചെയ്തു.

സുഹൃത്തുക്കളേ,

കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, ഹൈദരാബാദിൽ ലോകത്തിലെ ഏറ്റവും വലിയ ലീപ്പ് എഞ്ചിൻ എം.ആർ.ഒ. സൗകര്യം ഞാൻ ഉദ്ഘാടനം ചെയ്തു. വിമാനങ്ങളുടെ അറ്റകുറ്റപ്പണികൾ, അവ നന്നാക്കൽ, തുടങ്ങിയ മേഖലകളിൽ ഭാരതം ഒരുപ്രധാന ചുവടുവെച്ചു. കഴിഞ്ഞ ആഴ്ച, മുംബൈയിൽ നടന്ന ഒരു പരിപാടിയിൽ, ഐ.എൻ.എസ്. മാഹി ഇന്ത്യൻ നാവികസേനയിൽ ഉൾപ്പെടുത്തി. കഴിഞ്ഞ ആഴ്ച, സ്കൈറൂട്ടിന്റെ ഇൻഫിനിറ്റി കാമ്പസ് ഭാരതത്തിന്റെ ബഹിരാകാശ എക്കോ സംവിധാനത്തിന് ഒരു പുതിയ മാനം നൽകി. ഭാരതത്തിന്റെ പുതിയ ചിന്തയുടെയും, നൂതനാശയത്തിന്റെയും, യുവശക്തിയുടെയും പ്രതിഫലനമാണിത്.

**കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, ഹൈദരാബാദിൽ ലോകത്തിലെ ഏറ്റവും വലിയ ലീപ്പ് എഞ്ചിൻ എം.ആർ.ഒ. സൗകര്യം ഞാൻ ഉദ്ഘാടനം ചെയ്തു. വിമാനങ്ങളുടെ അറ്റകുറ്റപ്പണികൾ, അവ നന്നാക്കൽ, തുടങ്ങിയ മേഖലകളിൽ ഭാരതം ഒരുപ്രധാന ചുവടുവെച്ചു. കഴിഞ്ഞ ആഴ്ച, മുംബൈയിൽ നടന്ന ഒരു പരിപാടിയിൽ, ഐ.എൻ.എസ്. മാഹി ഇന്ത്യൻ നാവികസേനയിൽ ഉൾപ്പെടുത്തി. കഴിഞ്ഞ ആഴ്ച, സ്കൈറൂട്ടിന്റെ ഇൻഫിനിറ്റി കാമ്പസ് ഭാരതത്തിന്റെ ബഹിരാകാശ എക്കോ സംവിധാനത്തിന് ഒരു പുതിയ മാനം നൽകി. ഭാരതത്തിന്റെ പുതിയ ചിന്തയുടെയും, നൂതനാശയത്തിന്റെയും, യുവശക്തിയുടെയും പ്രതിഫലനമാണിത്.**

സുഹൃത്തുക്കളേ,

കാർഷിക മേഖലയിലും രാജ്യം ഒരു വലിയ നേട്ടം കൈവരിച്ചു. 357 ദശലക്ഷം ടൺ ഭക്ഷ്യധാന്യ ഉൽപാദനത്തോടെ ഭാരതം ഒരു ചരിത്ര റെക്കോർഡ് സൃഷ്ടിച്ചു. മുന്നൂറ്റി അമ്പത്തിയേഴ് ദശലക്ഷം ടൺ! 10 വർഷം മുമ്പുള്ളതിനേക്കാൾ, ഭാരതത്തിന്റെ ഭക്ഷ്യധാന്യ ഉൽപാദനം 100 ദശലക്ഷം ടൺ വർദ്ധിച്ചു. കായിക രംഗത്തും ഭാരതം സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചു. കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, ഭാരതം കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കുമെന്ന് പ്രഖ്യാപിച്ചു. ഈ നേട്ടങ്ങൾ രാജ്യത്തിന്റേതാണ്, പൗരന്മാർക്കുള്ളതാണ്. ജനങ്ങളുടെ അത്തരം നേട്ടങ്ങളും ജനങ്ങളുടെ കൂട്ടായ പരിശ്രമങ്ങളും പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള മികച്ച വേദിയാണ് മൻ കി ബാത്ത്.

സുഹൃത്തുക്കളേ, മനസ്സിൽ സമർപ്പണവും; കൂട്ടായ ശക്തിയിലും ഒരു ടീമായി പ്രവർത്തിക്കുന്നതിലും വിശ്വാസവുമുണ്ടെങ്കിൽ, വീണുപോയതിനുശേഷം വീണ്ടും എഴുന്നേൽക്കാനുള്ള ധൈര്യമുണ്ടെങ്കിൽ, അതി കഠിനമായ പ്രവൃത്തികളിൽ പോലും വിജയം സുനിശ്ചിതമാണ്. ഉപഗ്രഹങ്ങളോ, ജി.പി.എസ്. സംവിധാനമോ, നാവിഗേഷൻ സൗകര്യങ്ങളോ ഇല്ലാത്ത ഒരു കാലഘട്ടം സങ്കൽപ്പിക്കൂ. അപ്പോഴും, നമ്മുടെ നാവികർ വലിയ കപ്പലുകളുമായി കടലിലേക്ക് പുറപ്പെട്ട് നിശ്ചിത സ്ഥലങ്ങളിൽ എത്തിച്ചേരുമായിരുന്നു. ഇപ്പോൾ, കടലുകളും കടന്ന് ബഹിരാകാശത്തിന്റെ അനന്തമായ ഉയരങ്ങൾ ലോകമെമ്പാടുമുള്ള രാജ്യങ്ങൾ പര്യവേഷണം ചെയ്യുന്നു. വെല്ലുവിളി അവിടെയും ഒന്നുതന്നെ. ജി.പി.എസ്. സംവിധാനമോ ആശയവിനിമയ സംവിധാനങ്ങളോ ഇല്ല. നമ്മൾ എങ്ങനെ മുന്നേറും?

സുഹൃത്തുക്കളേ,

കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, സമൂഹമാധ്യമത്തിലെ ഒരു വീഡിയോ എന്റെ ശ്രദ്ധ പിടിച്ചുപറ്റി. ഈ വീഡിയോ ഐ.എസ്.ആർ.ഒ. സംഘടിപ്പിച്ച ഒരു അതുല്യമായ ഡ്രോൺ മത്സരത്തിന്റേതായിരുന്നു. ഈ വീഡിയോയിൽ, നമ്മുടെ രാജ്യത്തെ യുവാക്കൾ, പ്രത്യേകിച്ച് നമ്മുടെ ഏലിദ, ചൊവ്വയിലേതിന് സമാനമായ സാഹചര്യങ്ങളിൽ ഡ്രോണുകൾ പറത്താൻ ശ്രമിക്കുകയായിരുന്നു. ഡ്രോണുകൾ പറന്നുയരും, കുറച്ച് നിമിഷങ്ങൾ സന്തുലിതാവസ്ഥയിൽ തുടരും, എന്നിട്ട് പെട്ടെന്ന് നിലത്ത് ഇടിച്ചുവീഴും. എന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാമോ? കാരണം അവിടെ പറക്കുന്ന ഡ്രോണുകൾക്ക് ജി.പി.എസ്. പിന്തുണ ഇല്ലായിരുന്നു. ചൊവ്വയിൽ ജി.പി.എസ്. സാധ്യമല്ല, അതിനാൽ ഡ്രോണുകൾക്ക് ബാഹ്യ സിഗ്നലുകളോ നിർദ്ദേശമോ ലഭിക്കില്ല. ഡ്രോണുകൾക്ക് അവയുടെ ക്യാമറകളുടെയും അവയിൽ സന്നിവേശം ചെയ്ത സോഫ്റ്റ്വെയറിന്റെയും സഹായത്തോടെ പറക്കേണ്ടി വന്നു. ആ ചെറിയ ഡ്രോണിന് നിലത്തെ പാറ്റേണുകൾ തിരിച്ചറിയുകയും ഉയരം അളക്കുകയും തടസ്സങ്ങൾ മനസ്സിലാക്കുകയും, സ്വന്തമായി സുരക്ഷിതമായ ലാൻഡിംഗ് കണ്ടെത്തുകയും വേണമായിരുന്നു. അതിനാൽ, ഡ്രോണുകൾ ഒന്നിനുപുറകെ ഒന്നായി നിലംപതിച്ചു.

സുഹൃത്തുക്കളേ,

ഈ മത്സരത്തിൽ, പൂനെയിൽ നിന്നുള്ള യുവാക്കളുടെ ഒരു സംഘം ഒരു പരിധിവരെ വിജയം നേടി. അവരുടെ ഡ്രോണും പലതവണ വീണു, തകർന്നു. പക്ഷേ അവർ തോൽവി സമ്മതിച്ചില്ല. നിരവധി ശ്രമങ്ങൾക്ക് ശേഷം, ഈ ടീമിന്റെ ഡ്രോൺ ചൊവ്വയുടേതിന് സമാനമായ പരിതസ്ഥിതിയിൽ കുറച്ചുനേരം പറക്കുന്നതിൽ വിജയിച്ചു.

സുഹൃത്തുക്കളേ,

ഈ വീഡിയോ കാണുമ്പോൾ, മറ്റൊരു രംഗം എന്റെ മനസ്സിലേക്ക് വന്നു : ചന്ദ്രയാൻ 2 ബന്ധം നഷ്ടപ്പെട്ട ദിവസം. ആ ദിവസം, രാജ്യം ഒന്നാകെ, പ്രത്യേകിച്ച് ശാസ്ത്രജ്ഞർ, നിമിഷനേരത്തേക്ക് നിരാശരായി. എന്നാൽ സുഹൃത്തുക്കളേ, തോൽവിക്ക് അവരെ തടയാനായില്ല. ആ ദിവസം തന്നെ അവർ ചന്ദ്രയാൻ3ന്റെ വിജയഗാഥ എഴുതാൻ തുടങ്ങി. അതുകൊണ്ടാണ് ചന്ദ്രയാൻ3 വിജയകരമായി ലാൻഡ് ചെയ്തപ്പോൾ, അത് ഒരു ദൗത്യത്തിന്റെ വിജയം മാത്രമായിരുന്നില്ല. പരാജയത്തെ മറികടന്ന് കെട്ടിപ്പടുത്ത ആത്മവിശ്വാസത്തിന്റെ വിജയമായിരുന്നു. ഈ വീഡിയോയിൽ കാണുന്ന യുവാക്കളുടെ കണ്ണുകളിലും അതേ തിളക്കം ഞാൻ കണ്ടു. നമ്മുടെ യുവാക്കളുടെ സമർപ്പണവും ശാസ്ത്രജ്ഞരുടെ പ്രതിബദ്ധതയും കാണുമ്പോഴെല്ലാം എന്റെ ഹൃദയം ആവേശത്താൽ നിറയുന്നു. യുവാക്കളുടെ ഈ സമർപ്പണമാണ് വികസിത ഭാരതത്തിന്റെ ഏറ്റവും വലിയ ശക്തി.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

തേനിന്റെ മധുരം നിങ്ങൾക്കെല്ലാവർക്കും പരിചിതമാണ്, പക്ഷേ ഇതിനു പിന്നിൽ എത്ര ആളുകളുടെ കഠിനാധ്വാനം, എത്ര പാരമ്പര്യങ്ങൾ, പ്രകൃതിയുമായി എത്രയോ സുന്ദരമായ കൂടിച്ചേരൽ എന്നിവ ഉണ്ടെന്ന് നമ്മൾ പലപ്പോഴും തിരിച്ചറിയാറില്ല.

സുഹൃത്തുക്കളേ,

ജമ്മു കശ്മീരിലെ മലയോര പ്രദേശങ്ങളിൽ, സുലായി എന്ന് അറിയപ്പെടുന്ന കാട്ടുതുളസിയിൽ നിന്ന് തേനീച്ചകൾ തികച്ചും സവിശേഷമായ തേൻ ശേഖരിക്കുന്നു. വെളുത്ത നിറമുള്ള ഈ തേനിനെ രാംബൻ സുലായി ഹണി എന്ന് വിളിക്കുന്നു. കുറച്ച് വർഷങ്ങൾക്ക് മുമ്പ് രാംബൻ സുലായി ഹണിക്ക് ജി.ഐ. ടാഗ് ലഭിച്ചു. ഇതിനുശേഷം, ഈ തേനിന് രാജ്യമെമ്പാടും അംഗീകാരം ലഭിച്ചു.

സുഹൃത്തുക്കളേ,

ദക്ഷിണ കന്നഡ ജില്ലയിലെ പുത്തൂരിലെ സസ്യങ്ങൾ തേൻ ഉൽപാദനത്തിന് ഉത്തമമായി കണക്കാക്കപ്പെടുന്നു. ഇവിടെ, ഗ്രാമജന്യ എന്ന കർഷക സംഘടന ഈ പ്രകൃതിദത്ത സമ്മാനത്തിന് ഒരു പുതിയ ദിശ നൽകുന്നു.ഗ്രാമജന്യഒരു ആധുനിക സംസ്കരണ യൂണിറ്റ് നിർമ്മിക്കുകയും ലാബ്, ബോട്ടിലിംഗ്, സംഭരണം, ഡിജിറ്റൽ ട്രാക്കിംഗ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പാടാക്കുകയും ചെയ്തു. ഇപ്പോൾ, ഈ തേൻ ഒരു ഉൽപ്പന്നമായി ബ്രാൻഡ് ചെയ്യപ്പെടുകയും ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് എത്തുകയും ചെയ്യുന്നു. രണ്ടായിരത്തിയഞ്ഞൂറിലധികം കർഷകർ ഈ സംരംഭത്തിൽ നിന്ന് പ്രയോജനം നേടിയിട്ടുണ്ട്.

സുഹൃത്തുക്കളേ,

കർണാടകയിൽ തന്നെയുള്ള തുംകുരു ജില്ലയിലെ ശിവഗംഗ കാലഞ്ജിയ എന്ന സംഘടനയുടെ ശ്രമങ്ങളും പ്രശംസനീയമാണ്. തുടക്കത്തിൽ ഓരോ അംഗത്തിനും രണ്ട് തേനീച്ചപ്പെട്ടികൾ നൽകുന്നു. ഇത് ചെയ്യുന്നതിലൂടെ, സംഘടന നിരവധി കർഷകരെ അതിന്റെ ദൗത്യവുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഇപ്പോൾ, ഈ സംഘടനയുമായി ബന്ധപ്പെട്ട കർഷകർ സംയുക്തമായി തേൻ വേർതിരിച്ചെടുക്കുകയും മനോഹരമായി പാക്കേജു ചെയ്യുകയും പ്രാദേശിക വിപണിയിൽ എത്തിക്കുകയും ചെയ്യുന്നു. ഇത് അവർക്ക് ലക്ഷക്കണക്കിന് രൂപ നേടിക്കൊടുക്കുന്നു. അതുപോലുള്ള മറ്റൊരു ഉദാഹരണമാണ് നാഗാലാൻഡിലെ ഇഹശള്ള ഒീല്യ ഔിശേഴ. നാഗാലാൻഡിലെ ചോക്ക്ലാങ്കൻ ഗ്രാമത്തിൽ, ഖിയാമനിയാങ്കൻ ഗോത്രം നൂറ്റാണ്ടുകളായി തേൻ ശേഖരിക്കുന്നു. ഇവിടെ, തേനീച്ചകൾ കൂടുണ്ടാക്കുന്നത് മരങ്ങളിലല്ല, ഉയർന്ന പാറക്കെട്ടുകളിലാണ്. അതിനാൽ, തേൻ ശേഖരിക്കുന്നതും വളരെ അപകടകരമാണ്. അതിനാൽ, ഇവിടെയുള്ള ആളുകൾ ആദ്യം തേനീച്ചകളോട് സൗമ്യമായി സംസാരിക്കുകയും, അവരുടെ അനുമതി തേടുകയും, തേനെടുക്കുന്നതിനു മുമ്പ് അവർ തേൻ ശേഖരിക്കാൻ വന്നതാണെന്ന് അറിയിക്കുകയും ചെയ്യുന്നു.

സുഹൃത്തുക്കളേ,

ഇന്ന് ഭാരതം തേൻ ഉൽപാദനത്തിൽ പുതിയ റെക്കോർഡുകൾ സൃഷ്ടിക്കുകയാണ്. 11 വർഷം മുമ്പ്, രാജ്യത്ത് തേൻ ഉൽപാദനം 76000 മെട്രിക് ടണ്ണായിരുന്നു. ഇപ്പോൾ അത് 1.5 ലക്ഷം മെട്രിക് ടൺ കവിഞ്ഞു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി തേൻ കയറ്റുമതിയും മൂന്നിരട്ടിയിലധികം വർദ്ധിച്ചു. ഹണി മിഷൻ പരിപാടിയുടെ കീഴിൽ, ഖാദി ഗ്രാമോദ്യോഗ് ജനങ്ങൾക്കിടയിൽ 2.25 ലക്ഷത്തിലധികം തേനീച്ചപ്പെട്ടികൾ വിതരണം ചെയ്തു. ഇത് ആയിരക്കണക്കിന് ആളുകൾക്ക് പുതിയതൊഴിലവസരങ്ങൾ നൽകി. ➲11

## കോടതിക്കഥകൾ - 33

# അടി തെറ്റിയാൽ വക്കീലും വീഴും



അഡ്വ.വർഗീസ് പി. തോമസ്

"**നി**ങ്ങൾ എന്തിനാണിങ്ങനെ വിങ്ങി വിങ്ങി കരയുന്നത്?"

കുമാരപുരം സെൻ്റ് മേരീസ് പള്ളിയങ്കണത്തിൽ പ്രാർത്ഥനയ്ക്ക് എത്തിയ സ്ത്രീയാണ് കരയുന്നത്. ഏതാണ്ട് എഴുപത്തിയഞ്ചിനോടടുത്ത പ്രായം. അവരോടു ചോദിച്ചതു മറ്റാരുമല്ല; ഹൈക്കോടതിയിൽ എല്ലാവർക്കും സുപരിചിതനായ വക്കീൽ. തിരുവനന്തപുരത്ത് ചുഴാറ്റുകോട്ടയിൽ താമസം. എല്ലാ ആഴ്ചയിലും രണ്ടു ദിവസം തറവാട്ടിലെത്തും. ആ ദിവസങ്ങളിൽ മുടങ്ങാതെ ആ ദേവാലയത്തിൽ രാവിലെയും വൈകിട്ടും പ്രാർത്ഥനയ്ക്ക് എത്തിയിരിക്കും. ആ ഒരൊറ്റ ചോദ്യം, വക്കീലിന്റെ സ്വസ്ഥത ഒരു കൊല്ലത്തോളം നഷ്ടപ്പെടുത്തി.

"സാറെന്നെ ശ്രദ്ധിച്ചു... അല്ലെ! എനിക്കു തലചായ്ക്കാൻ ഇടമില്ല സാർ."

ദയയും അലിവും വക്കീലിനു തോന്നാൻ അവർ ആ വിവരം അറിയിച്ചു.

"പേരു പറഞ്ഞില്ല? സ്വന്തം സ്ഥലം എവിടെയാ? ഞാൻ വരുമ്പോഴൊക്കെ നിങ്ങൾ ഇവിടിരുന്നു പ്രാർത്ഥിക്കുന്നതു കാണാറുണ്ട്."

അവരെപ്പറ്റി കൂടുതലറിയാൻ ആകാംക്ഷയിൽ വക്കീൽ ചോദിക്കുകയും പ്രാർത്ഥനാശീലത്തെ ശ്ലാഘിക്കുകയും ചെയ്തു.

"സർ എന്റെ പേര് മെറ്റിൽഡാ. തൃശൂരുകാരിയാണ്. സാറിനെ മനസ്സിലായില്ലാ?"

അത്യധികം വിനയം കാട്ടി അവർ മറുപടി പറഞ്ഞു.

"എന്റെ പേര് കുര്യൻ. ഹൈക്കോടതി വക്കീലാണ്. നിങ്ങൾക്ക് ആരുമില്ലേ? എങ്ങനെ ഇവിടെയെത്തി? ജോലി എന്തെങ്കിലും ചെയ്യുന്നുണ്ടോ?"

വക്കീൽ മുൻഗണനാ വിഷയങ്ങളായ ആ മൂന്നു ചോദ്യങ്ങളോടെ ക്ഷേമാന്വേഷണങ്ങൾ നടത്തി.

"ഇവിടെ ഒരു കമ്പനിയിൽ താൽക്കാലിക ജോലി ചെയ്തിരുന്നു. ഭർത്താവു മരിച്ചുപോയി. എനിക്കു മക്കളില്ല. ശംഖുമുഖത്ത് വാടകയ്ക്ക് താമസിക്കയായിരുന്നു. വാടക കുടിശിക വന്ന് ഉടമസ്ഥൻ പുറത്താക്കി. പിന്നെ ഒരു കന്യാസ്ത്രീമഠത്തിൽ താമസിച്ചു. അവിടെ മറ്റെങ്ങുമില്ലാത്ത നിയന്ത്രണമാ. എനിക്കതൊന്നും ഇഷ്ടമല്ല. അവരും എന്നെ ഇറക്കിവിട്ടു. തമ്പാനൂർ റയിൽവേ സ്റ്റേഷനിലാ രാത്രി കഴിച്ചുകൂട്ടുന്നത്."

**കുമാരപുരം സെൻ്റ് മേരീസ് പള്ളിയങ്കണത്തിൽ പ്രാർത്ഥനയ്ക്ക് എത്തിയ സ്ത്രീയാണ് കരയുന്നത്. ഏതാണ്ട് എഴുപത്തിയഞ്ചിനോടടുത്ത പ്രായം. അവരോടു ചോദിച്ചതു മറ്റാരുമല്ല; ഹൈക്കോടതിയിൽ എല്ലാവർക്കും സുപരിചിതനായ വക്കീൽ. തിരുവനന്തപുരത്ത് ചുഴാറ്റുകോട്ടയിൽ താമസം. എല്ലാ ആഴ്ചയിലും രണ്ടു ദിവസം തറവാട്ടിലെത്തും. ആ ദിവസങ്ങളിൽ മുടങ്ങാതെ ആ ദേവാലയത്തിൽ രാവിലെയും വൈകിട്ടും പ്രാർത്ഥനയ്ക്ക് എത്തിയിരിക്കും. ആ ഒരൊറ്റ ചോദ്യം, വക്കീലിന്റെ സ്വസ്ഥത ഒരു കൊല്ലത്തോളം നഷ്ടപ്പെടുത്തി.**

മെറ്റിൽഡയുടെ മറുപടിയിൽ, ലോലഹൃദയനായ വക്കീലിനു സങ്കടവും സഹതാപവും തോന്നി പെട്ടെന്നു ചോദിച്ചു:

"നിങ്ങടെ ആഹാരമൊക്കെ എങ്ങനെയാ?"

"വല്ലവരും സഹായിക്കും."

ഈ വൃദ്ധസ്ത്രീ വിധവയാണ്, അനാഥയാണ്, പരദേശിയാണ്, വല്ലവരുടെയും സഹായത്താൽ കഴിയുന്നു എന്നുള്ള മറുപടികൾ വക്കീലിന്റെ ഹൃദയത്തെ അഗാധമായി സ്പർശിച്ചു. അവരുടെ ധർമസങ്കടം മനസ്സിലാക്കി. ഉടൻ മുന്നൂറു രൂപ എടുത്ത് അവർക്കു നേരെ നീട്ടി പറഞ്ഞു:

"ഈ രൂപ കൈയിൽ വച്ചോ. ഇവിടെ ഉള്ളപ്പോഴൊക്കെ ഞാൻ ഈ പള്ളീലാ വരുന്നത്."

"വളരെ നന്ദി സാർ." അവർ വക്കീലിന്റെ കൈയിൽനിന്നും രൂപ പുഞ്ചിരിയോടെ വാങ്ങി.

വക്കീൽ അവരുടെ സന്തോഷമേറിയ മുഖം കണ്ട് സംതൃപ്തിയോടെ കുടുകുടാ ശബ്ദമുണ്ടാക്കി ചിരിച്ച് പ്രത്യഭിവാദനം നടത്തി.

സെൻ്റ് മേരീസ് പള്ളിയിൽ പ്രവേശിച്ചാൽ അൾത്താരയ്ക്ക് ഏറ്റവും അടുത്ത ബഞ്ചിൽ സ്ഥിരമായി ഇരുന്നു വക്കീൽ ധ്യാനിക്കും. ചിലപ്പോൾ സർവവും മറന്ന് എണീറ്റ് ക്രൂശിതന്റെ രൂപത്തിൽ ഭക്തിയോടെ നോക്കി രണ്ടു കൈകളും ഉയർത്തി ദീർഘനേരം നിൽക്കും. ഇതിനിടയിൽ എങ്ങനെ മെറ്റിൽഡയിലേക്കു നോട്ടമെത്തിയെന്ന് ആലോചിച്ചിട്ട് ഒരെത്തുംപിടിയും കിട്ടിയില്ല. അവരുടെ കരച്ചിലിന്റെ ശബ്ദം കാതുകളിൽ എത്തി ശ്രദ്ധ തിരിഞ്ഞതായിരിക്കാം.

അടുത്ത ദിവസം രാവിലെ പ്രാർഥനയ്ക്കായി വക്കീൽ എത്തി. മെറ്റിൽഡയുടെ സാമീപ്യം കണ്ട് സന്തോഷം തോന്നി. എന്തുതന്നെയായാലും അവർ പ്രാർഥനയ്ക്കായി എത്തുന്നുണ്ടല്ലോ എന്ന മനഃസന്തോഷം. ദേവാലയത്തിലേക്ക് കയറുന്ന പ്രധാന വാതിലിനരികിലെ ബഞ്ചിൽ അവർ ഇരിക്കുന്നു. ധ്യാനം കഴിഞ്ഞ് സ്വതവേയുള്ള പുഞ്ചിരിയോടെ വക്കീൽ അവരുടെ അരികിലേക്കു ചെന്നു ചോദിച്ചു:

"മെറ്റിൽഡ വന്നിട്ട് ഒത്തിരി നേരമായോ?"

"കുറെ നേരമായി സാർ. ഞാൻ വന്നപ്പോൾ സാർ കൈയുയർത്തി പ്രാർഥിക്കുന്നതു കണ്ടു. ഏതായാലും സാറിനെ കണ്ടിട്ടു പോകാമെന്നു വിചാരിച്ചു."

വക്കീലിനെ എങ്ങനെ സന്തോഷിപ്പിക്കാമെന്നു മനസ്സിലാക്കി അവർ ഉത്തരം നൽകി. മറുപടിയിൽ ഇഷ്ടംതോന്നിയ അദ്ദേഹം പറഞ്ഞു:

"അതെയോ! കൊള്ളാമല്ലോ, ഞാനങ്ങനെയാ, കൈകൾ ഉയർത്തി പ്രാർഥിക്കും. ദൈവം അനുഗ്രഹിക്കട്ടെ. നിങ്ങൾ പ്ലാറ്റ്ഫോമിൽ ആണ് കിടക്കുന്നതെന്നു പറഞ്ഞല്ലോ. അവിടെ കിടക്കാൻ പേടിയില്ലേ? വല്ലവരും വന്ന് ഉപദ്രവിക്കില്ലേ?"

"സാർ, ഞാൻ ഭയന്നു വിറച്ചാ കിടക്കുന്നത്. വേറൊരു നിവൃത്തിയുമില്ല. സാർ എവിടാ താമസിക്കുന്നത്?"

"മൂന്നു കിലോമീറ്റർ അകലെ ചുഴാറ്റുകോട്ടയിലാ താമസം. എന്തുമാകട്ടെ കന്യാസ്ത്രീമഠത്തിൽ വലിയ നിയന്ത്രണമാണെന്നു പറഞ്ഞല്ലോ. എന്തു ബുദ്ധിമുട്ടാ അവിടെ ഉണ്ടായത്?"

"മഠത്തിനകത്ത് ഒരു ചാപ്പലുണ്ട്. അവിടെ തന്നെ ഇരുന്നു പ്രാർഥിച്ചാൽ ബോറടിക്കും. പല പള്ളികളിലും പോയി പ്രാർഥിക്കുന്നതാ എനിക്കിഷ്ടം. പുറത്തെങ്ങാനും പോയാൽ സമയത്തെത്തിയില്ലെങ്കിൽ കണ്ടമാനം വഴക്കു പറയും. പ്രാർത്ഥന നീണ്ടാൽ, താമസിച്ചല്ലേ ചെല്ലാൻ പറ്റൂ. കഴിഞ്ഞ ആഴ്ച അവർ എന്നെ കയറ്റിയില്ല. ഒന്നു രണ്ടു മാസം എവിടെയെങ്കിലും തലചായ്ക്കാൻ ഒരു സ്ഥലം കണ്ടുതരുമോ സാറേ?"

തന്റെ കഷ്ടതകളും ബുദ്ധിമുട്ടുകളും പറയുമ്പോൾ പ്രാർഥനയിലുള്ള വക്കീലിന്റെ അഭിരുചി മുഖത്തു പ്രകടമായി കാണുന്നത് അവർ വായിച്ചെടുത്തു. മറുപടിയോടൊപ്പം ആവശ്യവും അവർ അറിയിച്ചു.

"ആട്ട്, നോക്കട്ടെ." ഒറ്റവാക്കിൽ വക്കീൽ മറുപടി നൽകി.

എറണാകുളത്തേക്കു തിരിക്കുന്നതിനു തലേദിവസം വൈകിട്ട് പള്ളിയിൽ വച്ച് വക്കീൽ അവരെ കണ്ടു. ക്ഷേമം അന്വേഷിച്ചു പിരിയാൻ നേരം വക്കീൽ അവരെ അറിയിച്ചു.

"മെറ്റിൽഡാ, ഞാൻ നാളെ വെളുപ്പിന് ട്രെയിന് എറണാകുളത്തേക്കു പോകും. ഒരാഴ്ച കഴിഞ്ഞേ എത്തത്തൊള്ളൂ. തിരികെ വന്നിട്ടു കാണാം."

യാത്രാവിവരം അറിയിച്ചതോടൊപ്പം ഇതു കൈവശമിരിക്കട്ടെ എന്നു പറഞ്ഞ് അഞ്ഞൂറ് രൂപയും അവർക്കു നൽകി.

പിറ്റേദിവസം വെളുപ്പിന് വേണാടിൽ പോകാൻ ടിക്കറ്റെടുത്ത വക്കീൽ, മെയിൻ ഗേറ്റിൽക്കൂടി ഒന്നാം നമ്പർ പ്ലാറ്റ്ഫോമിലേക്കു കടന്നു. ദാ, മെറ്റിൽഡാ ഒരു തോളിൽ ഒരു ഭാണ്ഡക്കെട്ടുമായി നിൽക്കുന്നു. അദ്ദേഹത്തെ കണ്ടമാത്രയിൽ സന്തോഷത്തോടെ നിറപുഞ്ചിരിയിൽ പറഞ്ഞു:

"സാർ ഞാൻ മെറ്റിൽഡാ, ഒരു ചായ കുടിക്കാൻ ഈ സ്റ്റാളിൽ വന്നതാ. വണ്ടി കണ്ടപ്പോൾ സാറിനെ ഓർത്തു."

അവർ, വക്കീലിന്റെ വരവ് ലക്ഷ്യംവച്ചെത്തിയതാണെന്ന് അറിയിക്കാതെ യാദൃച്ഛികമായി കണ്ടെന്ന മട്ടിൽ പറഞ്ഞു. കുരുട്ടുബുദ്ധി ലേശമില്ലാത്ത വക്കീലിനതു വിവേചിച്ചറിയാനായില്ല.

"ഞാൻ വരുന്ന ആഴ്ചയിൽ തിരിച്ചെത്തും."

വക്കീൽ ഉറപ്പോടെ അവരെ അറിയിച്ച് ബോഗിയിൽ കയറാൻ മുൻപോട്ട് വേഗത്തിൽ നീങ്ങി. മെറ്റിൽഡാ അദ്ദേഹത്തെ പുറകെ വിളിച്ച് ഒന്നുകൂടി ഓർമിപ്പിച്ചു.

"സാർ, എത്തിക്കഴിഞ്ഞ് എവിടെയെങ്കിലും തലചായ്ക്കാൻ സൗകര്യം ഉണ്ടാക്കണേ."

അവരുടെ ആവശ്യം ദയനീയമായി അവതരിപ്പിച്ചു. വക്കീലിന് അവരോടു ദയതോന്നി പറഞ്ഞു:

"ഞാൻ പോയിട്ട് വരട്ടെ."

അവർക്കു പ്രതീക്ഷ നൽകി വണ്ടിയിൽ ഓടിക്കയറി. ഒരു വശത്തുള്ള സീറ്റ് കിട്ടി. എതിർ സീറ്റിൽ ആരുമില്ല. രണ്ടു കാലുകളും എതിർ സീറ്റിൽ നെടുകെ കയറ്റി വച്ച് അൽപനേരം പുറത്തേക്കു നോക്കിയിരുന്നു.

മെറ്റിൽഡയുടെ ദയനീയമായ മുഖവും യാചനയും കണ്ണിൽനിന്നു മായുന്നില്ല. അപേക്ഷ ചെവിയിൽ മുഴങ്ങുന്നു. അതു മനസ്സിനെ നൊമ്പരപ്പെടുത്തിക്കൊണ്ടിരുന്നു. വലതുകരം തലയിൽ പല പ്രാവശ്യം തൂത്തും തിരുമ്മിയും ഒരു വഴി കണ്ടെത്താൻ വക്കീൽ ആലോചിച്ചു.

യേശുനാഥന്റെ ചില തിരുവചനങ്ങൾ വക്കീലിന്റെ ഓർമയിൽ തെളിഞ്ഞു. അനാഥരെയും വിധവമാരെയും പരദേശികളെയും സംരക്ഷിക്കണമെന്ന വചനം തിരശീലയിലെന്നവണ്ണം മിന്നിമറയുന്നു. അപ്പോൾ തന്റെയും കുടുംബത്തിന്റെയും ആസ്തികളും കുടുംബ പശ്ചാത്തലവും പുനർചിന്തനത്തിനു വിധേയമാക്കി. പൂർവികമായും സ്വയാർജിതമായും തനിക്കും ഭാര്യയ്ക്കും ലഭിച്ച പല വീടുകൾ, സ്ഥലങ്ങൾ, ഭാര്യ കണ്ണൂർ ജില്ലയിലെ സീനിയർ സർക്കാർ ഉദ്യോഗസ്ഥ, രണ്ടു മക്കൾ കേരളത്തിനു പുറത്ത് ഉന്നത വിദ്യാഭ്യാസം ചെയ്യുന്നു എന്നീ സൗഭാഗ്യങ്ങൾ.

പള്ളിമുക്കിൽ ഭാര്യയുടെ പേരിൽ വാങ്ങിയ സ്ഥലത്ത് ആധുനികരീതിയിൽ പുതിയ ഒരു ഭവനത്തിന്റെ പണി പൂർത്തിയായി. അതിനു തൊട്ടടുത്ത് ഒരു പഴയവീട് താമസമില്ലാതെ കിടക്കുന്നു. ഭാര്യ കണ്ണൂരിൽനിന്ന് ആണ്ടിൽ കൂടിയാൽ ഒന്നോ രണ്ടോ തവണ തിരുവനന്തപുരത്തു വന്നെങ്കിലായി. മക്കൾ അവധിക്കാലത്ത് അമ്മയുടെ അരികിൽ താമസിച്ച് തിരികെ പോകുന്നു. വക്കീലായ താനും ഇടയ്ക്ക് അവരുടെ അടുത്തു പോയിവരുന്നു. ഭാര്യ അടുത്തകാലത്ത് തിരുവനന്തപുരത്ത് വരേണ്ട ഒരു സാഹചര്യവും ഇല്ല. ഭാര്യയോ മക്കളോ വസ്തുസംബന്ധമായ ഒരു കാര്യത്തിലും ഇടപെടില്ല. നല്ല സാഹചര്യം എന്നു മനസ്സിൽ കണ്ടു.

ഏതായാലും ഭാര്യയേയും മക്കളേയും അറിയിക്കാതെ മൂന്നു മാസത്തേക്കു മെറ്റിൽഡ യെ ആ പഴയ വീട്ടിൽ താമസിപ്പിക്കാം. ഭാര്യയോടും മക്കളോടും അനുവാദം ചോദിച്ചാൽ അവരെങ്ങാനും വേണ്ടാ എന്നു പറയുകയാണെങ്കിൽ ഒരാളെ സഹായിക്കാനുള്ള കടമയും അവസരവും നഷ്ടമാകും. മാത്രമല്ല, യേശുനാഥൻ പഠിപ്പിച്ചത് വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുതെന്നാണ്. അങ്ങനെ യാത്രയിലെ തിരുവചന ചിന്തകൾ മെറ്റിൽഡയ്ക്ക് അനുകൂലമായിക്കൊണ്ടിരുന്നു.

വേണാടിൽ എറണാകുളത്തെത്തി. ചേംബറിൽ വന്നു ഗുമസ്തനുമായി കേസുകാര്യങ്ങളെപ്പറ്റി ചർച്ച നടത്തി. ആ സ്ത്രീയെ താമസിപ്പിക്കണോ എന്നൊരു വീണ്ടുവിചാരം തനിയെ ഇരുന്നപ്പോൾ കടന്നുവന്നു. ഏറ്റവും അടുത്ത രണ്ടു സുഹൃത്തുക്കളുമായി അഭിപ്രായം തേടാൻ തീരുമാനിച്ചു. അവരും എതിർത്തുപറയുമോ എന്ന സന്ദേഹത്താൽ, ആ സ്ത്രീയെപ്പറ്റി പരാമർശിക്കാതെ വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുതെന്ന ബൈബിൾ പ്രമാണത്തിന്റെ വ്യാപ്തിയെപ്പറ്റി മാത്രം ചർച്ചചെയ്തു. കഥയറിയാതെ, അദ്ദേഹം ചെയ്യുന്ന സഹായം മറ്റുള്ളവരെ അറിയിക്കുന്നത് പ്രമാണലംഘനമാണെന്ന് പല കഥകൾ ഉദ്ധരിച്ച് വക്കീലിനെ കൂട്ടുകാർ ഒന്നുകൂടി ബലപ്പെടുത്തി.

ഇതിനിടയിൽ ഭാര്യയും മക്കളും ഫോണിൽ ബന്ധപ്പെട്ടപ്പോഴൊക്കെ പ്രമാണലംഘനം ഓർത്ത് ഇക്കാര്യം മറച്ചുവച്ചു.

മൂന്നു നാലു ദിവസങ്ങൾക്കു ശേഷം വൈകിട്ടത്തെ വേണാടിൽ വക്കീൽ തിരുവനന്തപുരത്തേക്കു യാത്രതിരിച്ചു. രാത്രി പതിനൊന്നരയോടെ ചുഴാറ്റുകോട്ടയിലെ വീട്ടിലെത്തി. ശരീരശുദ്ധി വരുത്തി പ്രാർത്ഥനയും ➲ 8

ചെറുകഥ

# കുട്ടൻ



സനൽ വി

**നി**ങ്ങൾ തിരക്കിലാണോ? എൻറെ കൂടെ വരുമോ കുറച്ചു ദൂരം? എങ്കിൽ വാ...നമുക്ക് നടക്കാം. എൻറെ ട്രെയിൻ രാത്രി പത്ത് അമ്പതിനേയുള്ളൂ. കൂടെ  വന്നാ ഞാനൊരു കഥ പറയാം. അപ്പോഴേക്കും എൻറെ ട്രെയിൻ വരും. എന്റെ കഥയാ. ചുമ്മാ കേട്ടോ!

എന്റെ പേര് അപ്പുക്കുട്ടൻ. എല്ലാവരും കുട്ടൻ എന്നേ വിളിക്കൂ. എനിക്ക് അപ്പുക്കുട്ടൻ എന്ന് വിളിക്കുന്നതാണിഷ്ടം. കുട്ടാന്ന് വിളിക്കുന്നവരോട് ഞാൻ അപ്പുക്കുട്ടാന്ന് വിളിക്കാൻ പറയും. ആരും കേൾക്കില്ല. കേൾക്കാത്തതല്ല. ഞാൻ പറയുന്നത് അവർക്ക് മനസ്സിലാവില്ല. അതാണ് പ്രശ്നം. അച്ഛൻ മാത്രം അപ്പുക്കുട്ടാന്ന് വിളിക്കും. അമ്മേക്കാൾ അച്ഛനാണ് എനിക്കിച്ചിരി സ്നേഹം കോരി തന്നോണ്ടിരുന്നത്. അമ്മയ്ക്ക് അത് പിടിക്കത്തില്ല. ഞാൻ മൂത്തതാണെണെങ്കിലും അമ്മയ്ക്ക് സ്നേഹം കൂടുതൽ എന്റെ  രണ്ട് അനിയത്തിമാരോടായിരുന്നു. അമ്മ അവർക്ക് വയറു നിറച്ച് സ്നേഹം കോരിക്കൊടുക്കുന്നത് ഞാൻ കതകിന്റെ വിടവിലൂടെ കണ്ടിട്ടുണ്ട്. ഞാൻ ചോദിക്കാനൊന്നും പോയിട്ടില്ല. ചോദിച്ചാൽ കിട്ടില്ലെന്നറിയാം. പക്ഷേ ഞാൻ വീടിന്റെ ഏതേലും മൂലേ പോയിരുന്ന് കൊറേ കരയും.

കരഞ്ഞു കഴിയുമ്പോൾ ഇച്ചിരി ആശ്വാസം കിട്ടും. പിന്നെ ഞാൻ കൊറേ ചിരിക്കും. എന്നിട്ട് ഞാൻ അപ്രത്തെ വീട്ടിലെ മണിയനേം, വടക്കേ വീട്ടിലെ സുരേഷിനേം വിളിച്ചോണ്ട് കൊയ്ത്തു കഴിഞ്ഞു കിടക്കുന്ന വിരിപ്പ് കണ്ടത്തിലേക്കോടും. കതകിന്റെ വിടവിലൂടെ കണ്ട കാഴ്ച മനസ്സീന്ന് കളയാൻ ഞാൻ കണ്ടത്തിൽ തല കുത്തി മറിയും. തോട്ടിലെ വെള്ളത്തിൽ മുങ്ങാം കുഴിയിട്ടു കളിക്കും. മണിയനും സുരേഷും എന്റെ തോളിൽ കേറിയിരുന്ന് എന്നെ തോട്ടിൽ മുക്കാൻ നോക്കും. ഞാൻ ബലം പിടിച്ച് ചെളിയിൽ കാലമർത്തി നിക്കും. എനിക്ക് നല്ല ബലമാ. ഞാൻ നല്ലോണം ശാപ്പാടടിക്കും. അമ്മയ്ക്കിഷ്ടമല്ല അതൊന്നും. എനിക്ക് വെശന്നാ പ്രാന്താ. ഞാൻ അനിയത്തിമാരുടെ പാത്രത്തിന്നും വാരിക്കഴിക്കും. അവളുമാര് ഒച്ചവെച്ച് കരയും. അമ്മ എന്നെ തല്ലും. അച്ഛൻ കേറി ഇടപെടും. അമ്മ അച്ഛന്റെ നേരെ കയ്യൊങ്ങും. അച്ഛൻ പാവം പേടിച്ച് അപ്പ്രത്ത് പോയിരിന്ന്  ബീഡി വലിച്ചു തള്ളും. അച്ഛൻ പറേന്നത് അമ്മ കേൾക്കാറില്ല. എന്നെ പോലെയാ അച്ഛൻ പറേന്നതും ആർക്കും മനസ്സിലാവില്ല. ഞാൻ കഴിച്ചു തീരും മുൻപേ അമ്മ എന്റെ  പാത്രമെടുത്തോണ്ടു പോവും. ഞാൻ അമ്മയോട് കരഞ്ഞു പറയും. അമ്മ കേൾക്കില്ല. ഞാൻ പറയുന്നത്  അമ്മയ്ക്ക് മനസ്സിലാവാത്തില്ല  അതാ പ്രശ്നം. അച്ഛന് മനസ്സിലാവും. പക്ഷേ അച്ഛൻ

അമ്മേടെ മുൻപിൽ വരത്തില്ല. വന്നാ അച്ഛൻ വിറയ്ക്കും. അച്ഛൻ വലിയൊരു കുടുംബത്തിലെ എളെ ആളായിരുന്നു. കൊറേ വസ്തൂം കാശുമൊക്കെ അങ്ങോട്ട് കൊടുത്താ അച്ഛനെ അമ്മേക്കു കെട്ടിച്ചു കൊടുത്തെ. അമ്മേടെ രണ്ടാം കെട്ടായിരുന്നു. അങ്ങേരു അമ്മെ കളഞ്ഞിട്ട് പോയതാ. സൈക്കിള് റിപ്പയറു ചെയ്യുന്ന ഗോപാലൻ ചേട്ടൻ അപ്പറത്തെ റേഷൻ കടേലെ ഉമ്മച്ചനോട് പറേന്നത്  ഞാൻ കേട്ടിട്ടുണ്ട്  കുട്ടനെ  പരമൂന്  അദ്ധ്വാനിക്കാതെ കിട്ടിയതാണെന്ന്. അവന്റച്ഛൻ മറ്റവനാ. അവളുടെ ആദ്യ ഭർത്താവ്. ഞാൻ അമ്മയോട് ചോദിക്കാനൊന്നും പോയിട്ടില്ല. ചോദിച്ചാലും അമ്മേക്ക് മനസ്സിലാവില്ല. അച്ഛനോട് ചോദിക്കാൻ മനസ്സുവന്നില്ല. പാവം! പക്ഷേ ഞാൻ വിശ്വസിച്ചിട്ടില്ല ഇതുവരെ. എന്റച്ഛൻ പരമു തന്നെയാ. അല്ലെങ്കിൽ പിന്നെങ്ങനെയാ ഞാൻ അച്ഛനെപ്പോലെയാവുന്നത്? അച്ഛന് എന്നെ  വലിയ ഇഷ്ടമായിരുന്നു. അതുകൊണ്ടല്ലെ  അമ്മയോട് ചോദിക്കാതെ കുറച്ചു വസ്തു അച്ഛൻ എന്റെ പേരിൽ എഴുതിവച്ചത്. ഇഷ്ടമായതുകൊണ്ടല്ലെ സൂക്കേട് കൂടി മരിക്കാൻ നേരം അച്ഛന് എൻറെ മടിക്കിടന്ന് മരിക്കണമെന്ന് പറഞ്ഞത്. അതിനും അമ്മ സമ്മതിച്ചില്ല. അന്ന് എനിക്ക് നല്ല ദേഷ്യം വന്നു. ഞാൻ അമ്മെ പിടിച്ചൊരു തള്ളു വച്ചുകൊടുത്തു. അമ്മ കുറച്ചു ദൂരെ പോയി വീണു. എനിക്ക് നല്ല

ബലമാണല്ലോ. അന്ന് മാത്രമേ ഞാൻ അങ്ങനെ ചെയ്തിട്ടുള്ളൂ കേട്ടൊ. ഞാൻ അച്ഛന്റെ തലയെടുത്ത് എന്റെ മടിയിൽ വെച്ചു. അച്ഛൻ ചിരിച്ചു. പിന്നെ മരിച്ചു. അച്ഛൻ ചിരിക്കുന്നത് ഞാൻ അന്നാണ് കാണുന്നത്.

ഞാൻ വളർന്നു. അനിയത്തിമാരും വളർന്നു. അവരു വളർന്നത് മാത്രമേ അമ്മ കണ്ടിട്ടുള്ളൂ. ഞാൻ വളർന്നത് സത്യത്തിൽ ഞാനും കണ്ടിട്ടില്ല. എങ്ങനെയൊ  വളർന്നു. അനിയത്തിമാർക്കൊക്കെ നല്ല പഠിപ്പുണ്ടായിരുന്നു. അവരു ജോലിക്കാരായി. എനിക്ക് പഠിപ്പുമില്ല. ജോലിയുമില്ല.  വീടുകളിലൊക്കെ ഞാൻ വിറകു കീറികൊടുക്കാൻ പോവുമായിരുന്നു.  അതാണെന്റെ ജോലി. ഒരിക്കൽ ഒരു വലിയ വീട്ടിൽ വിറകു കീറാൻ പോയി. പ്ലാന്തടിയായിരുന്നു. അന്നേരമാ ഞാനൊരു ചിരി കണ്ടത്.  അന്നുവരെ അങ്ങനെത്തെയൊരു ചിരി ഞാൻ കണ്ടിട്ടില്ല. എനിക്കാരും തന്നിട്ടുമില്ല. പ്ലാന്തടി വിറകായി മാറിയത് ഞാനറിഞ്ഞില്ല. എങ്ങനറിയും അഴകുള്ള ചിരിയല്ലേ ഉള്ളം നിറയേ. ആ പാവാടക്കാരിയുടെ ചിരി കാണാൻ വേണ്ടി അവരുടെ വീട്ടിലെ പറമ്പു മുഴവൻ ഞാൻ കിളച്ചു വൃത്തിയാക്കി. വലിയ മരത്തെക്കേറി വളർന്നു കിടക്കുന്ന കൊമ്പുകളെല്ലാം  മുറിച്ച് വിറകാക്കി കൊടുത്തു.   അങ്ങനെ ചിരി വളർന്നു . വളരുന്ന മരങ്ങളിലെ കൊമ്പുകൾ മുറിഞ്ഞു വീണു. അവയെല്ലാം വിറകായി. എനിക്കവളോട് പ്രേമം കൂടി.

അവൾക്കും. ഞങ്ങൾ മിണ്ടിത്തുടങ്ങി.  എന്നെ അവൾ  അപ്പുക്കുട്ടാന്നു വിളിച്ചു തുടങ്ങി. ഗൗരിയെ ഞാൻ പൂവേ എന്നും. പൂപോലെയായിരുന്നു  ഗൗരി. ഞാൻ പറയുന്നത്  അവൾക്ക് മനസ്സിലായില്ല. പ്രേമം കൂടിക്കൂടി വന്നപ്പോൾ അവൾക്ക് ഞാൻ പറയുന്നത് മനസ്സിലായിത്തുടങ്ങി. അച്ഛനും അവൾക്കും മാത്രമേ ഞാൻ പറയുന്നത് മനസ്സിലായിട്ടുള്ളൂ. അമ്മേടെ തല്ലിന്റെ വേദന വിരിപ്പു കണ്ടത്തിനു നടുവിലെ  വട്ടക്കുന്നേലുള്ള മുളങ്കാട്ടിൽ അവളുടെ മടിയിൽ കിടന്ന് ഞാൻ കരഞ്ഞു തീർത്തു. ഞാൻ പ്രേമം വളർത്തുന്ന തിരക്കിലായി. ഇതിനിടയിൽ അമ്മ അനിയത്തിമാരെ രണ്ടുപേരെയും കെട്ടിച്ചയച്ചു. അച്ഛൻ എനിക്കു തന്ന പുരയിടം അമ്മ സേമിയ പായസം ഉണ്ടാക്കി വയറ് നിറച്ചു കുടിപ്പിച്ച് എഴുതി മേടിച്ചു. എനിക്ക് സേമിയ പായസം ഒത്തിരി ഇഷ്ടമാണെന്ന് അമ്മയ്ക്കറിയാം. അമ്മ ആ പുരയിടം  ഏറ്റോം എളെ അനിയത്തിക്കെഴുതിക്കൊടുത്തു. ഒരു ദിവസം അമ്മ പറഞ്ഞു ഇറങ്ങി പോകാൻ. ഞാൻ പോയി. മുളങ്കാട്ടിൽ അവളുടെ മടിയിൽ കിടന്ന് ഞാൻ പൊട്ടിക്കരഞ്ഞു. അവൾ എൻറെ കണ്ണുനീര് തുടച്ചു. അവൾ എനിക്കൊരുമ്മ തന്നു. ഞാൻ കൊടുത്തില്ല. എനിക്ക് പേടിയായി. അവൾ പിന്നേം എനിക്കുമ്മ തന്നു. ഞാൻ ഒഴുകി അവളുടെ ദേഹത്തൂടെ. അവൾ എന്റെ ഒഴുക്കിനെ വഴിതിരിച്ചു വിട്ടു.   അവൾ

വെട്ടിത്തന്ന ചാലിലൂടെല്ലാം ഞാനൊഴുകി. കാറ്റടിച്ചു. മുളങ്കാടിളകി. ഞങ്ങൾ പറന്നു. അവൾ ചിരിച്ചു. ഞാൻ കരഞ്ഞുകൊണ്ട് ചിരിച്ചു. ഞാൻ വീട്ടിലേക്ക് കേറിചെന്നു. എനിക്ക് വിശക്കുന്നു എന്ന് അമ്മയോട് പറഞ്ഞു. അവിടിരിപ്പുണ്ട്. വേണെങ്കി എടുത്ത് കഴിക്ക്  എന്നമ്മ പറഞ്ഞു. ഞാൻ വയറ് നിറച്ച് കഴിച്ചു. പിന്നെറങ്ങിപ്പോയി. പൂവ് എന്നെ കല്യാണം കഴിക്കണമെന്ന് വാശി പിടിച്ചു. ഞാൻ അമ്മയോട് പറഞ്ഞു. അമ്മ എന്നെ ചൂലുംകെട്ടിനു കൊറേ തല്ലി.

അവൾ മുളങ്കാട്ടിൽ വരാതായി. അവളിപ്പോൾ ചിരിക്കാറില്ലെന്നറിഞ്ഞു. അവളുടെ വീട്ടു പറമ്പിലെ  മരങ്ങളുടെ കൊമ്പുകളെല്ലാം വളർന്നു പന്തലിച്ചു. ഞാൻ മുളങ്കാട്ടിൽ ഒറ്റയ്ക്കിരുന്നു കരഞ്ഞു. ഒരു വെളുപ്പാൻകാലത്ത്  പൂവ് തൂങ്ങി ചത്തു. ഞാൻ തോട്ടിലെ വെള്ളത്തിൽ മുങ്ങാം കുഴിയിട്ടു.  പിന്നെ അലറിക്കരഞ്ഞു. തൂങ്ങിയതാണൊ തൂക്കിയതാണൊന്നും അറിയില്ല. പൂവ് വീണു. ഞാൻ വീട്ടിൽ കേറാതെയായി. വിറകു കീറി കീറി ഞാൻ തളർന്നു. വിശപ്പു സഹിക്കാതായപ്പോൾ ഒരു ദിവസം ഞാൻ വീട്ടിൽ കേറിചെന്നു. അമ്മ കൊറേ ചീത്ത വിളിച്ചു. പിന്നെ പിഞ്ഞാണം നിറയേ പഴങ്കഞ്ഞി വിളമ്പിത്തന്നു. ഒരു ദിവസം അമ്മ സേമിയാപ്പായസം വെച്ചു. എന്റെ വയറ് നിറഞ്ഞു കഴിഞ്ഞപ്പോൾ അമ്മ എന്നോട് ഒരുത്തിയുടെ കാര്യം പറഞ്ഞു. ഞാൻ അവരെ കെട്ടണമെന്ന് നിർബന്ധിച്ചു. ഞാൻ

കെട്ടത്തില്ലെന്ന്  പറഞ്ഞപ്പൊ അമ്മ എനിക്ക് വീണ്ടും സേമിയപ്പായസം വിളമ്പി. ഞാൻ സമ്മതിച്ചു. രണ്ട് കെട്ടിയവളുടെ സ്വത്തിലായിരുന്നു അമ്മയുടെ കണ്ണ്. ഞാൻ സുമതിയെ കെട്ടി. അവൾ രാത്രിയിൽ എൻറെ മുകളിരുന്നു കുലുങ്ങി. എനിക്ക് വേദനിച്ചു. ഞാനപ്പോൾ പൂവിനെ ഓർത്തു. സുരേഷിന്റെ വീട്ടിൽ വിറകു കീറാൻ പോയപ്പോൾ അവൻ ഒളിച്ചിരുന്ന് ടീവിയിൽ കാണുന്നത് ഞാൻ കണ്ടിട്ടുണ്ട്. സുമതിയെ എനിക്ക് പേടിയായി തുടങ്ങി. ഒരു ദിവസം സുമതി  ഓട്ടോറിക്ഷക്കാരൻ തോമസ്സിന്റെ മുകളിലിരുന്ന് കുലുങ്ങുന്നത് ഞാൻ ഒളിച്ചു കണ്ടു. തോമസ് ചിരിച്ചുകൊണ്ട് അവളെ തഴുകുന്നതും ഞാൻ കണ്ടു. സുമതി പ്രസവിച്ചു. കൊച്ചെന്റെതല്ലെന്ന് എനിക്കറിയാം. തോമസ്സിനെപ്പോലിരിക്കുന്നവനെക്കൊണ്ട് സുമതി എന്നെ അച്ഛാന്ന് വിളിപ്പിച്ചു. അമ്മ സുമതിയുടെ കുറച്ച് സ്വർണം അടിച്ചു മാറ്റി. എങ്ങനെയാണെന്ന് എനിക്കറിയില്ല. സുമതി ഞാൻ കട്ടതാണെന്ന് പറഞ്ഞെന്നെ തല്ലി. എന്നോടിറങ്ങി പോകാൻ പറഞ്ഞു. എന്റെ വീടല്ലെങ്കിലും, എൻറെ മോനല്ലെങ്കിലും ഞാൻ അവിടെത്തന്നെ താമസിച്ചു. അവൻ വളർന്നു. സുമതി എന്നെ വെറുത്തു. ഞാൻ പൂവിനെ ഓർത്തിരുന്ന് കരഞ്ഞു. ഇത്രേയുള്ളൂ കഥ.

കഥ പറഞ്ഞു പറഞ്ഞു നമ്മളിങ്ങെത്തി. ഇപ്പോ

ട്രെയിൻ വരും.  നിങ്ങൾക്ക് ഞാൻ പറഞ്ഞതു വല്ലതും മനസ്സിലായോ? എങ്ങനെ മനസ്സിലാവും? ഞാൻ പൊട്ടനല്ലെ. ട്രെയിൻ ചീറിപ്പാഞ്ഞു വരുന്നുണ്ട്. ഞാൻ പൂവിനെ കാണാൻ പോവാ. നിങ്ങള് പൊയ്ക്കോ. ഇവിടെ നിക്കണ്ട. ചോര തെറിക്കും. ട്രെയിനെത്തി. എന്നാ വിട്ടോ...!

**അച്ഛൻ എനിക്കു തന്ന പുരയിടം അമ്മ സേമിയ പായസം ഉണ്ടാക്കി വയറ് നിറച്ചു കുടിപ്പിച്ച് എഴുതി മേടിച്ചു. എനിക്ക് സേമിയ പായസം ഒത്തിരി ഇഷ്ടമാണെന്ന് അമ്മയ്ക്കറിയാം. അമ്മ ആ പുരയിടം  ഏറ്റോം എളെ അനിയത്തിക്കെഴുതിക്കൊടുത്തു. ഒരു ദിവസം അമ്മ പറഞ്ഞു ഇറങ്ങി പോകാൻ. ഞാൻ പോയി. മുളങ്കാട്ടിൽ അവളുടെ മടിയിൽ കിടന്ന് ഞാൻ പൊട്ടിക്കരഞ്ഞു. അവൾ എന്റെ കണ്ണുനീര് തുടച്ചു. അവൾ എനിക്കൊരുമ്മ തന്നു. ഞാൻ കൊടുത്തില്ല. എനിക്ക് പേടിയായി. അവൾ പിന്നേം എനിക്കുമ്മ തന്നു. ഞാൻ ഒഴുകി അവളുടെ ദേഹത്തൂടെ. അവൾ എന്റെ ഒഴുക്കിനെ വഴിതിരിച്ചു വിട്ടു.   അവൾ**

**വെട്ടിത്തന്ന ചാലിലൂടെല്ലാം ഞാനൊഴുകി. കാറ്റടിച്ചു. മുളങ്കാടിളകി.**

**സനൽ വി**

പരേതനായ വിജയ കുമാരൻ നായർ,കമലമ്മ ദമ്പതികളുടെ മകനായി 1972 ൽ ആലപ്പുഴ ജില്ലയിലെ ചെന്നിത്തലയിൽ ജനനം.  ഇരുപത്തഞ്ചു വർഷത്തോളം  ബോർഡർ റോഡ്സ് ഓർഗനൈസേഷനിൽ യൂ ഡി ക്ലർക്കായി സേവനം അനുഷ്ഠിച്ചു. 2019 മാർച്ചിൽ വിരമിച്ചു. ഇപ്പൊൾ മാവേലിക്കര താലൂക്കിൽ മുള്ളിക്കുളങ്ങരയിൽ താമസം. ഭാര്യ : രശ്മി സനൽ  മക്കൾ : കൃഷ്ണ ,വൈഷ്ണവ്

ഫോൺ.:  8590061034 E -mail.: sanalkumar005@gmail.com

**ഇന്ത്യയ്ക്കു മാതൃകയായ കേരള വനിതകൾ**

ആദ്യ ഡോക്ടർ, സർജൻ, മെഡിക്കൽ ഓഫീസർ
- ഡോ.മേരി പുന്നൻ

ആദ്യ ചഫീ എഞ്ചിനീയർ
- ത്രേസ്യാമ്മ

ആദ്യ ഐ.എ.എസ്
- അന്നാ ജോർജ് (അന്ന മൽഹോത്ര)

ഭരണഘടന സമിതിയിലെ കേരളത്തിൽനിന്നുള്ള വനിത
- ദാക്ഷായണി വേലായുധൻ

ആദ്യ ഹൈക്കോടതി ജഡ്ജി
- അന്നാ ചാണ്ടി

ആദ്യ സുപ്രീം കോർട്ട് ജഡ്ജ്
- ഫാത്തിമ ബീവി

കേരളത്തിൽ നിന്നുള്ള ആദ്യ രാജ്യസഭ അംഗം
- ഭാരതി കെ.

## ഒക്ടോബർ

### ജനനം

01 നെല്ലിക്കൽ മുരളീധരൻ 1948
02 ഐ.കെ.കെ മേനോൻ 1919
06 ചുമ്മാർ ചുണ്ടേൽ 1940
മാലി (മാധവൻനായർ) 1915
കാരാട്ട് അച്യുതമേനോൻ 1866
08 വക്കം മൗലവി 1873
09 ഇ.കെ.നായനാർ 1919
വി.ദക്ഷിണാമൂർത്തി 1919
10 എം.എൻ.ഗോവിന്ദൻനായർ 1910
അമ്പലപ്പുഴ രാമവർമ്മ 1925
11 സുബ്രഹ്മണ്യഭാരതി 1882
പാലാ നാരായണൻനായർ 1911
12 അമ്പാടി കാർത്ത്യായനിയമ്മ 1895
15 സി.ഭാസ്കരൻ 1945
17 പി.ഭാസ്കരനുണ്ണി 1926
ഡോ.കെ.എം.പ്രഭാകരവാര്യർ 1933
18 പ്രൊഫ.എ.ശ്രീധരമേനോൻ 1925
23 ടികെസി വടുതല 1921
ആർ.സുഗതൻ 1901
24 സി.പി.ശ്രീധരൻ 1931
25 ഐ.സി.ചാക്കോ 1875
ഡോ.പി.കെ.നാരായണപിള്ള 1910
ചേങ്ങാരപ്പിള്ളി നാരായണൻപോറ്റി 1917
26 കാലടി ഗോപി 1929
ആർ.നരേന്ദ്രപ്രസാദ് 1946
ഇടയാറന്മുള വർഗീസ് 1908
27 എൻ.എൻ.പിള്ള 1918
എൻ.പി.മുഹമ്മദ് 1929
28 ഡി.എം.പെറ്റെക്കാട്ട് 1923
ബോധേശ്വരൻ 1901
29 പിണ്ടാണി എൻ.ബി.പിള്ള 1929

### ചരമം

02 മേരി ജോൺ കൂത്താട്ടുകുളം 1998
സി.എൻ.ബാലൻ 1994
അകവൂർ നാരായണൻ 2009
03 കെ.എം.ഗോവി 2013
04 കെ.എം.കൊടുങ്ങല്ലൂർ 1989
കെ.തായാട്ട് 2011
വി.ആർ.കൃഷ്ണയ്യർ 2014
07 തോമസ് പാല 1997
08 നടുവത്തച്ഛൻ നമ്പൂതിരി 1912
തോപ്പിൽ ഭാസി 1992
09 കൈനിക്കര കുമാരപിള്ള 1988
10 കെ.എം.പണിക്കർ 1963
എം.പി.അപ്പൻ 2003
13 മാതയിൽ അരവിന്ദ് 2010
14 കെ.പി.അപ്പൻ 2008
14 എ.പി.ഉദയഭാനു 1999
17 എ.ബാലകൃഷ്ണവാരിയർ 1997
18 കേസരി ബാലകൃഷ്ണപിള്ള 1960
സി.എൻ.ശ്രീകണ്ഠൻനായർ 1976
കെ.രാധാകൃഷ്ണൻ 2001
വിദ്വാൻ ടി.പി.രാമകൃഷ്ണപിള്ള 1993
എസ്.കെ.മാരാർ 2005
19 പാപ്പനംകോട് പ്രഭാകരൻ 2005
20 പി.എ.സെയ്തുമുഹമ്മദ് 1975
22 വൈലോപ്പിള്ളി ശ്രീധരമേനോൻ 1985
പ്രവിത്താനം പി.എം.ദേവസ്യ 1996
എ.പി.പി.നമ്പൂതിരി 1991
പാലാ കെ.എം.മാത്യു 2010
പി.എം.ആന്റണി 2011
23 കെ.കരുണാകരൻ 2010
24 ചെറൂളിയിൽ കുഞ്ഞുണ്ണി നമ്പീശൻ 1966
കടത്തനാട്ട് മാധവിയമ്മ 1999
പി.സി.കോരുത് 1967
കെ.കെ.രാമൻ 2002
25 എം.എസ്.ദേവദാസ് 1987
26 കാർട്ടൂണിസ്റ്റ് ശങ്കർ 1989
പള്ളിക്കര വി.പി.മുഹമ്മദ് 1994
കെ.സരസ്വതിയമ്മ 1975
സ്വാതിതിരുനാൾ 1847
27 മലയാറ്റൂർ രാമകൃഷ്ണൻ 1997
വി.പനോളി 2001
28 ഫാ.വടക്കൻ 2002
30 പാറപ്പുറത്ത് 1981
പി.ടി.ഭാസ്കരപ്പണിക്കർ 1997
31 കെ.സി.മാമ്മൻമാപ്പിള 1953
ടി.എം.വറുഗീസ് 1961
വി.വി.കെ.വാലത്ത് 2000

### വിചിന്തനം

*ഓരോ പ്രഭാതവും ഓരോ പ്രതീക്ഷയോടെയായിരിക്കട്ടെ. ഉറക്കം വിട്ടുണരുന്നതോടെ നിങ്ങൾ മറ്റൊരാളായി ചിന്തയിൽ മാറേണ്ടതുണ്ട്. പുതിയ കാര്യങ്ങൾക്കായി മനസ്സിനെ ഇണക്കിച്ചേർക്കേണ്ടതുണ്ട്. ശ്രമത്തോടെയാണ് എല്ലാം ആരംഭിക്കുന്നത്. അത് പരാജയവും വിജയവുമായിരിക്കാം. പരാജയം നേരിട്ടവർക്ക് വിജയത്തിലേക്കുള്ള വഴികൾ സ്വപരിശ്രമത്താൽ തുറക്കപ്പെടും. അതിനാഗ്രഹം ഉണ്ടാകണം; ഇച്ഛാശക്തിയുണ്ടാകണം. വീണു എന്നതലല്ല കാര്യം; വീണിടത്തുന്നും എഴുന്നേൽക്കുക എന്നതിലാണ്.*

**കവിത**

# സമാന്തരങ്ങൾ

**ഡി. കിരൺ ഏവൂർ**

**ഓർ**മ്മ തൻ പാളത്തിലൂടിന്നു ഞാനെന്റെ
ബാല്യത്തിലേക്കൊന്നു യാത്രപോകെ
ഗ്രാമവഴികളിൻ വേലിപ്പടർപ്പില
ന്നെന്തെല്ലാം പൂക്കൾ വിരിഞ്ഞിരുന്നു
അതിരില്ലാ മതിലില്ലാ നാട്ടിലെല്ലാ
മാമോദം പൂത്തു വിടർന്നിരുന്നു
വേനൽ മഴയിൽ കുതിർന്നൊരാ
മാഞ്ചോട്ടിൽ മാമ്പൂ മണമങ്ങുയർന്നിരുന്നു
നാസികക്കുള്ളിൽ ത്രസിക്കുമാ ഗന്ധമെ
ന്താനന്ദപൂരിതമായിരുന്നു
എന്തു മധുരമാണന്നത്തെ കാഴ്ചകൾ
കണ്ണിനു പൊൻകണി വച്ചപോലെ
പച്ച വിരിച്ചൊരാ പാടത്തിൻ മാറിലായ്
മന്ദാനിലൻ വന്നു പുല്കുന്നേരം
നാണത്താൽ കൂമ്പും മിഴികളുമായ് നില്പ്പൂ
കുഞ്ഞു ഞാറൊന്നു തലയുമാട്ടി
കാറ്റിലാടി മെല്ലെ പ്പാറുന്നുണ്ടോമന
തൂക്കണാം കുരുവികളോലത്തുമ്പിൽ
കറുകപ്പുൽനാമ്പുകളാർത്തിയാൽ തിന്നും
പൂവാലിപ്പയ്യുകൾ മേയും മേടും
മാനത്തിൻ മുറ്റത്തുകുടമണിയാട്ടി
തെന്നലിൻമാറിലലിയും കൊണ്ടൽ
കാലത്തെഴുന്നേറ്റു കന്നും കലപ്പയു
മായി വയലിൽ പണിയെടുക്കാൻ
കരിവീട്ടിതോല്ക്കുമാ പൂരുഷന്മാർക്കൊപ്പം
പാടം നിറയും തരുണികളും
പൊരിവെയിൽ തോറ്റുപോമദ്ധ്വാനശീലരാം
മണ്ണിന്റെ പൊന്മക്കളായിരുന്നു
നാടിനെയെന്നുമന്നമൂട്ടുന്നൊരു
തൊഴിലാളി സോദരരായിരുന്നു
ചേറിൽപ്പണിയുമാകർഷക മേനിയിൽ
മുത്തു പോൽവേർപ്പു തിളങ്ങി നിന്നു
പൊൻ നിറമോലും കതിരണിപ്പാടമെൻ
കണ്ണുകൾക്കുത്സവമായിരുന്നു
നാലുമണിപ്പൂവിൻപുഞ്ചിരിയെത്രയോ
നാളുകൾ കണ്ണിൽനിറഞ്ഞിരുന്നു
നാരായണനാമംചൊല്ലി ഞാനെത്രയോ
സന്ധ്യകൾ ഭക്തിയിലാണ്ടിരുന്നു
കാലചക്രം തിരിഞ്ഞന്നെന്റെ
ജീവനിൽ ബാല്യ കുതൂഹലം
മാഞ്ഞു പോയി
കൗമാരസുന്ദരസൗഭാഗ്യമേറ്റെന്റെ
മനവും തനുവും തുടിച്ചു നില്ക്കെ
അന്നു ഞാൻ കാണും കിനാക്കളിലെല്ലാം നി
ന്നോമനപ്പൂമുഖം
പൂത്തിരുന്നു ആരു നീ
ഭദ്രേയെൻ മാനസവാടിയിൽ
പൂത്തു വിരിഞ്ഞ നിശാഗന്ധിയോ ?
ഇന്നെന്റെ ഹൃത്തിന്റെ താഴ്വരയാകെ നീ
ആകെക്കുളിർമഴയായി പെയ്തു
കാലപ്രവാഹത്തിന്നനന്തമാം യാത്രയിൽ
നീയുമന്നേതോ ചുഴിയിൽ മുങ്ങീ
മറുകര കാണാതെ തുഴഞ്ഞു ഞാനു
മൊരേകാന്ത തീരത്തണഞ്ഞു
വല്ലോ വേർപിരിഞ്ഞല്ലോ നാമെന്തൊരു
ദുർവ്വിധി
കാണുവാൻ പോലും കഴിഞ്ഞിടാതെ !
നിന്നെത്തിരഞ്ഞു ഞാനെത്രയോ നാളുകൾ
കേണുപോയന്നൊരു
വേഴാമ്പലായ് പെയ്തില്ലെൻ
കൺമുന്നിലായൊരു നാളും നീ
കുളിരിൻ പുതുമഴയായി മണ്ണിൽ
കണ്ടുമുട്ടാത്ത സമാന്തരങ്ങളാമിരു
വീഥിയായ് നാമകന്നു പോകെ
യാത്രാമൊഴി പോലുമോതുവാനാകാതെ
മൗനത്തിൻ കൂട്ടിലൊളിച്ചു നമ്മൾ
ഒടുവിൽ നീയെത്തുമ്പോൾ ചൂടിയ്ക്കാൻ
ഞാൻ കോർത്ത
താമരമാല കരിഞ്ഞു പോയി !
കാത്തു കാത്തിന്നുമിരിക്കുന്നു
ഞാനെന്റെ കാണാക്കിനാ
വൊന്നു പൂവണിയാൻ !

*വൃത്തം: മഞ്ജരി*



പുസ്തക പരിചയം

**ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ ചരിത്രകഥകൾ**
സമാഹരണം, സംശോധനം
**ഡോ.പോൾ മണലിൽ**
എം.ഒ.സി.പബ്ലിക്കേഷൻസ്, കോട്ടയം
വില: 600 രൂപ



# ചിത്രമെഴുത്തിന്റെ ഐതിഹ്യമാല 2

ഡോ. പോൾ മണലിൽ

**സാഹിത്യരചനകൾ**

ചിത്രമെഴുത്തിന്റെ രചനകളിൽ കല്ലൂർ ഫിലിപ്പോസ് ആശാൻ, പൗവ്വത്തിക്കുന്നേൽ കുടംബചരിത്രം, 'ശ്രീചക്രം' എന്ന നോവൽ എന്നിവ ഒഴിച്ചു എല്ലാ കൃതികളും പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വലിയ മാർദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും (1929) നെല്ലിമൂട്ടിലമ്മച്ചി, തച്ചിൽ മാത്തൂത്തരകന്റെ തങ്കക്കൊമ്പൻ (1929) വേണാടിന്റെ നടുത്തൂൺ അഥവാ പുണ്യവാളനായ ശവരിയാർ, മാർ മാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി, അഞ്ചാം മാർത്തോമ്മായുടെ പീഢാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം (1987) എന്നീ ചാരിത്രിക കഥകളും ചിട്ടിത്തലയാൾ എന്ന നോവലും സുറിയാനി ക്രിസ്താനികളുടെ രാജ്യരക്ഷാപുരുഷത്വം, കേരളീയ നസ്റാണികളുടെ രാഷ്ട്രീയ സേവനം (1936) എന്നീ ചരിത്രഗ്രന്ഥങ്ങളും ചെങ്കോലും മുരളിയും എന്ന ഗദ്യകവിതാസാമാഹരവും സുചരിതമുകുരം (1950) എന്ന കഥാ സമാഹാരവുമാണ് പുസ്തകരൂപത്തിൽ വന്നിട്ടുള്ളത്. സുചരിതമുകുരം പ്രസാധനം ചെയ്തതു മാവേലിക്കരയിലെ അഡ്വ. കെ.ഒ. മാത്യു വള്ളക്കാലിയാണ്. സമാഹരിക്കപ്പെടാതെ കിടക്കുന്ന ലേഖനങ്ങളും കഥകളും വേറെയും ഉണ്ട്.



> **വലിയ മാർദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും (1929) നെല്ലിമൂട്ടിലമ്മച്ചി, തച്ചിൽ മാത്തൂത്തരകന്റെ തങ്കക്കൊമ്പൻ (1929) വേണാടിന്റെ നടുത്തൂൺ അഥവാ പുണ്യവാളനായ ശവരിയാർ, മാർ മാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി, അഞ്ചാം മാർത്തോമ്മായുടെ പീഢാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം (1987) എന്നീ ചാരിത്രിക കഥകളും ചിട്ടിത്തലയാൾ എന്ന നോവലും സുറിയാനി ക്രിസ്താനികളുടെ രാജ്യരക്ഷാപുരുഷത്വം, കേരളീയ നസ്റാണികളുടെ രാഷ് ട്രീയ സേവനം (1936) എന്നീ ചരിത്രഗ്രന്ഥങ്ങളും ചെങ്കോലും മുരളിയും എന്ന ഗദ്യകവിതാസാമാഹരവും സുചരിതമുകുരം (1950) എന്ന കഥാ സമാഹാരവുമാണ് പുസ്തകരൂപത്തിൽ വന്നിട്ടുള്ളത്.**

ചിത്രമെഴുത്തിന്റെ ആത്മകഥ 2002-ൽ ഡോ. സുകുമാർ അഴിക്കോടിന്റെ അവതാരികയോടെയാണ് പ്രസിദ്ധീകരിച്ചത്. കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം 2013-ൽ കെ. വി. മാമ്മന്റെ അവതാരികയോടെയും പുറത്തിറക്കി. വേണാടിന്റെ നടുത്തൂണിനു കെ.സി.മാമ്മൻ മാപ്പിളയും സുചരിതമുകുരത്തിനു മുൻ കേന്ദ്ര ഗവ. സെക്രട്ടറി പി.സി.മാത്യു ഐ.സി.എസ്സും ചിട്ടിത്തലയാളിനു ഇ. എം. കോവൂരുമാണ് അവതാരിക എഴുതിയത്. പഞ്ചകല്യാണിയുടെ പുതിയ പതിപ്പിനും(2013) നെല്ലിമൂട്ടിലമ്മച്ചിയുടെ പുതിയ പതിപ്പിനും (2015) ഡോ. പോൾ മണലിൽ അവതാരിക എഴുതി. 'അഞ്ചാം മാർത്തോമ്മായുടെ പീഢാനുഭവം' ഒഴിച്ചുള്ള എല്ലാ ചരിത്ര കഥകളും 'മലയാള മനോരമ'യിലാണ് ആദ്യം അച്ചടിച്ചു വന്നത്. പിന്നീട് മലയാള മനോരമ തന്നെ ഇവ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ചിട്ടിത്തലയാൾ പ്രസിദ്ധപ്പെടുത്തി യതു പുളിക്കീഴ് ഭാഗ്യോദയം പ്രസ് ഉടമയായിരുന്ന പി.സി. കോരുതായിരുന്നു. തച്ചിൽ മാത്തൂത്തരകന്റെ തങ്കക്കൊമ്പൻ, പഞ്ചകല്യാ ണി, വലിയമാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും എന്നീ ഗ്രന്ഥങ്ങൽ 1987-ൽ കോട്ടയത്തെ എം.ഒ.സി. പബ്ലിക്കേഷൻസ് വീണ്ടും പ്രസിദ്ധപ്പെടുത്തി.

**'പഞ്ചകല്യാണി'വിവാദം**

ചിത്രമെഴുത്തിന്റെ 'പഞ്ചകല്യാണി' സുദീർഘമായ ഒരു വിവാദത്തിലൂടെ ശ്രദ്ധേയമായി. പ്രസ്തുതഗ്രന്ഥം നിരൂപണം ചെയ്തുകൊണ്ട് മന്നത്തു പത്മനാഭൻ 'സർവീസ്' പത്രത്തിന്റെ 1103 മീനം 27 മുതൽ 1103 കർക്കടം 27 വരെയുള്ള ലക്കങ്ങളിൽ ആറരമാസം നീണ്ടുനിന്ന ഒരു പരമ്പര പ്രസിദ്ധപ്പെടുത്തി – 'മാർ മാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണിയും ചിത്രമെഴുത്തു കെ.എം. വർഗീസും' എന്ന പേരിൽ. ഈ വിമർശനത്തെ വിമർശിച്ചുകൊണ്ട് ചിത്രമെഴുത്തു എഴുതിയതാണ് 'കേരള നസ്റാണികളുടെ രാഷ്ട്രീയ സേവനം'. ഇതു മലയാള മനോരമയിൽ പരമ്പരയായി പ്രസിദ്ധപ്പെടുത്തിയശേഷം 1111-ൽ തിരുവനന്തപുരത്തെ ജോൺ പീറ്റർ തോട്ടത്തിന്റെ കലാവിലാസിനി പ്രസ് പുസ്തകമായി പുറത്തിറക്കി. കെ.സി. മാമ്മൻ മാപ്പിളയുടെ അവതാരികയോടെ ഇറങ്ങിയ 'കേരളീയ നസ്റാണികളുടെ രാഷ്ട്രീയ സേവനം' വിദഗ്ദ്ധമായ ഒരു ചരിത്ര രചനയാണ്. ഈ ഗ്രന്ഥം ഇറങ്ങുന്നതിനു മുമ്പു എഴുതിയതാണ് 'സുറിയാനി ക്രിസ്ത്യാനികളും അവരുടെ രാജ്യരക്ഷാപുരുഷത്വവും'(1107). ചെങ്ങന്നൂർ ജോൺ മെമ്മോറിയൽ പ്രസിൽ അച്ചടിപ്പിച്ച ഈ ഗ്രന്ഥത്തിനു തിരുവനന്തപുരം സാനിട്ടറി ഡിപ്പാർട്ട്മെന്റ് മേലധികാരിയായിരുന്ന ജേക്കബ് ചാണ്ടിയാണ് അവതാരിക എഴുതിയത്.

തിരുവിതാംകൂർ, കൊച്ചി, മലബാർ സംസ്ഥാനങ്ങളിൽ അധിവസിച്ചിരുന്ന സുറിയാനി ക്രിസ്ത്യാനി സമൂഹത്തെ അത്യന്തം പൗരുഷത്തോടുകൂടി ഭരിച്ചിരുന്ന (1028–1052) പാലക്കുന്നതു മാർ മാത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അപദാനങ്ങൾ വാഴ്ത്തുന്നതിലൂടെ നസ്രാണികളുടെ പാരമ്പര്യത്തിലേക്കും അവരുടെ ശ്രേഷ്ഠജീവിതത്തിലേക്കും 'മാർ മാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി' എന്ന ചരിത്രകഥ കടന്നു ചെല്ലുന്നു.

**വേണാടിന്റെ നടുത്തൂൺ അഥവാ പുണ്യവാളനായ ശവരിയാർ**

സത്വഗുണ പ്രബലനും സർവ്വസംഗപരിത്യാഗിയുമായ വി.ശൗര്യാർ (St. Francis Xavier) മധുരപ്പടയെ തോല്പിച്ച് വേണാടിനും വേൾക്കുല രാജസിംഹാസനത്തിനും രക്ഷയരുളിയ സംഭവത്തിന്റെ ചിത്രീകരണമാണ് വേണാടിന്റെ നടുത്തൂൺ അഥവാ പുണ്യവാളനായ ശവരിയാർ. തിരുവിതാംകൂറിനെതിരായി പഴയാറ്റിന്റെ തീരത്ത് രണാങ്കണത്തിൽ പരന്ന വമ്പിച്ച വടുകപ്പടയെ തന്റെ തപപ്രഭാവത്താലും പ്രാർത്ഥനാശക്തിയാലും വിശുദ്ധ ശൗര്യാർ തോല്പിച്ചോടിക്കുന്ന സന്ദർഭത്തിൽ അദ്ദേഹത്തെ സഹായിപ്പാൻ ആകാശമണ്ഡലത്തിൽ ദിവ്യതേജോനിധികളായ ദേവദൂതസൈന്യങ്ങൾ അനലഖഡ്ഗങ്ങളുമായി പ്രത്യക്ഷപ്പെട്ടുവെന്നുള്ള ഐതിഹ്യത്തെയും ആധാരമാക്കിയാണ് ഈ ചരിത്രകഥ രചിച്ചിട്ടുള്ളത്.

വേണാടിന്റെ നടുത്തൂൺ പ്രൊഫ. കെ.ജെ. ആഗസ്റ്റിൻ എറണാകുളത്തെ എം.സി.വൈ.എൽ ഗ്രന്ഥശാലയുടെ നേതൃത്വത്തിൽ 1110 തുലാം 21-ാം തീയതി എറണാകുളം മഹാരാജാസ് കോളജിൽ നാടകമായി അവതരിപ്പിക്കുകയുണ്ടായി.

**നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി**

ചിത്രമെഴുത്ത് കെ. എം. വർഗ്ഗീസിന്റെ ചരിത്രരചനകളിൽ ഒന്നാണ് 1927-ൽ പ്രസിദ്ധീകരിച്ച 'നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി.' കോട്ടയം മ ലയാള മനോരമ പ്രസ്സിൽ അച്ച ടിച്ച് മലയാള മനോരമ കമ്പനി (ക്ലിപ്തം) പ്രസിദ്ധീകരിച്ച ഈ ലഘു ഗ്രന്ഥം ഒരു കഥ പോലെ വായിച്ചു രസിക്കാൻ കഴിയുന്ന ഒരു ചരിത്ര സംഭവമാണ്. ഗദ്യത്തിന്റെ അചുംബിതമായ സൗന്ദര്യംകൊണ്ടും, ഭാഷയുടെ അനർഗളമായ അനുഭൂതി പ്രസരിപ്പിക്കുന്ന മായാവിലാസംകൊണ്ടും, ആഖ്യാനശൈലിയുടെ മധുരിമകൊണ്ടും, അനർഘസുന്ദരമാണ് ഈ കൃതി. തിരുവിതാംകൂർ ചരിത്രത്തിലെ എഴുതപ്പെടാത്ത ഒരു ഏടാണ് ഈ കൃതിയിലെ ചരിത്രസംഭവമെന്നും എടുത്തു പറയേണ്ടതാണ്. എട്ടുവീട്ടിൽ പിള്ളമാരുടെ കിങ്കരന്മാരിൽ നിന്നും രക്ഷപ്പെട്ട് ഒളിവിൽ പാർത്തിരുന്ന കാലത്ത് ബാലനായ മാർത്താണ്ഡവർമ്മയ്ക്ക് ലഭിച്ച ഊഷ്മളമായ ഒരു സ്വീകരണത്തിന്റെ വിവർത്തനമാണ് 'നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി.' അടൂരിലെ നെല്ലിമൂട്ടിൽ കുടുംബത്തിലേക്ക് വിശന്നും ദാഹിച്ചും ക്ഷീണിച്ചും കടന്നുചെന്ന ബാലനായ മാർത്താണ്ഡവർമ്മയ്ക്ക് ആ കുടുംബത്തിലെ ഉണ്ണൂണ്ണിയമ്മച്ചി നല്കിയ അതിഥി സത്ക്കാരത്തിന്റെയും കരുതലിന്റെയും സ്നേഹത്തിന്റെയും കഥയാണിത്.

ഈ പുസ്തകത്തിന്റെ ചരിത്രപരമായ പ്രാധാന്യം മനസ്സിലാക്കാൻ തിരുവിതാംകൂർ ചരിത്രത്തിലേക്ക് കടന്നുചെല്ലണം. കൊല്ലവർഷം 881 (എ.ഡി. 1705–706) ജനിച്ച മാർത്താണ്ഡവർമ്മ കൊല്ലവർഷം 904 (എ.ഡി. 1729) ആണ് സിംഹാസനാരോഹണം നടത്തിയത്. മാർത്താണ്ഡവർമ്മയ്ക്ക് ഒരു വയസ്സായപ്പോൾ അച്ഛനും അമ്മയും അന്തരിച്ചതിനാൽ രാജഭരണം ഏറ്റെടുക്കുന്നതുവരെ ഒട്ടേറെ ഭീഷണികളെ അദ്ദേഹത്തിന് നേരിടേണ്ടി വന്നിട്ടുണ്ട്. ബാലനായ മാർത്താണ്ഡവർമ്മയെ വധിക്കാൻ എട്ടുവീട്ടിൽ പിള്ളമാർ കച്ചകെട്ടി ഇറങ്ങിയതോടെ അദ്ദേഹത്തിന് കൊട്ടാരത്തിൽ നിന്നും മാറി ഒളിവിൽ കഴിയേണ്ടി വന്നു. അക്കാലത്ത് അരങ്ങേറിയ ഒരു സംഭവമാണ് "നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി" എന്ന ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

മാർത്താണ്ഡവർമ്മ 23-ാം വയസ്സിലാണ് രാജഭരണം ഏറ്റെടുത്തത്. അദ്ദേഹത്തിന്റെ ഭരണകാലം (1729–58) ആധുനിക തിരുവിതാംകൂറിന്റെ ഉദയമായിരുന്നു. തൃപ്പാപ്പൂർ സ്വരൂപം എന്ന പേരിൽ അറിയപ്പെട്ടിരുന്ന വേണാട് രാജകുടുംബം, വേണാട്, പേരക്കാത്താവഴി (നെടുമങ്ങാട്), എളയിടത്ത് സ്വരൂപം (കൊട്ടാരക്കര), ദേശിംഗനാട് (കൊല്ലം) എന്നീ താവഴികൾ ചേർന്നുള്ളതായിരുന്നു. വേണാട് രാജാവിന്റെ ദൗർബല്യത്തെ പ്രഭുക്കന്മാർ മാത്രമുള്ള താവഴി അംഗങ്ങളും ചൂഷണം ചെയ്തുകൊണ്ടിരുന്നു. അവരൊക്കെ തരംകിട്ടുമ്പോൾ രാജാവിനെതിരേ പ്രവർത്തിച്ചുകൊണ്ടിരുന്നു. മാർത്താണ്ഡവർമ്മയുടെ ഭരണകാലത്താണ് താവഴികളെ നിലയ്ക്കു നിർത്തിയത്.

മാർത്താണ്ഡവർമ്മ ജനിക്കുമ്പോൾ ദുർബലമായ ഒരു ഭരണമായിരുന്നു വേണാട്ടിൽ ഉണ്ടായിരുന്നത്. അന്ന് രവിവർമ്മയുടെ ഭരണകാലമായിരുന്നു (1684–1718). അന്ന് വേണാട് രാജാധികാരത്തെ നിയന്ത്രിച്ചിരുന്ന പ്രബല ശക്തികളായ ഏഴരയോഗക്കാരും എട്ടുവീട്ടിൽ പിള്ളമാരും, രാജാധികാരത്തിന്റെ ബലഹീനത ചൂഷണം ചെയ്യുക മാത്രമല്ല, മിക്കപ്പോഴും അവർ വേണാട് രാജകുടുംബത്തിന്റെ താവഴിയിലെ ശത്രുപക്ഷക്കാരുടെ കൂടെ നിന്ന് കുഴപ്പങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. എട്ടര യോഗക്കാർ തിരുവനന്തപുരം ശ്രീപത്മനാഭക്ഷേത്രത്തിലെ ഊരാളന്മാരായിരുന്നു. എട്ടരയോഗക്കാരായിരുന്നു അന്ന് ക്ഷേത്രം ഭരിച്ചിരുന്നത്. ദേവസ്വം കാര്യങ്ങൾ തീരുമാനിക്കാൻ എട്ട് പോറ്റികൾ ഉണ്ടായിരുന്നു. ഈ എട്ടുപേരിൽ പോറ്റിമാർ മാത്രമല്ല നായന്മാരും ഉണ്ടായിരുന്നതായി പക്ഷമുണ്ട്. അവർക്ക് ഓരോരുത്തർക്കും തീരുമാനങ്ങൾ എടുക്കുമ്പോൾ ഒരു വോട്ട് വീതം ഉണ്ടായിരുന്നതിനാൽ രാജാവിന് അര വോട്ട് മാത്രമേ ഉണ്ടായിരുന്നുള്ളു.

ബാലനായ മാർത്താണ്ഡവർമ്മയുടെ മുഖ്യ ശത്രുക്കൾ എട്ടുവീട്ടിൽ പിള്ളമാരായിരുന്നു. ദേവസ്വം ഭൂമിയിൽ നിന്നും കരം പിരിക്കുന്ന എട്ടു പ്രബല നായർ കുടുംബങ്ങളിലെ നേതാക്കന്മാരെയാണ് എട്ടുവീട്ടിൽ പിള്ളമാർ എന്നു വിളിച്ചു വന്നത്. മാർത്താണ്ഡമഠം, രാമനാമഠം, കുളത്തൂർ, കഴക്കൂട്ടം, വെങ്ങാനൂർ, ചെമ്പഴന്തി, കുടമൺ, പള്ളിച്ചൽ എന്നിവയായിരുന്നു ഈ പ്രബലമായ കുടുംബങ്ങൾ. വേണാട് രാജാവിന് ഇവരുടെമേൽ യാതൊരു നിയന്ത്രണവും ഉണ്ടായിരുന്നില്ല. അതിനാൽ എട്ടുവീട്ടിൽ പിള്ളമാർ ശക്തരും പ്രമാണികളുമായി മാറി.

(തുടരും)

# കമ്പിളിക്കണ്ടത്തിലെ കൽഭരണികൾ

**രാജശ്രീ ആർ.**



**ആ**ത്മഹത്യകളെക്കുറിച്ചുള്ള നിറം പിടിപ്പിച്ച വാർത്തകൾ പോലും മനുഷ്യരെ ആ വഴിക്ക് ചിന്തിക്കാൻ പ്രേരിപ്പിച്ചേക്കാം. പക്ഷേ, മരിച്ചാൽ മതിയെന്ന് നിരന്തരം ആവർത്തിക്കുമ്പോഴും ജീവിതമെന്നൊരു നൂല് ഏറ്റവും ദുർബലമായി കാലിൽ തടയും. ഏതാനും വർഷങ്ങൾക്കു മുമ്പ് കണ്ണൂർ റെയിൽവേ സ്റ്റേഷനടുത്ത് പാളത്തിന് അല്പം താഴെയായുള്ള മരക്കൊമ്പിൽ മഴയത്ത് ഒരു മനുഷ്യൻ തൂങ്ങി മരിച്ചിരുന്നു. മരിക്കാനായി കുടയും ചൂടി വന്ന അയാളെപ്പറ്റി ചിലർ തമാശ പറയുന്നതു കേട്ടിരുന്നു. പെയ്തിറങ്ങുന്ന ദുരിതങ്ങളിൽ നിന്നും നിരാശകളിൽ നിന്നും അവസാന നിമിഷം വരെ സ്വയം രക്ഷിക്കാൻ അയാൾ ശ്രമിച്ചിരിക്കാം. അയാളൊരു ഒറ്റമനുഷ്യനാവില്ല എന്നുറപ്പാണ്. പണ്ട് പറശ്ശിനിപ്പുഴയിൽ ഒരുപാടു മനുഷ്യർ ജീവനൊടുക്കിയിട്ടുണ്ട്. അതിനടുത്ത ജനവാസമില്ലാതിരുന്ന പ്രദേശങ്ങളിൽ ആൾക്കാർ തൂങ്ങിമരിച്ചിട്ടുണ്ട്. ആരാധനാ കേന്ദ്രങ്ങളോടടുപ്പിച്ചുള്ള ലോഡ്ജുകൾ മനുഷ്യർ മരണത്തിനായി തെരഞ്ഞെടുക്കാറുണ്ട്. അവരെ അതിലേക്കെത്തിച്ച ജീവിതാനുഭവങ്ങളും മരണ മരണാനന്തരാനുഭവങ്ങളും (ഉണ്ടെങ്കിൽ) ചിലപ്പോൾ സമാനമായിരിക്കാം . നിരവധിയുണ്ടെന്നു കരുതി ഒന്നും നിസ്സാരമാകുന്നില്ലല്ലോ. മനുഷ്യരുടെ നിസ്സഹായതകൾ മറ്റുള്ളവർക്ക് മനസ്സിലാവാൻ സാധ്യത കുറവാണ്.

**എന്താണ് കമ്പിളികണ്ടത്തോട് ഇഷ്ടമെന്ന ചോദ്യത്തിന് ഇനി ആലഭാരങ്ങളില്ലാത്ത ഒരു മറുപടി പറയാം. എല്ലാ പ്രിവിലിജുകളുമുണ്ടായിട്ടും മുന്നോട്ട് ജീവിതമില്ലെന്ന് പകച്ചു നിന്ന നാലോളം അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരുതവണ കുഞ്ഞുങ്ങളും ഒപ്പമുണ്ടായിരുന്നു. അവിടുന്ന് തിരിയെ നടക്കുമ്പോഴുണ്ടാകുന്ന ഒരുവിയർപ്പും തണുപ്പുമുണ്ട്. അനുഭവിച്ചാലേ അറിയൂ. അതുപോലൊന്ന് ഇതിലും കണ്ടു. എന്തു സന്ദേശമാണ് ആ പുസ്തകം വായിച്ചിട്ട് കിട്ടിയത് എന്ന മറ്റൊരു ചോദ്യമുണ്ട്. അതിന്റെ ഉത്തരമാണ് കൂടുതൽ പ്രസക്തമെന്നു തോന്നുന്നു. കുഞ്ഞുങ്ങളെ കൊല്ലരുത്, അവർ ജീവിച്ചുകൊള്ളും, രക്ഷപ്പെടും, ചിലപ്പോൾ വളരെ നല്ല നിലയിലെത്തും. അതിനുള്ള അവസരം അവർക്ക് നിഷേധിക്കരുത്. അത്ര തന്നെ.**

എല്ലാത്തരം പ്രിവിലിജുകളും അനുഭവിക്കുന്നവരെന്നും, തീക്കടൽ നീന്തിക്കടന്നവരെന്നുമൊക്കെ ചിലരെപ്പറ്റി നാം വിചാരിക്കാറുണ്ട്. അവരിൽ ചിലർ ജീവിതമുപേക്ഷിച്ചു പോയ വാർത്ത കേൾക്കുമ്പോൾ അവർക്കു മുന്നിൽ ഇതല്ലാതെയും വഴികളുണ്ടായിരുന്നുവെന്ന് തീർപ്പു കല്പിക്കാറുണ്ട്. വെറുതേയാണ്.

പുറമേനിന്നു നോക്കുമ്പോൾ സുഭദ്രമെന്നു തോന്നുന്നതു പലതും അങ്ങനെയല്ല. പാതിരാത്രി ഉറക്കത്തിൽ നിന്നുണരുമ്പോൾ മരിക്കാൻ പദ്ധതിയിടുന്ന രക്ഷിതാക്കളുടെ സംസാരം കേൾക്കുന്ന കുട്ടിയെ നിങ്ങൾക്ക് സങ്കല്പിക്കാനാവുമോ? അവളുടെ നെഞ്ചിടിപ്പിന്റെ ഒച്ച എനിക്ക് കേൾക്കാം. നമുക്ക് മരിച്ചാലോ എന്ന ചോദ്യത്തിന് മറുപടിയായി അലറിക്കരയുന്ന ഒരു പത്തു വയസ്സുകാരിയെ സങ്കല്പിക്കാമോ? ഇതൊക്കെ ജീവിതത്തിലനുഭവിച്ച മനുഷ്യരുണ്ട്. കാലങ്ങൾ കഴിഞ്ഞ് അവരത് ഒരു പുസ്തകത്തിൽ കണ്ടെന്നിരിക്കും. അപ്പോൾ അതവർക്ക് വെറും പുസ്തകമല്ല. അനുഭവങ്ങളുടെ പാൻഡോറപ്പെട്ടിയാണ്.

കുട്ടികളുടെ മനസ്സ് ഒപ്പുകടലാസു തന്നെയാണ്. നാലരപ്പതിറ്റാണ്ടിനു ശേഷവും എല്ലാ വരകളും തീക്ഷ്ണമായി തെളിഞ്ഞു നില്ക്കും.ആ തീരുമാനത്തിൽ നിന്ന് രക്ഷിതാക്കൾ പിന്തിരിഞ്ഞുവെന്ന് ഉറപ്പാവുന്നതു വരെ ഉറങ്ങാതെ കിടന്ന് പിറ്റേന്ന് വൈകിയുണർന്ന് അടുക്കളയിലേക്ക് ആന്തലോടെ ഓടുന്ന ഒരു പെൺകുട്ടി നേരിടുന്ന വൈകാരിക സംഘർഷം ഫിക്ഷനിലാണ് ചിത്രീകരിക്കുന്നതെങ്കിൽ ചിലപ്പോൾ അതിവൈകാരികവും അവിശ്വസനീയവുമായിപ്പോയേക്കാം. അതിനെ സംസ്കരിച്ച് മറ്റൊരു അനുഭവതലത്തിലേക്ക് മാറ്റുന്നതാണ് ഫിക്ഷനെഴുത്തിലെ രാസവിദ്യ. അനുഭവാഖ്യാനത്തിന് അതു വേണ്ട.

'ഏറ്റക്കുറച്ചിലില്ലാതെ അർത്ഥപുഷ്ടി വരും വിധം വസ്തു സ്ഥിതികളെ ച്ചൊല്ലുന്ന' വാസ്തവോക്തി കഥനമാണത്; ഒരു പരിധി വരെയെങ്കിലും .

ഗൃഹലക്ഷ്മിയിൽ ഇന്ത്യൻ മണവാട്ടിമാർക്ക് ഒരു കൈപ്പുസ്തകം എന്ന പംക്തി എഴുതുന്ന സമയത്ത് എന്നെ വിളിച്ച നിരവധി സ്ത്രീകളുണ്ട്.സമൂഹത്തിലെ പല ശ്രേണികളിലുള്ളവർ. പലരും അനുഭവങ്ങളുടെ സമാനതകളെപ്പറ്റി പറഞ്ഞു. അപരിചിതയായ ഒരു സ്ത്രീയായിരുന്നിട്ടും കാണുമ്പോൾ ഓടി വന്ന് കണ്ണുനിറഞ്ഞുകെട്ടിപ്പിടിച്ചിട്ടുണ്ട് അവരിൽ ചിലർ. അതെന്തുകൊണ്ടാവും? സ്വന്തം അനുഭവങ്ങളുമായി പൊരുത്തപ്പെട്ടു പോവുന്നതിനാലാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അനുഭവാഖ്യാനത്തിന്റെ പേരിൽ മാത്രമല്ല, നോവലുകളുടെ പേരിലും അത്തരം വികാരപ്രകടനങ്ങളുണ്ടായിട്ടുണ്ട് എന്നു മറക്കുന്നില്ല. അതിന് വായനയുടേതായ മറ്റൊരു തലമുണ്ട്. അതിനെപ്പറ്റി മറ്റൊരിക്കലാവാം.

പുസ്തകങ്ങളോട് നിഷ്പക്ഷ നിലപാട് സ്വീകരിക്കുമ്പോൾത്തന്നെ സ്വന്തം ജീവിതാനുഭവപഠന സാഹചര്യങ്ങളാൽ ഒരാൾക്ക് ആത്മാർത്ഥമായി, മനസ്സാക്ഷിയുടെ വെളിച്ചത്തിൽ, ഒരു കൃതിയെപ്പറ്റി വല്ല അഭിപ്രായവും തോന്നുന്നുണ്ടെങ്കിൽ അതു പറയണമെന്ന് നിരൂപണത്തിലെ നിഷ്പക്ഷതയെ പരാമർശിച്ചു കൊണ്ട് കുട്ടികൃഷ്ണമാരാർ പറയുന്നുണ്ട്. (എങ്കിലേ പറയാവൂ എന്നുമൊരർത്ഥം ഊഹിക്കാം ) വസ്തു നിഷ്ഠമായ ഒരു സ്വപക്ഷപാതം ഉണ്ടാകണമെന്ന് വിശ്വസിച്ചിരുന്നുഅദ്ദേഹം.അതിൽത്തന്നെയുണ്ട് വിഭിന്നരുചികളെ അഭിസംബോധന ചെയ്യുന്ന മനോഭാവം .ഏതു കാലത്തും ഏതു പുസ്തകത്തിനും ഇതു ബാധകമാണെന്ന് കരുതുന്നു.

വായനക്കാർ ഒരു അനുഭവാഖ്യാനത്തെ സ്വാനുഭവത്തിന്റെ വെളിച്ചത്തിലേ വായിക്കാവൂ എന്നൊന്നുമില്ല. തങ്ങളുടേതിൽ നിന്ന് വ്യത്യസ്തമായ ജീവിതങ്ങളിലൂടെയുള്ള സഞ്ചാരമായും അത്തരം പുസ്തകങ്ങൾ സ്വീകരിക്കപ്പെടാവുന്നതേയുള്ളൂ. കമ്പിളികണ്ടത്തെ കൽഭരണികൾ ഈ രണ്ടു തരത്തിലും ഞാൻ വായിച്ച പുസ്തകമാണ്.

ജീവിതത്തെ നേരിടാനാണ് ധൈര്യം വേണ്ടത് എന്നു പറയാറില്ലേ? എന്തു കാരണത്താലായാലും ജീവിതമവസാനിപ്പിക്കാൻ ശ്രമിക്കുന്ന ഒറ്റയൊരാളെങ്കിലും അതു വേണ്ടെന്നു വച്ച് തിരിഞ്ഞു നടക്കാനിടയാക്കുന്ന എന്തിനെയും ദിവ്യം എന്നു വിശേഷിപ്പിക്കാം. പ്രകാശം പരത്തുന്ന പെൺകുട്ടി മുതൽ വാട്സ് അപിലെത്തുന്ന സന്ദേശം വരെ അതിൽ ഉൾപ്പെടും. അക്കൂട്ടത്തിലൊരു പുസ്തകം കൂടിയായി എന്നതാണ് അതിന്റെ പ്രത്യേകത.

ദാരിദ്ര്യത്തെയും ദുരിതത്തെയും കാല്പനികവൽക്കരിക്കുകയും മഹത്വവൽക്കരിക്കുകയും ചെയ്യുന്നില്ല എന്നത് ഈ പുസ്തകത്തിന്റെ സവിശേഷതയായി തോന്നിയിട്ടുണ്ട്. ദാരിദ്ര്യത്തിൽ നിന്നും അപമാനത്തിൽ നിന്നും കരകയറാനുള്ള വെമ്പലാണ്, അതിൽത്തന്നെ കിടന്നിഴയാനുള്ള പ്രവണതയല്ല ആ പുസ്തകത്തിൽ കാണുക.

എഴുത്തുകാരനുമായുണ്ടായ ഒരു സംഭാഷണത്തിൽ അദ്ദേഹം പറഞ്ഞ ഒരു കാര്യം ഓർമ്മയുണ്ട്, ദാരിദ്ര്യത്തിന്റെ ആദ്യഘട്ടം പിന്നിട്ടു കഴിഞ്ഞ ശേഷം അമ്മ തങ്ങൾക്ക് ചോറു തന്നിട്ടുണ്ട്, അങ്ങനെയിരിക്കെ അവരതു തന്നിട്ടില്ല എന്നു പറഞ്ഞ് പിന്നെയും അതിൽ കടിച്ചു തൂങ്ങി എങ്ങനെ എഴുതാനാവുമെന്നായിരുന്നു അതിന്റെ ചുരുക്കം. ആദ്യം കിട്ടുന്ന അവസരത്തിൽ രക്ഷപ്പെടാതെ വീണ്ടും ദുരിതത്തിലും ദാരിദ്ര്യത്തിലും ചാരിയാൽ തല്ലു കൊടുക്കുന്ന അമ്മയാണ് കമ്പിളികണ്ടത്തിലെ കുട്ടികൾക്കുള്ളത് എന്നർത്ഥം. കമ്പിളികണ്ടത്തിലെ കൽഭരണികൾ മോടിപിടിപ്പിച്ച ദാരിദ്ര്യത്തിന്റെയല്ല; അതിജീവനത്തിന്റെ കഥയാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം ഒരാളുടെ ജീവിതാനുഭവങ്ങളുടെ സത്യസന്ധതയുടെ അളവുകോൽ മറ്റാരുടെയും കയ്യിലല്ല എന്നുള്ളതാണ്. ചില അനുഭവങ്ങൾ വായിക്കുമ്പോൾ ഇതൊക്കെ സാധാരണയല്ലേ, എല്ലാവരുടെ ജീവിതത്തിലുമുണ്ടാവുന്നത്, ഇത്രയൊക്കെ പറയണോ എന്നും തോന്നിയേക്കാം. അനുഭവങ്ങളുടെ തീവ്രത ഓരോ മനുഷ്യനിലും വ്യത്യാസപ്പെട്ടിരിക്കുമെന്നാണ് അതിനുള്ള സമാധാനം.

മദർ മേരി കംസ് ടു മി വായിച്ചു തീർന്നപ്പോൾ ഒരപരിചിതലോകം മുന്നിൽ നിവർന്നു. ആ പുസ്തകം ഇഷ്ടമായി പക്ഷേ ഒപ്പം മറ്റൊരെഴുത്ത് ഓർത്തു.'വൈരുദ്ധ്യങ്ങളുടെ ജനിതകപാലത്തിൽ ഒരമ്മയും മകളും' എന്ന അനുഭവാഖ്യാനമാണത്. രേഖാ രാജ് 2020ൽ ട്രൂ കോപ്പിയിൽ എഴുതിയത്. മാരകമായ സത്യസന്ധത കൊണ്ട് മുറിവേല്പിക്കുന്ന ഒന്ന്. എന്തുകൊണ്ടോ അതിനെ മറികടക്കുന്ന ഒരു അമ്മ മകൾ എഴുത്ത് ഞാനിനി വായിക്കുമെന്നു തോന്നുന്നില്ല. രേഖാ രാജ് എഴുതിയതിൽ ഒറ്റ അനുഭവം പോലും എനിക്ക് ഉണ്ടായിട്ടില്ല. എന്നിട്ടും ആ എഴുത്ത് എന്നെ സ്പർശിച്ചത് എന്തുകൊണ്ടാവും! അങ്ങനെയാണ് അനുഭവാഖ്യാനങ്ങളിലെ സത്യസന്ധത പ്രവർത്തിക്കുക. ആത്യന്തികമായി അനുഭവാഖ്യാനങ്ങളും ഒരു വായനാവസ്തുവാണ്. അതു നല്കുന്ന സവിശേഷാനുഭവത്തിനപ്പുറം അത് ഇഴകീറേണ്ട ബാധ്യത വായനക്കാർ ഏറ്റെടുക്കേണ്ടതില്ലെന്നു തോന്നുന്നു.

മനുഷ്യരുടെ അനുഭവങ്ങൾ വൈചിത്ര്യം നിറഞ്ഞതാണ്. സ്വാഭാവികമായും അതിന് ലോകമെമ്പാടും നല്ല വിപണിസാധ്യതയുണ്ടാവും. ദാരിദ്ര്യവും രോഗവും യുദ്ധവും യുദ്ധാനന്തരാനുഭവങ്ങളും ദുരിത/തെരുവുജീവിതങ്ങളും ദുരന്തങ്ങളും ഇവയിൽ നിന്നുള്ള അതിജീവനവും ചിത്രീകരിക്കപ്പെടുന്ന നോൺ ഫിക്ഷൻ , ഫിക്ഷൻ വിഭാഗങ്ങളിലുള്ള പുസ്തകങ്ങൾ ആഗോള പ്രസാധന വിപണിയിൽത്തന്നെ മിനിമം ഗ്യാരന്റി നല്കുന്നവയായാണ് കണക്കാക്കപ്പെടുന്നത് .

(ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന സിനിമകളുടെയും പുസ്തകങ്ങളുടെയും കാര്യത്തിൽ മറ്റൊരു തരത്തിൽ ഇത് ചർച്ചാ വിഷയമാകാറുണ്ട്.) നോൺ ഫിക്ഷൻ വിഭാഗത്തിലുള്ള പുസ്തകങ്ങൾ വില്പനയുടെ കാര്യത്തിൽ ഫിക്ഷനെ പിന്തള്ളാനുള്ള സാധ്യതയും പ്രസാധകർ തള്ളിക്കളയുന്നില്ല. മൊത്തത്തിൽ അനുഭവാഖ്യാനങ്ങൾക്ക് അനുകൂലമായ അന്തരീക്ഷമാണ് നിലവിലുള്ളത് എന്നർത്ഥം. അതാവാം അവയുടെ എണ്ണപ്പെരുപ്പത്തിനു കാരണം.

സാഹിത്യത്തിന്റെ ഭാരമില്ലാത്ത വായന താൽപര്യപ്പെടുന്ന വായനക്കാരെ അവ ആകർഷിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട് എന്നത് മറ്റൊരു കാര്യം. സാഹിതീയതയെക്കുറിച്ചുള്ള സംവാദങ്ങൾ മറ്റൊരു വഴിക്ക് നടക്കട്ടെ.

വാല്: പ്രത്യക്ഷത്തിൽത്തന്നെ കൃത്രിമമെന്ന് മനസ്സിലാകുന്ന അനുഭവാഖ്യാനങ്ങളുമുണ്ടാവുന്നുണ്ട് എന്നത് വസ്തുതയാണ്. അങ്ങനെ ചിലതും കണ്ടിട്ടുണ്ട്. വായനക്കാരെ മൊത്തം എക്കാലവും കബളിപ്പിക്കാൻ അവയ്ക്ക് സാധിക്കില്ല. അതിവൈകാരികതയും പ്രകടനപരതയും എഴുതുമ്പോൾ കടന്നു കൂടുന്ന വസ്തുതാപരവും കാലസംബന്ധവുമായ പിഴവുകളും അത്തരം ആഖ്യാനങ്ങളെ ഒറ്റിക്കൊടുത്തേക്കും. എന്നാൽ സാഹിത്യഗണങ്ങളുടെ അതിരുകൾ മായുന്ന കാലത്ത് അതും അപരാധമാണെന്നു കരുതുന്നില്ല. ഫിക്ഷനും അനുഭവാഖ്യാനത്തിനുമിടയിൽ രണ്ടായും വ്യാഖ്യാനിക്കാവുന്നവയായി അവയും നിലനില്ക്കും. അങ്ങനെയും ലോകത്ത് പുസ്തകങ്ങളുണ്ടല്ലോ.

എന്താണ് കമ്പിളികണ്ടത്തോട് ഇഷ്ടമെന്ന ചോദ്യത്തിന് ഇനി ആലഭാരങ്ങളില്ലാത്ത ഒരു മറുപടി പറയാം. എല്ലാ പ്രിവിലിജുകളുമുണ്ടായിട്ടും മുന്നോട്ട് ജീവിതമില്ലെന്ന് പകച്ചു നിന്ന നാലോളം അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരുതവണ കുഞ്ഞുങ്ങളും ഒപ്പമുണ്ടായിരുന്നു. അവിടുന്ന് തിരിയെ നടക്കുമ്പോഴുണ്ടാകുന്ന ഒരുവിയർപ്പും തണുപ്പുമുണ്ട്. അനുഭവിച്ചാലേ അറിയൂ. അതുപോലൊന്ന് ഇതിലും കണ്ടു.

എന്തു സന്ദേശമാണ് ആ പുസ്തകം വായിച്ചിട്ട് കിട്ടിയത് എന്ന മറ്റൊരു ചോദ്യമുണ്ട്. അതിന്റെ ഉത്തരമാണ് കൂടുതൽ പ്രസക്തമെന്നു തോന്നുന്നു.

കുഞ്ഞുങ്ങളെ കൊല്ലരുത്, അവർ ജീവിച്ചുകൊള്ളും, രക്ഷപ്പെടും, ചിലപ്പോൾ വളരെ നല്ല നിലയിലെത്തും. അതിനുള്ള അവസരം അവർക്ക് നിഷേധിക്കരുത്. അത്ര തന്നെ.

കമ്പിളികണ്ടത്തെ കൽഭരണികൾക്കും ശ്രീ ബാബു അബ്രഹാമിനും ആശംസകൾ.

മാതൃഭൂമിയുടെ ടോപ് ടെൻ പട്ടികയിൽ അത് കുതിപ്പു തുടരുന്നതു കാണുന്നു. വളരെ സന്തോഷം. എല്ലാ പുസ്തകങ്ങളും നന്നായി വായിക്കപ്പെടട്ടെ.

# അടി തെറ്റിയാൽ വക്കീലും വീഴും

കഴിഞ്ഞ് ഉറങ്ങാൻ കിടന്നു. പിറ്റേദിവസം മെറ്റിൽഡയെ പള്ളിമുക്കിലെ വീട്ടിൽ കൊണ്ടാക്കാൻ തീരുമാനിച്ചുറച്ചു. അന്നു രാത്രിയിൽ തിരുവനന്തപുരമാകെ അതിശക്തമായ കാറ്റ് വീശി, അതിഭയങ്കര മഴ ആരംഭിച്ചു. ദൈവമേ ആ സ്ത്രീ പ്ളാറ്റ്ഫോമിൽ എങ്ങനെ കിടന്നുറങ്ങുന്നു? അവർ അനാഥയും വിധവയും പരദേശിയുമാണല്ലോ എന്നീ ചിന്തയോടെ മയക്കത്തിലേക്കു കടന്ന് ഉറക്കത്തിലാഴ്ന്നു.

പിറ്റേദിവസം പ്രഭാതത്തിൽ കുമാരപുരത്തെ ദേവാലയത്തിലെത്തി. മെറ്റിൽഡ അവിടെ കാണുമോ എന്ന ആകാംക്ഷ. ദേവാലയത്തിനകത്തു കയറിയപ്പോൾ മെറ്റിൽഡയെ തിരഞ്ഞു. പുറകിലെ ഒരു ബഞ്ചിൽ അവർ ഇരിക്കുന്നു. അവരെ കണ്ടെങ്കിലും, അൾത്താരയ്ക്ക് അരികിലേക്ക് ചെന്ന് ക്രൂശിതരൂപത്തിലേക്കു നോക്കി കൈകൾ ഉയർത്തി പ്രാർത്ഥനയിൽ മുഴുകി. മെറ്റിൽഡ അദ്ദേഹത്തെ നോക്കിക്കൊണ്ടിരുന്നു.

പ്രാർഥന കഴിഞ്ഞ് തീർച്ചയായും വക്കീൽ തന്നെ വന്നു കാണുമെന്ന് അവർക്കുറപ്പുണ്ട്. വക്കീൽ പുഞ്ചിരിയോടെ അവർക്കരികിലേക്ക് എത്തി. കൂടുതൽ ഭക്തി മുഖത്തു കാട്ടി ആ സ്ത്രീ കൊന്തചൊല്ലി ഇരുന്നു. അരികിലെത്തിയ വക്കീലിനോട് എണീറ്റ് ബഹുമാനത്തോടെ ചോദിച്ചു:

"സാർ എന്നു വന്നു?"

"ഞാൻ ഇന്നലെ രാത്രിയിൽ. നിങ്ങൾക്കു താമസിക്കാൻ ഒരു സൗകര്യം വേണമെന്നു പറഞ്ഞില്ലേ? എനിക്ക് പള്ളിമുക്കിൽ ഒരു പഴയ വീടുണ്ട്. അതിനടുത്തു പുതിയ വീടിന്റെ പണി നടക്കുന്നു. പണിയാൻ വരുന്ന ബംഗാളികളെ പഴയവീട്ടിൽ താമസിപ്പിക്കണം. പണിസാധനങ്ങളും അവിടാണു വയ്ക്കുന്നത്. ആ വീട്ടിൽ ഒരു മുറിയും അടുക്കളയും കാലിയാക്കി തരാം. വാടകയൊന്നും വേണ്ട. മൂന്നുമാസത്തേക്കു താമസിക്കാം. സമ്മതമെങ്കിൽ എന്റെ കൂടെ വന്നാൽ അവിടെ ആക്കിത്തരാം. വീടിന്റെ താക്കോൽ ഞാൻ എടുത്തിട്ടുണ്ട്."

"സാറിനെ ദൈവം അനുഗ്രഹിക്കും. സാറു പറഞ്ഞ ദിവസത്തിനപ്പുറം ഒരു നിമിഷം ഞാനവിടെ നിൽക്കില്ല."

ഒഴിയുമെന്ന് അവർ പറഞ്ഞത് വക്കീലിനു സന്തോഷമായി. സംസാരം തീർന്നയുടനെ വക്കീൽ അടുത്ത ജംക്ഷനിൽ നിന്ന് ഒരു ഓട്ടോ വിളിച്ചുകൊണ്ടുവന്നു. അവരെയും കയറ്റി മൂന്നു കിലോമീറ്റർ അകലെയുള്ള വീട്ടുപടിക്കലെത്തി. വീടു തുറന്ന് ഒരു മുറിയും അടുക്കള ഭാഗവും താക്കോലും അവർക്കു നൽകി താമസിപ്പിച്ചു. വീണ്ടും 500 രൂപയും സഹായമായി മെറ്റിൽഡയ്ക്കു നൽകി തിരികെ സ്വഭവനത്തിലേക്കു പോയി.

മാസങ്ങൾ ഒന്നു രണ്ടു കഴിഞ്ഞ്, റവന്യൂവകുപ്പിൽനിന്നും വക്കീലിന്റെ ഭാര്യയ്ക്കു തിരുവനന്തപുരത്ത് ഒരു കോൺഫറൻസിനെത്താൻ നിർദേശം കിട്ടി. കണ്ണൂരിൽനിന്നും അവർ ഭർത്താവിനെ അറിയിച്ച ശേഷം തിരുവനന്തപുരത്തേക്കു യാത്രതിരിച്ചു രാവിലെ വീട്ടിലെത്തി. ഒരു വീട് ആറു മാസത്തേക്കു വാടകയ്ക്കു വേണമെന്ന ആവശ്യവുമായി ഒരു ബന്ധു വക്കീലിന്റെ ഭാര്യയുടെ അരികിൽ എത്തി. അതു വാസയോഗ്യമാണോ എന്നു നോക്കാൻ രാവിലെ പത്തുമണിയോടെ ബന്ധുവുമായി പണി നടക്കുന്ന പുതിയ വീടിന്റെ പടിക്കലെത്തി. ആ വീടിന്റെ പുറകിലുള്ള പഴയ വീട്ടിലേക്ക് അവർ ഇരുവരും ചെന്നു. വക്കീലിന്റെ ഭാര്യ അമ്പരന്നു നിന്നു. അതാ ഒരു സ്ത്രീ പഴയ വീട്ടുവാതിൽക്കൽ മുറ്റമടിക്കുന്ന ചൂലുമായി നിൽക്കുന്നു. വക്കീലിന്റെ ഭാര്യ അല്പം മുൻപോട്ടു ചെന്ന് അമ്പരപ്പോടെ ചോദിച്ചു:

**മാസങ്ങൾ ഒന്നു രണ്ടു കഴിഞ്ഞ്, റവ ന്യൂവകുപ്പിൽനിന്നും വക്കീലിന്റെ ഭാര്യയ്ക്കു തിരുവനന്തപുരത്ത് ഒരു കോ ൺഫറൻസിനെത്താൻ നിർദേശം കിട്ടി. കണ്ണൂരിൽനിന്നും അവർ ഭർത്താവിനെ അറിയിച്ച ശേഷം തിരുവനന്തപുരത്തേക്കു യാത്രതിരിച്ചു രാവിലെ വീട്ടിലെത്തി. ഒരു വീട് ആറു മാസത്തേക്കു വാടകയ്ക്കു വേണമെന്ന ആവശ്യവുമായി ഒരു ബന്ധു വക്കീലിന്റെ ഭാര്യയുടെ അരികിൽ എത്തി. അതു വാസയോഗ്യമാണോ എന്നു നോക്കാൻ രാവിലെ പത്തുമണിയോടെ ബന്ധുവുമായി പണി നടക്കുന്ന പുതിയ വീടിന്റെ പടിക്കലെത്തി. ആ വീടിന്റെ പുറകിലുള്ള പഴയ വീട്ടിലേക്ക് അവർ ഇരുവരും ചെന്നു. വക്കീലിന്റെ ഭാര്യ അമ്പരന്നു നിന്നു. അതാ ഒരു സ്ത്രീ പഴയ വീട്ടുവാതിൽക്കൽ മുറ്റമടിക്കുന്ന ചൂലുമായി നിൽക്കുന്നു.**

"നിങ്ങൾ ആരാണ്?"

"ഞാൻ ആരാണെന്നു ചോദിക്കാൻ നിങ്ങൾ ആരാ?"

"നിങ്ങൾക്കറിയാമോ? ഞാൻ ഈ വീടിന്റെ ഉടമസ്ഥയാണ്."

വക്കീലിന്റെ ഭാര്യ അമർഷത്തോടെ പറഞ്ഞു.

"നിങ്ങൾ ഈ വീടിന്റെ ഉടമസ്ഥ എന്നു കാണിക്കാൻ രേഖ വല്ലതുമുണ്ടോ?"

"കൊള്ളാമല്ലോ, ആരുമില്ലാത്തപ്പോൾ വീട് കയ്യേറി താമസിച്ചിട്ട്, ഉടമസ്ഥരെ ഭീഷണിപ്പെടുത്തുന്നോ? ഉടൻ സ്ഥലം വിട്ടോണം. ഞാൻ ഇപ്പം പോലീസിൽ അറിയിക്കും."

"എന്നെ നിങ്ങൾ ഭീഷണിപ്പെടുത്തണ്ട. പോലീസ് എന്നെ ഒരു ചുക്കും ചെയ്യില്ല. എന്നെ ഇവിടെ താമസിപ്പിച്ചത് ഹൈക്കോടതി വക്കീൽ കുര്യൻ സാറാണ്. ദേ, താക്കോൽ എന്റെ കൈയിലുണ്ട്. ആറേഴു മാസത്തേക്ക് താമസിക്കാൻ അദ്ദേഹം അനുവദിച്ചിട്ടുണ്ട്."

ഒച്ചയും ബഹളവും കേട്ട് അടുത്തുള്ളവർ പുറത്തിറങ്ങി ശ്രദ്ധിക്കാൻ തുടങ്ങി. വക്കീലിന്റെ ഭാര്യയ്ക്ക് മെറ്റിൽഡയുടെ മുൻപിൽ മൊഴിമുട്ടി. ഭാര്യയ്ക്ക് വക്കീലിന്റെ സദാചാരത്തെപ്പറ്റി നല്ല മതിപ്പുണ്ടെങ്കിലും, അദ്ദേഹം മുൻപു കാട്ടിക്കൂട്ടിയ അബദ്ധങ്ങളെപ്പറ്റി തിരിഞ്ഞ് ഒന്നു ചിന്തിച്ചു. ഇതും അതിലൊരെണ്ണമാണല്ലോ എന്നു കണക്കാക്കി സമാധാനിച്ചു. ഒട്ടും താമസിയാതെ ഫോൺ എടുത്ത് അമർഷത്തോടെ ഭർത്താവിനെ വിളിച്ചു. ഇതൊന്നും അറിയാതെ വക്കീൽ ഭാര്യയുടെ ഫോൺ നമ്പർ കണ്ട് ഓണാക്കി ചോദിച്ചു:

"നീ എപ്പോൾ തിരുവനന്തപുരത്തെത്തി? കോൺഫറൻസ് തുടങ്ങിയോ?"

"ദേ, പള്ളിമുക്കിലെ പഴയ വീട്ടുപടിക്കലാ ഞാൻ നിൽക്കുന്നത്. ഇവിടെ കോൺഫറൻസ് നടക്കുകയാ. നിങ്ങൾ ആരോടാലോചിച്ചിട്ടാ ഈ സ്ത്രീയെ ഇവിടെ താമസിപ്പിച്ചത്? ഈ സ്ത്രീ ആരാണ്? മക്കളോട് ഞാൻ ഇപ്പോൾ വിളിച്ചറിയിക്കും."

വക്കീൽ ഞെട്ടി, അല്പനേരം മിണ്ടാതിരുന്നു.

"നിങ്ങൾ എന്താ ഒന്നും മിണ്ടാതിരിക്കുന്നത്? ഞാൻ ഇനിയും എന്തു ചെയ്യണം?"

"നീ എന്നെ അറിയിക്കാതെ എന്തിനവിടെ പോയി?"

വക്കീൽ സ്വരം ഉയർത്തിയും ദ്വേഷ്യം പ്രകടിപ്പിച്ചു ചോദിച്ചു. വക്കീൽ പല അബദ്ധങ്ങളും കാട്ടിയപ്പോൾ ചോദ്യം ചെയ്തിരുന്ന ഭാര്യയെ എന്തെങ്കിലും തിരികെ കുറ്റപ്പെടുത്തി അവരുടെ രോഷം അമർച്ച ചെയ്യാൻ എടുത്ത പല തന്ത്രങ്ങളും വിജയിച്ചതിനാൽ ആ പരീക്ഷണം ഇവിടെയും പ്രയോഗിച്ചു നോക്കി. പക്ഷേ ഈ പ്രാവശ്യം ഭാര്യ സമ്മതിച്ചുകൊടുത്തില്ല. തന്ത്രം ഫലിച്ചുമില്ല.

"ഞാനിവിടെ വന്നതാണോ തെറ്റ്. എന്നെയും മക്കളെയും അറിയിക്കാതെ ഈ സ്ത്രീയെ എന്തിനിവിടെ താമസിപ്പിച്ചു. ഇതുപോലൊരുത്തനെയും കുടുംബത്തെയും നിങ്ങൾ തേങ്ങപ്പട്ടണത്തെ സ്ഥലത്തു താമസിപ്പിച്ചിട്ട്, അയാൾക്ക് പത്തു സെന്റ് കൊടുക്കേണ്ടിവന്നില്ലേ?"

പല അബദ്ധങ്ങളും കാട്ടിയത് ഭാര്യ എണ്ണിപ്പറയുമെന്നു കണക്കുകൂട്ടി കൂടുതൽ പരീക്ഷണം നടത്താതെ സാന്ത്വനത്തിൽ പറഞ്ഞു:

"നീ വിഷമിക്കേണ്ട. ഞാൻ അവരെ ഇറക്കിത്തരാം. നീ ഫോൺ ആ സ്ത്രീയുടെ കൈയിൽ കൊടുത്തേ. ഞാൻ അവരോട് സംസാരിക്കട്ടെ."

വക്കീലിന്റെ ഭാര്യ ഫോൺ അവർക്കു നേരെ നീട്ടി പറഞ്ഞു:

"ദേ, എന്റെ ഭർത്താവാണ്. നിങ്ങളോട് എന്തോ പറയാനുണ്ട്."

അവർ ഫോൺ വാങ്ങി അദ്ദേഹം പറയുന്നതു ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു. അവരുടെ പ്രതികരണം എന്തെന്നറിയാൻ ആകാംക്ഷയോടെ വക്കീലിന്റെ ഭാര്യ അവരുടെ മുഖഭാവം ശ്രദ്ധിച്ചു. വക്കീൽ പറയുന്ന കാര്യങ്ങൾ അവർക്കിഷ്ടമായില്ല എന്ന് ബോധ്യപ്പെട്ടു. ഉദ്ദേശിച്ചപോലെ വക്കീലിനോടായി മെറ്റിൽഡ പറഞ്ഞു:

"സാറെ എനിക്കു തലചായ്ക്കാനൊരിടം കിട്ടുന്നതുവരെ ഞാനിവിടെ താമസിക്കും. എനിക്ക് ഉടനെയൊന്നും ഇറങ്ങാൻ പറ്റത്തില്ല."

മറുപടി കേട്ട വക്കീൽ ഫോൺ പെട്ടെന്ന് കട്ട് ചെയ്തു. മെറ്റിൽഡ ഫോൺ വക്കീലിന്റെ ഭാര്യയെ ഏല്പിച്ചു. മറുപടി കേട്ട്, ഫോൺ വാങ്ങി അവർ വീടു കാണാൻ വന്ന ബന്ധുവിനൊപ്പം തിരിച്ചുപോയി. അന്നത്തെ കോൺഫറൻസ് കഴിഞ്ഞ് കണ്ണൂർ വഴി പോകുന്ന വൈകിട്ടത്തെ ട്രെയിനിൽ കയറുന്നതിനു തൊട്ടുമുൻപ് ഭർത്താവിനെ ഭാര്യ വിളിച്ച് അറിയിച്ചു:

"നിങ്ങൾ തിരുവനന്തപുരത്തു വരുമ്പോൾ മെറ്റിൽഡയുടെ കൂടെ താമസിച്ചോ, കണ്ണൂർക്കു വരേണ്ട. ഞാനും പിള്ളേരും അങ്ങോട്ടേക്കില്ല."

സമാധാനം പറയാൻ ശ്രമിച്ച ഭർത്താവിനോട് വീണ്ടും അവർ പറഞ്ഞു.

"എസ്പ്ലനേഷൻ ഒന്നും കേൾക്കണ്ട. നിങ്ങളെ ഞാനിനിയും എങ്ങനെ വിശ്വസിക്കും."

ഭാര്യയുടെ താക്കീതും തിരിച്ചുള്ള മറുപടിയും വക്കീലിന്റെ സമനില തെറ്റിച്ചു. ഒരാളെ സഹായിക്കുന്നതിനു കിട്ടിയ ശിക്ഷ.

നിയമങ്ങൾ അറിയുന്ന വക്കീലന്മാർ നിസ്സഹായരാകുന്ന ചില അവസ്ഥകളുണ്ട്. ഭാര്യയുടെയോ മക്കളുടെയോ ഭീഷണി നേരിടാം, പക്ഷേ മെറ്റിൽഡയെ പുറത്താക്കുവാനുള്ള നിയമോപദേശം തേടാൻ ചെന്നപ്പോൾ ലഭിച്ച അഭിപ്രായങ്ങളും നിഗമനങ്ങളും കൂടുതൽ ഭീതിയും മനഃപീഡയും ഉണ്ടാക്കി.

വക്കീൽ അവർക്കെതിരായി പോലീസ് സറ്റേഷനിൽ ഹർജി കൊടുത്താൽ മെറ്റിൽഡയെ ചിലപ്പോൾ വിളിപ്പിക്കാം. വക്കീൽ എന്നെ ഇവിടെ കൊണ്ടുവന്നു താമസിപ്പിച്ചെന്നും ശാരീരികമായും മാനസികമായും പീഡിപ്പിച്ചെന്നും ആരോപിച്ചാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ വേറെ, അവർ അവിടെ ഒറ്റയ്ക്കു താമസിക്കുന്ന കാലത്തോളം എന്തെങ്കിലും അപകടങ്ങൾ സംഭവിച്ചാൽ, വക്കീലിനെതിരെ ഉണ്ടാകാവുന്ന ആരോപണങ്ങൾക്കെല്ലാം മറുപടി പറയേണ്ടിവരും. കൂടാതെ സ്വന്തം കുടുംബത്തിലുണ്ടാകാവുന്ന അസമാധാനം.

അവസാനം വക്കീൽ ഒരു പോംവഴി കണ്ടു. മെറ്റിൽഡയെ നേരിട്ട് കണ്ട് ഇറങ്ങിത്തരണമെന്ന് യാചിക്കുക. പിറ്റേ ആഴ്ച വക്കീൽ താമസസ്ഥലത്ത് നേരിട്ടെത്തി, ഇറങ്ങിത്തരണമേയെന്ന് കൈകൂപ്പി യാചിച്ചു.

അവർ പഴയത് ആവർത്തിക്കുക മാത്രമല്ല വേറെ എവിടെയെങ്കിലും താമസസൗകര്യം കിട്ടുന്നതുവരെ താമസം തുടരുമെന്നറിയിച്ചു. അതീവ ദുഃഖിതനായി ചുഴാറ്റുകോട്ടയിലെ വീട്ടിലേക്കു വക്കീൽ പോയി മനഃപ്രയാസത്തോടെ കിടന്നു. പേടിപ്പെടുത്തുന്ന അനേകം സംഭവങ്ങൾ മനസ്സിൽ ഓടിയെത്തുന്നു, കടന്നുപോകുന്നു.

കർത്താവേ കരുണ തോന്നേണമേ എന്ന പ്രാർഥനാമന്ത്രം ഉരുവിട്ട് ചൊല്ലിക്കിടന്നു. വിശ്വസിക്കാൻ സാധിക്കുന്നില്ല. അന്നു രാത്രിയിൽ ഒരു മാലാഖ സ്വപ്നത്തിലൂടെ വക്കീലിനു പ്രത്യക്ഷനായി പറഞ്ഞു:

"ഞാൻ ദൈവത്തിൽ നിന്നയയ്ക്കപ്പെട്ട ദൂതനാണ്. നിന്നെ ചില കാര്യങ്ങൾ അറിയിക്കാൻ വന്നതാണ്. മകനെ! നീ ദേവാലയത്തിൽ ചെന്നാൽ പ്രാർഥിക്കാനല്ലെ നിന്നെ പഠിപ്പിച്ചത്. പ്രാർഥനാസമയത്ത് നീ എന്തിനാണ് സ്ത്രീകളെ ശ്രദ്ധിച്ചത്."

"കർത്താവേ നീ പറഞ്ഞിട്ടില്ലെ, കരയുന്നവരുടെ ശബ്ദം കേട്ട് അവരുടെ കണ്ണുനീർ ഒപ്പണമെന്ന്, നീ എന്നെ ശോധന ചെയ്തു, നിനക്കറിയാം ഞാൻ എല്ലാ കാര്യത്തിലും നിരപരാധിയാണെന്ന്. എനിക്കു സമാധാനം നൽകണം."

"മകനെ! നീ ഒരു വക്കീലാണ്. കരഞ്ഞു കാണിക്കുന്നവരെ നീ തിരിച്ചറിയണം. കരയുന്ന എല്ലാവരെയും നീ വിശ്വസിക്കരുത്. നീ വീട് കൊടുക്കുന്നതിനു മുൻപ് അവരാരെന്ന് അറിയാൻ എന്തെങ്കിലും രേഖ പരിശോധിച്ചോ? കന്യാസ്ത്രീമഠത്തിൽ പോയി അന്വേഷിച്ചോ, നീ എന്തുകൊണ്ട് വേദവാക്യങ്ങൾ അസ്ഥാനത്തു പ്രയോഗിച്ചു? ഭാര്യയോടോ മക്കളോടോ സ്നേഹിക്കുന്ന കൂട്ടുകാരോടോ നീ ഉപദേശം തേടാതിരുന്നത് എന്തുകൊണ്ട്? ഭാര്യയിൽനിന്നും സ്വന്തം മക്കളിൽനിന്നും നീ പലതും മനഃപൂർവം മറച്ചുവച്ചില്ലെ? നിന്നെ നേരെ ആക്കണമെങ്കിൽ ഇങ്ങനെയൊക്കെ ചില പരീക്ഷണങ്ങൾ തന്നെങ്കിൽ മാത്രമേ പഠിക്കുകയുള്ളു."

വക്കീൽ ഞെട്ടിയുണർന്നു. അപ്പോഴേക്കും നേരം വെളുത്തു. കുളിയും കഴിഞ്ഞ് ശുഭ്രവസ്ത്രധാരിയായി ദേവാലയത്തിലേക്ക് ഓടി. അൽത്താരയ്ക്കു മുൻപിലുള്ള ക്രൂശിതന്റെ രൂപത്തിനു മുൻപിൽ എത്തി. കൈകൾ ഉയർത്തി ചെയ്ത അപരാധത്തിന് മാപ്പപേക്ഷിച്ചു, കൂടെ മെറ്റിൽഡയ്ക്ക് തലചായ്ക്കാനൊരിടവും. പക്ഷേ മെറ്റിൽഡായെ അവിടെങ്ങും കണ്ടില്ല; നോക്കാനും പോയില്ല.

ഏതായാലും ഒരു കൊല്ലത്തെ അഖണ്ഡ പ്രാർഥനയാലും പലപ്പോഴുമുള്ള ഉപവാസത്താലും ആ ബാധ സ്വയം ഒഴിഞ്ഞുപോയി.



# ഓർമകളിലെ കവിമനസ്സ്

## സുഗതകുമാരി

രണ്ടു കവിതകളും ഏതാണ്ട് ഒരേ സമയത്താണ് വെളിച്ചം കണ്ടത്. കൂട്ടുകാരിൽ ചിലർ രണ്ടു കവിതകളും വെട്ടിയെടുത്ത് പത്രാധിപർക്ക് അയച്ചു. വാരികയുടെ ചുമതല വഹിച്ചിരുന്ന എൻ.വി.കൃഷ്ണവാരിയർ സത്യാവസ്ഥ അറിയുവാൻ ശ്രീകുമാറിന് കത്തെഴുതി. താൻ തന്നെയാണ് ശ്രീകുമാർ എന്ന പേരിൽ കവിതയെഴുതുന്നതെന്നു ക്ഷമാപണത്തോടെ സുഗതകുമാരി മറുപടിയെഴുതി. ഇക്കാലയളവിൽ ആറു കവിതകൾ ശ്രീകുമാർ എന്ന പേരിൽ ആഴ്ചപ്പതിപ്പിൽ വന്നിരുന്നു. കവിതയ്ക്ക് പ്രതിഫലം കിട്ടിയപ്പോൾ തന്റെ പേര് ഉപയോഗിച്ചു എന്ന അവകാശത്തിൽ അതിന്റെ ഒരു വിഹിതം ബോധേശ്വരന്റെ അനന്തിരവനായ ശ്രീകുമാർ നിർബന്ധപൂർവ്വം വാങ്ങിയിരുന്നു. കവിതയെഴുത്തിലെ ഒതുക്കം സുഗതകുമാരിയെ എൻ.വി.കൃഷ്ണവാരിയരുടെ ശിഷ്യയാക്കി.

ഫിലോസഫിയിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയതോടെ ഗവേഷണ മേഖലയിലേക്ക് തിരിഞ്ഞു. ഇന്ത്യൻ തത്ത്വചിന്തയിൽ മോക്ഷം എന്ന സങ്കല്പത്തെക്കുറിച്ചുള്ള താരതമ്യപഠനം മൂന്നു വർഷം നടത്തിയെങ്കിലും അതു പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല.

വിവാഹിതയായ സുഗതകുമാരി ഭർത്താവ് വേലായുധൻനായരോടൊപ്പം കുറച്ചുകാലം ഡൽഹിയിൽ താമസമാക്കി. അന്ന് അദ്ദേഹം എൻ.സി.ഇ.ആർ.ടിയിലെ ഉദ്യോഗസ്ഥനായിരുന്നു. ഇക്കാലത്ത് കുറെയധികം കവിതകൾ എഴുതി. ഒ.വി.വിജയൻ, കാക്കനാടൻ, എം.പി.നാരായണപിള്ള തുടങ്ങിയവരുമായുള്ള സൗഹൃദം അതിനു പ്രേരണയായി. ജി.ശങ്കരക്കുറുപ്പ് ജ്ഞാനപീഠം പുരസ്കാരം സ്വീകരിക്കുവാൻ ഡൽഹിയിൽ ചെന്നപ്പോൾ അദ്ദേഹത്തിന്റെ വഴികാട്ടിയായിരുന്നു.

> **ഡൽഹിയിൽ നിന്നുള്ള മടക്കയാത്രയിൽ ഓടിക്കൊണ്ടിരിക്കുന്ന തീവണ്ടിയുടെ സമീപത്ത് ഒരു കാട് കത്തുന്നതു കാണുവാൻ ഇടയായി. പേടിച്ചരണ്ട മൃഗങ്ങൾ പാതി കരിഞ്ഞുനിൽക്കുന്നു. ഉള്ളു പൊള്ളിച്ച ആ കാഴ്ച വേദനയായി നിൽക്കുമ്പോഴാണ് സൈലന്റ് വാലിയെക്കുറിച്ചുള്ള പ്രൊഫ.എം.കെ. പ്രസാദിന്റെ ഒരു ലേഖനം ശ്രദ്ധയിൽപ്പെടുന്നത്. കുന്തിപ്പുഴയിൽ അണകെട്ടി വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള തീരുമാനത്തെ എതിർക്കുക എന്നതായിരുന്നു ആ ലേഖനത്തിന്റെ ലക്ഷ്യം. തിരുവനന്തപുരത്ത് നടന്ന അക്കാദമിക് യോഗത്തിൽ സുഗതകുമാരി കടന്നുചെന്നു. അതോടെ അതൊരു സംഘടിത പ്രസ്ഥാനമായി വളർന്നു.**

ഡൽഹിയിൽ നിന്നുള്ള മടക്കയാത്രയിൽ ഓടിക്കൊണ്ടിരിക്കുന്ന തീവണ്ടിയുടെ സമീപത്ത് ഒരു കാട് കത്തുന്നതു കാണുവാൻ ഇടയായി. പേടിച്ചരണ്ട മൃഗങ്ങൾ പാതി കരിഞ്ഞുനിൽക്കുന്നു. ഉള്ളു പൊള്ളിച്ച ആ കാഴ്ച വേദനയായി നിൽക്കുമ്പോഴാണ് സൈലന്റ് വാലിയെക്കുറിച്ചുള്ള പ്രൊഫ. എം.കെ.പ്രസാദിന്റെ ഒരു ലേഖനം ശ്രദ്ധയിൽപ്പെടുന്നത്. കുന്തിപ്പുഴയിൽ അണകെട്ടി വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള തീരുമാനത്തെ എതിർക്കുക എന്നതായിരുന്നു ആ ലേഖനത്തിന്റെ ലക്ഷ്യം. തിരുവനന്തപുരത്ത് നടന്ന അക്കാദമിക് യോഗത്തിൽ സുഗതകുമാരി കടന്നുചെന്നു. അതോടെ അതൊരു സംഘടിത പ്രസ്ഥാനമായി വളർന്നു.

വേൾഡ് വൈഡ് ലൈഫ് ഫണ്ടിന്റെ ട്രസ്റ്റികളിലൊരാളും പരിസ്ഥിതി ശാസ്ത്രജ്ഞനുമായ സഫർ ഫത്തേ ഹല്ലിനെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പശ്ചിമഘട്ടത്തിൽ സംരക്ഷിക്കപ്പെടേണ്ട സ്ഥലങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. നാഷണൽ കമ്മിറ്റി ഫോർ എൻവയൺമെന്റ് പ്ലാനിങ് ആന്റ് കൺസർവേഷന്റെ ചുമതലയിൽ 1976ൽ ഫത്തേ ഹല്ലിയും സംഘവും കർണ്ണാടകയിൽ നിന്നും അന്വേഷണം ആരംഭിച്ചു. ആ യാത്ര അവസാനിച്ചത് സൈലന്റ്വാലിയിലായിരുന്നു. അവിടെയുള്ള കന്യാവനമാണ് യഥാർത്ഥ ഉഷ്ണമേഖല മഴക്കാട് എന്നു കണ്ടെത്തി. ഈ വനമേഖല പ്രത്യേകം സംരക്ഷിക്കണം എന്ന് സംഘം കേന്ദ്രത്തിന് റിപ്പോർട്ട് നൽകി. ഇതോടെ സൈലന്റ് വാലിയെ സംരക്ഷിക്കേണ്ടത് ആവശ്യമാണെന്ന ബോധ്യം സമരാവേശമായി. സൈലന്റ്വാലി പ്രശ്നം പഠിക്കാൻ കേന്ദ്രവും സംസ്ഥാനവും സംയുക്തമായി ഒരു സമിതിയെ നിയമിച്ചു. മുഖ്യമന്ത്രി ഇ.കെ.നായനാരുടെ നിർദ്ദേശപ്രകാരം പ്രൊഫ.എം.ജി. കെ.മേനോൻ സമിതിയുടെ ചെയർമാനായി.

1980 മാർച്ച് ഒന്നിന് സുഗതകുമാരി കേരള കൗമുദി യിൽ 'ലജ്ജാവഹം' എന്ന തലക്കെട്ടിൽ ഒരു ലേഖനമെഴുതിയതോടെ വിഷയം ജനകീയമായി. ശാസ്ത്രജ്ഞരും പരിസ്ഥിതി സ്നേഹികളും ഈ വിഷയം രണ്ടുമൂന്നുവർഷമായി ഉന്നയിച്ചിരുന്നുവെങ്കിലും അതിന് വേണ്ടത്ര സ്വീകാര്യത ലഭിച്ചിരുന്നില്ല. സാഹിത്യകാരന്മാരും സാംസ്കാരിക പ്രവർത്തകരും ഉണർന്നു.

'1978–79 കളിൽ സൈലന്റ്വാലി എന്റെ ജീവിതത്തിലേക്ക് ഒരിരമ്പലോടെ കടന്നുവന്നു. ആദ്യാനുരാഗം പോലെ തീവ്രവും ദുഃഖമയവും മധുരവും ആശങ്കാകുലവുമായ ഒരനുഭവം. അതോടെ എന്റെ ജീവിതം മാറിമറിഞ്ഞു. പ്രകൃതി അവളുടെ സർവ്വപ്രഭാവത്തോടും കൂടി എന്റെ ജീവിതത്തിലേക്ക് കടന്നു കയറി പീഠമിട്ടിരിപ്പായി. അതോടെ എന്റെ മനസ്സുമാറി, കവിത മാറി, ലക്ഷ്യങ്ങൾ മാറി, ഈ പുതിയ മതം എന്നെ മാത്രമല്ല, ഈ തലമുറയിലെ ഏറെപ്പേരേയും പിടിച്ചുകുലുക്കി.'

ഭർത്താവ് കെ.വേലായുധൻനായർ, ഗുരുസ്ഥാനീയനായ എൻ.വി.കൃഷ്ണവാരിയർ, എം.ടി.വാസുദേവൻ നായർ, ഒ.എൻ.വി.കുറുപ്പ്, വിഷ്ണുനാരായണനൻ നമ്പൂതിരി തുടങ്ങിയവർ സുഗതകുമാരിയ്ക്കൊപ്പം നിലകൊണ്ടു. കടമ്മനിട്ട രാമകൃഷ്ണൻ, സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട് തുടങ്ങിയവർ അണിചേർന്നതോടെ സൈലന്റ്വാലി വിഷയം കേരളസമൂഹത്തിന്റെ ചിന്തയ്ക്കും വിമർശനത്തിനും വിശകലനത്തിനും വിധേയമായി. തെരുവുനാടകങ്ങളും, ബോധവത്കരണ സെമിനാറുകളും കവിയരങ്ങുമായി കേരളം ഉണർന്നു. കാടിനോടുള്ള പ്രേമത്തെ പരിഹസിക്കുന്ന കാർട്ടൂണുകൾ പത്രമാധ്യമങ്ങളിൽ വന്നുതുടങ്ങി. 'സിംഹവാലൻ കുരങ്ങിന്റെ പേരിൽ വികസനത്തെ മുരടിപ്പിക്കുന്ന മരക്കവികൾക്കെതിരെ രാഷ്ട്രീയക്കാർ പ്രതിഷേധിച്ചു'. സമരത്തിൽ പങ്കെടുത്ത കവികളെല്ലാം ഇക്കാലത്തെഴുതിയ കവിതകളിൽ നിറഞ്ഞുനിന്നത് മനുഷ്യനും പ്രകൃതിയും ആകുലതകളുമായിരുന്നു. മരക്കവിതകൾ മലയാള ഭാഷയിൽ അതുവരെയില്ലാതിരുന്ന പുതിയൊരു പച്ചപ്പിന് വഴിയൊരുക്കി. ഈ കവിതകളെല്ലാം 'വനപർവ്വം' എന്ന പേരിൽ പ്രസിദ്ധീകരിച്ചതോടെ പരിസ്ഥിതി വിഷയം കേവലം ഒരു ബൗദ്ധിക ചർച്ചയല്ലായെന്നു ബോധ്യപ്പെട്ടു. 1980 ജൂൺ 6ന് വി.ജെ.ടി ഹാളിൽ കൂടിയ സമ്മേളനം പരസ്യപോരാട്ടത്തിന്റെ പ്രഖ്യാപനമായിരുന്നു.

അധികാരത്തിൽ തിരിച്ചെത്തിയ ഇന്ദിരാഗാന്ധി 1984ൽ സൈലന്റ്വാലിയിൽ അണകെട്ടുവാനുള്ള അനുമതി റദ്ദാക്കി. ഈ കൊച്ചുകേരളത്തിന്റെ ആത്മാഭിമാനത്തെ വീണ്ടെടുത്ത സന്ദർഭം കൂടിയായിരുന്നു അതെന്നു സുഗതകുമാരി ഓർത്തെടുത്തു. പ്രക്ഷോഭം വിജയിച്ചതിനുശേഷം വനസംരക്ഷണത്തിനായി എന്തെങ്കിലും ക്രിയാത്മകമായി ചെയ്യണം എന്ന ആശയം ബലപ്പെട്ടു. ഒരു മൊട്ടക്കുന്നെങ്കിലും കാടാക്കി മാറ്റുക എന്നതായിരുന്നു ലക്ഷ്യം. ഭ്രാന്തൻ സ്വപ്നമെന്ന് വിധിയെഴുതിയെങ്കിലും ആ ഭ്രാന്തിനെ പിൻപറ്റുവാൻ ഒരുപിടി ജീവിതങ്ങൾ തയ്യാറായി.

കേന്ദ്രസർക്കാരിന്റെ സഹായത്തോടെ അട്ടപ്പാടിയിൽ ആദ്യം 30 ഹെക്ടറിലും പിന്നീട് 100 ഹെക്ടറിലും വിത്തും തൈയും നട്ടു. പാലൂർ, തേക്കുവട്ട, ധാന്യം തുടങ്ങിയ ഊരുക്കളിൽ താമസിക്കുന്നവരെ വനസംരക്ഷകരാക്കി. അവിടെയുള്ള സ്ത്രീകൾക്കായി സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി. അനെർട്ടിന്റെ സഹായത്തോടെ സൗരോർജം എത്തി. മോട്ടോർ പമ്പുകൾ സ്ഥാപിച്ച് കൃഷിയിടങ്ങൾ ജലസമൃദ്ധമാക്കി. ആർത്തിയോടെ വളർന്ന മരങ്ങൾ കറുത്തിരുണ്ട കാടായി വളർന്നു. എൻ.വി.കൃഷ്ണവാരിയരെ സ്മരിച്ചുകൊണ്ട് ബാമ്മിയാംപടിയിലെ വനത്തിന് 'കൃഷ്ണവനം' എന്നു പേരിട്ടു.

വിത്തിനു മുളപൊട്ടി, തൈകൾക്ക് തളിരു വന്നു. വരണ്ട നിലങ്ങളിൽ വേരിറങ്ങി. പച്ചപ്പിന്റെ കുടകൾ അവിടെയാകെ ഉയർന്നു. ഉറവ വറ്റിയ മണലഞ്ചേറു ചാലിൽ ഉറവ തെളിഞ്ഞു. അതരുവിയായി പുഴയായി താളം തല്ലി പിന്നെ തിമിർത്തൊഴുകി ഭവാനി പ്പുഴയെ ലക്ഷ്യമാക്കി. മയിലും കുയിലും മാനും അതിഥിയായി. തമിഴ്നാട് കാടുകളിൽ നിന്നും ആനകളെത്തി. കലമാനേയും ഉൾവനത്തിൽ കരടിയേയും കണ്ടു എന്ന് ഫോറസ്റ്റ് ഗാർഡിന്റെ റിപ്പോർട്ട്. കാട് മരങ്ങളുടെ കൂട്ടമല്ലെന്നും പാരിസ്ഥിതിക ഊർജ്ജത്തിന്റെ സ്രോതസ്സാണെന്നും ബോധ്യപ്പെടുത്തുവാൻ സുഗതകുമാരിയുടെ നേതൃത്വത്തിലുള്ളവർക്കു കഴിഞ്ഞു. സൈലന്റ് വാലിയെ ദേശീയ ഉദ്യാനമായി പ്രഖ്യാപിച്ചതിന്റെ ഇരുപത്തിയഞ്ചാം വാർഷികമായ 2009ൽ സുഗതകുമാരി അവസാനമായി താൻ നട്ടുനനച്ചു തുടക്കം കുറിച്ച മനുഷ്യനിർമ്മിത കാടു കണ്ടു മടങ്ങി. അട്ടപ്പാടിയിൽ സുഗതകുമാരിക്ക് ഏക്കറുകണക്കിന് ഭൂമിയുണ്ടെന്ന് 'പുതിയ വികസന വിരോധികൾ' പ്രചരിപ്പിച്ചു.

1984ൽ സുന്ദർ എന്ന സുഹൃത്ത് തിരുവനന്തപുരം മനോരോഗാശുപത്രിയിൽ നടക്കുന്ന, നടുക്കുന്ന വാർത്തകളുമായെത്തി. ചെറുപ്പക്കാരികളായ മനോരോഗികളെ തൊട്ടടുത്തുള്ള പോലീസ് ക്യാമ്പിലെത്തിച്ച് ദുരുപയോഗം ചെയ്യുന്നു എന്ന വാർത്ത അവയിലൊന്നുമാത്രമായിരുന്നു. സുഗതകുമാരിയുടെ ജീവിതത്തിൽ മറ്റൊരു അശാന്തപർവ്വം അവിടെ ആരംഭിക്കുകയായി. അഞ്ഞൂറുപേരെ പാർപ്പിക്കേണ്ടിടത്ത് ആയിരത്തിലേറെപ്പേർ. മലമൂത്രവും മാലിന്യവും നിറഞ്ഞ ദുരിതപൂർണ്ണമായ ജീവിതം. 'വിശക്കുന്നേ... ചോറു തായോ....' എന്ന നിലവിളിയാണ് കവയിത്രിയെ എതിരേറ്റത്. അന്നു വൈകിട്ട് അഭയ എന്ന പ്രസ്ഥാനത്തിന് തുടക്കമിട്ടു. എം.എൽ.എ കൂടിയായ കെ.വി.സുരേന്ദ്രനാഥ് അതിന്റെ പ്രസിഡന്റായി. അദ്ദേഹം നിയമസഭയിൽ വിഷയം ഉന്നയിച്ചു. പത്രങ്ങളിൽ വാർത്തയായി. കോഴിക്കോട്ട് മനോരോഗാശുപത്രിയും സന്ദർശിച്ചു. എവിടെയും നിലവിളിയും ദുരിതവും. കോളജ് വിദ്യാർത്ഥികളെ കൂട്ടിവരുത്തി. നക്സലൈറ്റുകളും ഗാന്ധിയന്മാരും അവരോടൊപ്പം കൂടി. പ്രതിഷേധ ജാഥ മാനസികാരോഗ്യകേന്ദ്രത്തിന്റെ മുന്നിൽ സമാപിച്ചു. ഇനി എന്ത് എന്നുള്ള ചോദ്യത്തിനു മറുപടിയുമായി കളക്ടറായിരുന്ന കെ.ജയകുമാറെത്തി. 'പൊതുഹർജി നൽകിയാൽ ഫലമുണ്ടാകും.' വിഷയം കോടതിയിലെത്തി. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ പ്രശ്നങ്ങൾ ആഴത്തിൽ പഠിച്ചു. നൂറ്റിയമ്പതു വർഷമായി അടഞ്ഞുകിടന്ന മാനസികാരോഗ്യ കേന്ദ്രങ്ങൾ പൊതുജനങ്ങൾക്കു മുന്നിൽ തുറക്കപ്പെട്ടു. ചികിത്സ കഴിഞ്ഞവരെ സ്വീകരിക്കാൻ വീട്ടുകാരില്ല. അശരണരായവർ കൈനീട്ടിയപ്പോൾ ഒരു മുന്നൊരുക്കവുമില്ലാതെ സുഗതകുമാരി അവരെ സ്വീകരിച്ചു.

വീട്ടുകാരാൽ ഉപേക്ഷിക്കപ്പെട്ട ഒരു മുസ്ലീം യുവതി പൂർണ്ണഗർഭിണിയായി ആരോ എഴുതിക്കൊടുത്ത വിലാസവുമായി തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലെത്തി. ഓട്ടോ റിക്ഷാക്കാർ അവളെ അഭയയിലെത്തിച്ചു. പ്രസവം അടുത്ത യുവതിക്ക് രക്തം വേണം. അഭയയിലെ അംഗങ്ങൾ ആ രാത്രിയിൽ വിവിധ സ്ഥലങ്ങളിൽ അന്വേഷിച്ചുവെങ്കിലും അവൾക്കിണങ്ങുന്ന രക്തദാതാവിനെ കണ്ടെത്താൻ കഴിഞ്ഞില്ല. എ.കെ.ജി.സെന്ററിന്റെ എതിർഭാഗത്തിലുള്ള സ്റ്റുഡൻസ് സെന്ററിലെ ചെറിയാൻ ശെമ്മാശന്റെ (ഡോ.സക്കറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത) രക്തം ഒടുവിൽ അവളുടെ രക്ഷക്കായി നൽകി. ഒരു ക്രിസ്ത്യാനിയുടെ രക്തം ഒരു മുസ്ലീമിന് നന്നായി ചേരുമെന്ന് ജീവിതാനുഭവങ്ങളിലൂടെ സുഗതകുമാരി എന്ന ഹിന്ദു പൊതുസമൂഹത്തിനു ബോധ്യപ്പെടുത്തുകയായിരുന്നു. ഇത്തരത്തിലുള്ള എത്രയോ അനുഭവങ്ങളാണ് അഭയയ്ക്ക് പറയാനുള്ളത്.



# ഓർമകളിലെ കവിമനസ്സ്

## സുഗതകുമാരി

പിടിപ്പണം കൊണ്ട് അഭയ പിച്ചവെച്ചു വളർന്നു തുടങ്ങി. പ്രസിദ്ധീകരണത്തിൽ നിന്നും എഴുതി കിട്ടിയ പണവും പുരസ്കാര ത്തുകയും അതിനായി നീക്കിവെച്ചു. അമേരിക്കയിൽ ഫൊക്കാനയുടെ കൺവൻഷനിൽ പങ്കെടുത്തപ്പോൾ സാമ്പത്തികമായി കൈ ത്താങ്ങ് അവിടെയുള്ളവർ നൽകുമെന്നു പ്രതീക്ഷിച്ചുവെങ്കിലും വേണ്ടത്രയുണ്ടായില്ല. 'അഭയയുടെ പ്രാർത്ഥനാ മുറിയിൽ നിന്നും ബൈബിളും ഖുർ ആനും മാറ്റുമെങ്കിൽ' ആവശ്യമായ പണം നൽകാമെന്ന ഹിന്ദു സംഘടനകളുടെ വാഗ്ദാനം ഉണ്ടായെങ്കിലും അതു നിരസിച്ചു. 'അഭയ ഒരു ഹിന്ദു സംഘടനയല്ലെ. നാമെന്തിന് സഹായിക്കണം' എന്നു പറഞ്ഞ ക്രിസ്ത്യൻ സംഘടനകളെയും അവിടെ കാണുവാൻ കഴിഞ്ഞു. ഒരു ശുദ്ധഹിന്ദുവിന്റെയും ഒരു സത്യക്രിസ്ത്യാനിയുടേയും സഹായമില്ലാതെ തട്ടും തലോടലുമായി അഭയ വളർന്നു. കേന്ദ്രസർക്കാർ അനുവദിച്ച തച്ചോട്ടുകാവിലെ പത്തര ഏക്കർ സ്ഥലത്ത് ഹരിതാഭമായ, പ്രതീക്ഷാനിർഭരമായ ഒരു ഗ്രാമം ഉടലെടുത്തു. അഭയഗ്രാമത്തിന് തറക്കല്ലിട്ടത് ദലൈ ലാമയായിരുന്നു. അദ്ദേഹം അവിടെ ബോധിവൃക്ഷം നട്ടു. വൈക്കത്തുള്ള കൃഷ്ണൻ നമ്പ്യാതിരിയുടെയും കുടുംബത്തിന്റെയും ദാനമായ 'പെരുമ്പള്ളിയാഴത്തുമന' 101 രൂപ ദക്ഷിണ നൽകി സ്വീകരിച്ചു കൊണ്ട് അഭയഗ്രാമത്തിൽ പുനഃസ്ഥാപിച്ചു. പ്രകൃതി മനോഹാരിതയുടെ പശ്ചാത്തലത്തിൽ ഈ മന അഭയയുടെ അലങ്കാരമായി നിലനിൽക്കുന്നു. കാരുണ്യത്തിന്റെ പ്രതീകമായി വളർന്നുനിൽക്കുന്നു. കർമ, മിത്ര, ശ്രദ്ധാഭവനം, ബോധി, അഭയബാല, പകൽവീട് എന്നിങ്ങനെ അതിന് പല ശാഖകളുണ്ടായി. നിരാകരിക്കപ്പെട്ട ഒരുപാടു ജീവിതങ്ങൾക്ക് അവിടം അഭയവും അത്താണിയുമായി.

**ദാരിദ്ര്യമകറ്റുവാനായി വീട്ടു ജോലി ചെയ്തു കഴിയവെ ബന്ധുവായ സ്ത്രീയുടെ ചതിയിൽപ്പെട്ട് ആറുമാസം ലൈംഗീക പീഡനത്തിനിരയായ പെൺകുട്ടിയെ കൊന്നുകളയുവാൻ ഇറങ്ങിപ്പുറപ്പെട്ടവരിൽ നിന്നും രക്ഷപ്പെട്ട കഥയാണ് 'വിതുരയിലെ പെൺകുട്ടിയ്ക്ക്' പറയുവാനുള്ളത്. അവളെ പ്രദർശന വസ്തുവാക്കാതെ രണ്ടുകൈയ്യും നീട്ടി സ്വീകരിച്ചു, ആശ്വസിപ്പിച്ചു. സ്ത്രീ സംഘടനകൾ സെക്രട്ടറിയേറ്റിനു മുന്നിലെ സമരപ്പന്തലിൽ ഇരുന്നുകൊണ്ട് 'നീതിക്കായി വിതുരയിലെ പെൺകുട്ടിയെ വിട്ടുതരൂ' എന്നു പറഞ്ഞു. 'അവളുടെ ജീവിതം തകർക്കരുത്' എന്നുമാത്രമായിരുന്നു മറുപടി. പുറംലോകം തിരിച്ചറിയാതെ, വാർത്തയിൽ ഒരിക്കൽ പോലും ഫോട്ടോ പതിയാതെ, പല പേരിൽ, പല സ്ഥലങ്ങളിലായി പതിനാറുവർഷം അവളെ സംരക്ഷിച്ചു.**

1996ൽ കേരള സംസ്ഥാനത്ത് വനിത കമ്മീഷൻ രൂപീകരിച്ചപ്പോൾ സുഗതകുമാരി ആദ്യത്തെ അധ്യക്ഷയായി. ഇക്കാലത്ത് ഒട്ടുവളരെ സാമൂഹിക പ്രശ്നങ്ങൾ ജനശ്രദ്ധയിൽ കൊണ്ടുവന്നു. കാൽ ലക്ഷത്തോളം പരാതികളിലാണ് തീർപ്പു കല്പിച്ചത്. ക്രിസ്ത്യൻ പിൻതുടർച്ചാവകാശ കാര്യങ്ങളിൽ കമ്മീഷൻ ധീരമായ നിലപാടെടുത്തു.

കേരള മനസ്സിനെ പിടിച്ചുകുലുക്കിയ സംഭവങ്ങളായിരുന്നു സൂര്യനെല്ലി പെൺകുട്ടിയുടേയും വിതുരയിലെ പെൺകുട്ടിയുടേയും വിഷയങ്ങൾ. സൂര്യനെല്ലി പെൺകുട്ടിക്കുണ്ടായ ദുരന്തം മലയാള മനോരമയിലൂടെ സുഗതകുമാരിയിൽ നിന്നുമാണ് ലോകം അറിഞ്ഞത്. 'കരയരുത്, പൊരുതുക കുഞ്ഞേ മിടുക്കിയായിരിക്കൂ' എന്ന് ധൈര്യം പകർന്നു. വിചാരലോകം അവളെ വിചാരണ ചെയ്തപ്പോഴും ഒരമ്മയുടെ വാത്സല്യം നൽകി പരിപാലിച്ചു. പ്രൊഫ. പി.ജെ.കുര്യനെ ആ കേസുമായി ബന്ധിപ്പിക്കാൻ പല ഭാഗങ്ങളിൽ നിന്നും സമ്മർദ്ദം ഉണ്ടായി. 'അറിയാത്ത കാര്യത്തെക്കുറിച്ച് പറയാൻ തനിക്കാവില്ല' എന്നായിരുന്നു അവർക്കു നൽകിയ മറുപടി. അവസാന പ്രതീക്ഷയായ നീതിപീഠം പോലും 'ഓടി രക്ഷപ്പെടാമായിരുന്നില്ലേ' എന്നു ചോദിച്ചപ്പോൾ 'എന്തൊരജ്ഞത, ഹൃദയശൂന്യത' എന്നാണ് അതിനെക്കുറിച്ച് സുഗതകുമാരി പ്രതികരിച്ചത്.

ദാരിദ്ര്യമകറ്റുവാനായി വീട്ടു ജോലി ചെയ്തു കഴിയവെ ബന്ധുവായ സ്ത്രീയുടെ ചതിയിൽപ്പെട്ട് ആറുമാസം ലൈംഗീക പീഡനത്തിനിരയായ പെൺകുട്ടിയെ കൊന്നുകളയുവാൻ ഇറങ്ങിപ്പുറപ്പെട്ടവരിൽ നിന്നും രക്ഷപ്പെട്ട കഥയാണ് 'വിതുരയിലെ പെൺകുട്ടിയ്ക്ക്' പറയുവാനുള്ളത്. അവളെ പ്രദർശന വസ്തുവാക്കാതെ രണ്ടുകൈയ്യും നീട്ടി സ്വീകരിച്ചു, ആശ്വസിപ്പിച്ചു. സ്ത്രീസംഘടനകൾ സെക്രട്ടറിയേറ്റിനു മുന്നിലെ സമരപ്പന്തലിൽ ഇരുന്നുകൊണ്ട് 'നീതിക്കായി വിതുരയിലെ പെൺകുട്ടിയെ വിട്ടുതരൂ' എന്നു പറഞ്ഞു. 'അവളുടെ ജീവിതം തകർക്കരുത്' എന്നുമാത്രമായിരുന്നു മറുപടി. പുറംലോകം തിരിച്ചറിയാതെ, വാർത്തയിൽ ഒരിക്കൽ പോലും ഫോട്ടോ പതിയാതെ, പല പേരിൽ, പല സ്ഥലങ്ങളിലായി പതിനാറുവർഷം അവളെ സംരക്ഷിച്ചു. എല്ലാം അറിയാവുന്ന ഒരാളെക്കൊണ്ട് രഹസ്യമായി വിവാഹം കഴിപ്പിച്ചു. ഇന്നും 'വിതുരയിലെ പെൺകുട്ടി' മറ്റുള്ളവർ തിരിച്ചറിയാതെ ജീവിക്കുന്നു. (അഭയയിൽ എത്തിയ ഈ ലേഖകന് ആ പെൺകുട്ടിയെ കാണുവാനുള്ള അവസരം ഉണ്ടായി.)

വാളയാറിലെ സഹോദരങ്ങളായ ബാലികമാർ ലൈംഗിക പീഡനത്തിന് ഇരയായി കൊല്ലപ്പെട്ടപ്പോൾ ലോക്കൽ പോലീസ് അത് ആത്മഹത്യയാക്കി കേസ് അവസാനിപ്പിക്കുവാൻ ശ്രമിച്ചു. കേസ് സി.ബി.ഐയ്ക്ക് വിടണമെന്ന് സുഗതകുമാരി ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയന് കത്തെഴുതി. 'മുഖ്യമന്ത്രീ, മനസ്സിലാക്കൂ, കുട്ടികൾ ആത്മഹത്യ ചെയ്യാറില്ല.' ഉള്ളുരുകിയ ആ കത്തിനും ഫലം കണ്ടു.

മതത്തിന്റെയും ജാതിയുടെയും പേരിൽ മനുഷ്യൻ മതിലുകൾ തീർക്കുമ്പോൾ തന്റെ പിതാവിന്റെ പ്രാർത്ഥന ജർമനിയുടെ വലിയ മതിലിനെ ഇല്ലാതാക്കിയ അനുഭവം സുഗതകുമാരിയുടെ ജീവിതത്തിലുണ്ടായി. വിഭജിത ജർമ്മനിയിലേക്ക് സുഗതകുമാരി പോകുമ്പോൾ പിതാവ് മകളോട് ആവശ്യപ്പെട്ടത് മതിലില്ലാത്ത ജർമ്മനിക്കുവേണ്ടി പ്രാർത്ഥിക്കണം എന്നായിരുന്നു. ആ മതിലിൽ തൊട്ട് 'ഇത് ജനതയെ വിഭജിക്കുന്നു. ഇത് ഇവിടെ ആവശ്യമില്ലെന്ന്' അച്ഛന്റെ പ്രാർത്ഥന മകൾ മതിൽതൊട്ടുരുവിട്ടു. സുഗതകുമാരി രണ്ടാമതും ജർമ്മനി സന്ദർശിച്ചപ്പോഴേക്കും ആ മതിൽ അവിടെ നിന്നും നീക്കം ചെയ്തിരുന്നു. കൊച്ചുകേളത്തിന്റെ മുനമ്പുസമാനമായ ദേശത്തുനിന്നുകൊണ്ടുള്ള ഒരു പടുവൃദ്ധന്റെ പ്രാർത്ഥന വിഭജിത ജർമ്മൻകാരുടെ മനസ്സിൽ പരിവർത്തനം വരുത്തിയതും ആ പാവം മാനവഹൃദയം നേരിട്ടു കണ്ടു.

ആർ.എസ്.എസിന്റെ ഒളിപ്പോരാളി എന്ന് കഥാകാരൻ സക്കറിയ വിമർശിച്ചപ്പോഴും സുഗതകുമാരി കവിതകൊണ്ടാണ് അതിനെ പ്രതിരോധിച്ചത്. സ്വാമി വിവേകാനന്ദനും മഹാത്മജിയുമാണ് തന്റെ ജീവിതത്തിലെ ഗുരുക്കന്മാരെന്നും 'ഒരാൾ മുകളിലായി വിളക്കു കാട്ടുന്നു; ഒരാൾ വടിയൂന്നി നടക്കുന്നു മുന്നിൽ. ഒളിപ്പോരെന്തെന്ന് ഇവർ പഠിപ്പിച്ചില്ല. തിളച്ച വെയിലിൽ നിന്നുകൊണ്ട് പയറ്റുവാനേ പഠിപ്പിച്ചുള്ളു' എന്നു പറഞ്ഞാശ്വസിക്കുവാനേ ശ്രമിച്ചുള്ളു.

ആറന്മുള വിമാനത്താവളത്തിനെതിരെ നടന്ന പ്രക്ഷോഭം പൊതുസമൂഹത്തിലെ വിള്ളലുകളെ കൂട്ടിയിണക്കുവാനുള്ള അവസരം കൂടിയായിരുന്നു. തുടക്കം ആശങ്കാവഹമായിരുന്നുവെങ്കിലും ഒടുവിലത് വിജയകരമായി പര്യവസാനിച്ചു. വിമാനത്താവളം വന്നാലുണ്ടാകുന്ന നാടിന്റെ വികസനത്തെക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കുവാൻ സ്വകാര്യ കമ്പനിയുടെ വക്താക്കൾ ശ്രമിച്ചുകൊണ്ടേയിരുന്നു. അതിന്റെ ഭാഗമായി അവരോടൊപ്പമുള്ളവർ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയമെത്രാപ്പോലീത്തായെ കണ്ടു സാധ്യതകൾ ബോധ്യപ്പെടുത്തി. 'എനിക്ക് ഇതിനെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ, പക്ഷേ, സുഗതകുമാരി ടീച്ചർ പറയുന്നു, ഇതു പാടില്ലാ എന്ന്. അവർ ശരിയുടെ പക്ഷത്തേ നിൽക്കൂ. അതുകൊണ്ട് ഞാൻ നിങ്ങളോടൊപ്പമില്ല...'. കൊടിയുടെ നിറം മറന്ന് ഒന്നിച്ചു ഇതിനെതിരെ ഒരു ദേശം മുഴുവൻ പ്രതികരിച്ചു, പ്രതിഷേധിച്ചു. വികസനത്തിന്റെ പേരിൽ വയലും തോടും മണ്ണിട്ട് നികത്തിയവർക്കെതിരെ കോടതിയിൽ പോരാടി. കൈത്തോട് പുനഃസ്ഥാപിക്കുവാനുള്ള വിധി നേടി. ദേശവാസികൾ ഒന്നിച്ചണിനിരന്നു കൃഷിയിറക്കി. രോഗാവസ്ഥയിലും ക്ഷീണാവസ്ഥയിലും കഴിഞ്ഞിരുന്ന സുഗതകുമാരിക്ക് സമരഭൂമിയിൽ വിജയനാളുകളിൽ പങ്കെടുക്കുവാൻ കഴിഞ്ഞില്ല. നെൽക്കതിർ വട്ടിനിറച്ച് അവരത് സമരനായികയുടെ വീട്ടിലെത്തിച്ചു. അതിലൊരു വീതം ഒ.എൻ.വിയുടെ സ്മൃതി ചിത്രത്തിനു മുന്നിലും മറ്റൊരു പിടി വിഷ്ണുനാരായണൻ നമ്പൂതിരിക്കും സമർപ്പിച്ചു. സമരത്തിന് തുടക്കം കുറിച്ചത് ഒ.എൻ.വിയുടെ ഭവനാങ്കണത്തിലായിരുന്നു.

ജവഹർ ബാലഭവന്റെ പ്രിൻസിപ്പൽ, കേരള ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണമായ തളിരിന്റെ പത്രാധിപ, സംസ്കാരിക വകുപ്പ് എ.ആർ.രാജരാജവർമ്മ സ്മാരക സമിതി അധ്യക്ഷ തുടങ്ങിയ നിലകളിലും സുഗതകുമാരി പ്രവർത്തിച്ചു. ഒരു സ്വപ്നത്തിൽ നിന്നുമാണ് ശാന്തിസമിതിക്ക് രൂപം നൽകുന്നത്. മദ്യനിരോധനത്തിനും മറ്റും ഒപ്പം നിൽക്കുന്നവരെ കൂട്ടി ഹിന്ദു മുസ്ലീം ക്രിസ്ത്യൻ സാഹോദര്യമുണ്ടാക്കി. മൂന്നു മതങ്ങളുടെയും അടിസ്ഥാനതത്വങ്ങൾ ചെറുപ്പക്കാരെ പഠിപ്പിച്ചു. ഒന്നിച്ചു ക്യാമ്പുകൾ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിച്ചു. മതവിദ്വേഷമുണ്ടാകുന്ന ഇടങ്ങളിലേക്ക് ശാന്തിസമിതി പ്രവർത്തകരെ സമാധാന വാഹകരായി നിയോഗിച്ചു. ഓണവും ക്രിസ്മസും ഇഫ്താറും ഒന്നിച്ചാഘോഷിച്ചു മാതൃക സൃഷ്ടിച്ചു.

ചുട്ടുപഴുത്ത ടാർ റോഡിലൂടെ ആനകളെ ആഘോഷത്തിന്റെ ഭാഗമാക്കിയപ്പോഴും കന്നുകാലികളെ കുത്തിനിറച്ച്, പ്രഹരിച്ച് അറവുശാലകളിലേക്കു കൊണ്ടുപോകുന്നതു കാണേണ്ടി വന്നപ്പോഴുമൊക്കെ ആ മനസ്സ് ഏറെ വേദനിച്ചു. അവർക്കുവേണ്ടി അധികാരികളുമായി കലഹിച്ചു.

സുഗതകുമാരിക്ക് ഒരു പ്രത്യേക രാഷ്ട്രീയം ഉണ്ടായിരുന്നില്ല. തിരുവനന്തപുരത്തുനിന്നും മത്സരിക്കുവാൻ എ.കെ.ആന്റണിയുടെ നിർബന്ധമുണ്ടായപ്പോഴും സി.പി.ഐയിൽ നിന്നും പി.കെ.വാസുദേവൻ നായരുടെ പ്രേരണ ഉണ്ടായപ്പോഴും അതിൽ നിന്നെല്ലാം മാറിനിന്നുകൊണ്ട് മനുഷ്യപക്ഷത്തിന്റെ രാഷ്ട്രീയകാരിയായി നിലകൊണ്ടു.

മുന്നിലിരമ്പുന്ന സങ്കടക്കടലിനെ നോക്കി ആ മനസ്സ് വിഷാദം പൂണ്ടു. ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ലല്ലോ, ചെയ്തതൊന്നും ഒന്നുമല്ലല്ലോ എന്ന ചിന്തയിൽ ഒരു പാഴ്വഞ്ചിപോലെ ആ ജീവിതം ആടിയുലഞ്ഞു. മാതാപിതാക്കൾക്കൊപ്പമുള്ള യാത്രയ്ക്കിടയിൽ ഒപ്പം കൂടിയ ഒരു നായ്ക്കുട്ടിയെ വിട്ടുപോരേണ്ടിവന്നപ്പോഴുണ്ടായ വേദനയിൽ നിന്നുമാണ് സുഗതകുമാരിയിലെ സങ്കടപർവ്വം ആരംഭിക്കുന്നത്.

എ.കെ.ആന്റണി സർക്കാർ ചാരായ നിരോധനം നടപ്പാക്കിയപ്പോഴും, ഉമ്മൻചാണ്ടി സർക്കാർ ബാറുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വരുത്തിയപ്പോഴും മലയാളത്തിന് ശ്രേഷ്ഠഭാഷ പദവി ലഭിച്ചപ്പോഴും സുഗതകുമാരി ആഹ്ലാദിച്ചു. പിന്നീടതൊന്നും ഫലപ്രാപ്തിയിൽ എത്തിയില്ലല്ലോ എന്നോർത്തു പരിതപിക്കുകയും ചെയ്തു.

സുഗതകുമാരിയുടെ കാവ്യജീവിതം സമ്പന്നമാണ്. 'യമുനാതീരെ...' എന്ന കവിതയാണ് സ്വന്തം പേരിൽ ആദ്യമായി എഴുതുന്നത് (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1956, ജൂൺ 24). ആറുപതിറ്റാണ്ടുകാലത്തെ കാവ്യജീവിതത്തിനിടയിൽ 450തോളം കവിതകൾ മാത്രമെ എഴുതിയിട്ടുള്ളൂ. ശരാശരി ഒരു വർഷം ഏഴ് കവിതകൾ മാത്രം! 'ബോധപൂർവ്വമായ ഒരുദ്ദേശ്യവും പ്രത്യേകിച്ചില്ലാതെ, അനശ്വരതയെപ്പറ്റി യാതൊരു വ്യാമോഹവുമില്ലാതെ- പൂമൊട്ടിനു വിരിഞ്ഞേ കഴിയൂ, പക്ഷിക്ക് പാടിയേ കഴിയൂ, തൊട്ടാവാടിക്ക് വാടിയേ കഴിയൂ, തിരമാലയ്ക്ക് ആഹ്ലാദത്തോടെ സ്വയം ഉയർന്നടിച്ചു ചിതറിയേ കഴിയൂ, അതുപോലെതന്നെ, അത്രമേൽ സ്വാഭാവികമായി, ആത്മാർത്ഥമാ




അതായത് രാജ്യത്തിന്റെ വിവിധ കോണുകളിൽ തേനിന്റെ മധുരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ മധുരം കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

മഹാഭാരത യുദ്ധം നടന്നത് ഹരിയാനയിലെ കുരുക്ഷേത്രയിലാണ്എന്ന് നമു ക്കെല്ലാവർക്കും അറിയാം. എന്നാൽ ഇ പ്പോൾ അവിടെയുള്ള മഹാഭാരത അനുഭവ കേന്ദ്രത്തിൽ നിങ്ങൾക്ക് ഈ യുദ്ധം നേരിട്ട് അനുഭവിക്കാനും കഴിയും. ഈ അനുഭവ കേന്ദ്രത്തിൽ, 3D, ലൈറ്റ് & സൗണ്ട് ഷോ, ഡിജിറ്റൽ ടെക്നിക്ക് എന്നിവയിലൂടെ മഹാഭാരത കഥ പ്രദർശിപ്പിക്കുന്നു. നവംബർ 25 ന് ഞാൻ കുരുക്ഷേത്ര സന്ദർശിച്ചപ്പോൾ, ഈ അനുഭവ കേന്ദ്രം തന്ന അനുഭവം എന്നെ ആഹ്ലാദിപ്പിച്ചു. സുഹൃത്തുക്കളേ, കുരുക്ഷേത്രയിലെ ബ്രഹ്മ സരോവറിൽ നടന്ന അന്താരാഷ്ട്ര ഗീത മഹോത്സവത്തിൽ പങ്കെടുക്കാനായതും സവിശേഷമായിരുന്നു. ലോകമെമ്പാടുമുള്ള ആളുകൾ ദിവ്യഗ്രന്ഥമായ ഗീതയാൽ പ്രചോദിതരാകുന്നത് കണ്ട് ഞാൻ വികാരഭരിതനായി. യൂറോപ്പ്, മധ്യേഷ്യ എന്നിവയുൾപ്പെടെ നിരവധി രാജ്യങ്ങളിൽ നിന്നുള്ളവർ ഈ ഉത്സവത്തിൽ പങ്കാളികളായി.

ഈ മാസം ആദ്യം, സൗദി അറേബ്യയിൽ ആദ്യമായി ഒരു പൊതു വേദിയിൽ ഗീത അവതരിപ്പിക്കപ്പെട്ടു. യൂറോപ്പിലെ ലാത്വിയയിലും ഒരു അവിസ്മരണീയ ഗീത മഹോത്സവം നടന്നു. ലാത്വിയ, എസ്റ്റോണിയ, ലിത്വാനിയ, അൾജീരിയ എന്നിവിടങ്ങളിൽ നിന്നുള്ള കലാകാരന്മാർ ആവേശ ത്തോടെ പങ്കെടുത്തു.

**ഭാരതത്തിന്റെ മഹത്തായ സംസ്കാരത്തിൽ സമാധാനവും കരുണയും എപ്പോഴും പരമപ്രധാനമാണ്. രണ്ടാം ലോക മഹായുദ്ധം സങ്കൽപ്പിക്കൂ, നാലുപാടും നാശത്തിന്റെ ഭയാനകമായ അന്തരീക്ഷം. ഇത്രയും ദുഷ്കരമായ സമയത്ത് ഗുജറാത്തിലെ നവാനഗറിലെ ജാം സാഹിബ് മഹാരാജ ദിഗ്വിജയ് സിംഗ് നടത്തിയ മഹത്തായ പ്രവൃത്തി ഇന്നും നമ്മെ പ്രചോദിപ്പിക്കുന്നു. ആ സമയത്ത്, ജാം സാഹിബ് ഒരു തന്ത്രപരമായ സഖ്യത്തെക്കുറിച്ചോ യുദ്ധതന്ത്രത്തെക്കുറിച്ചോ ചിന്തിച്ചില്ല. മറിച്ച്, രണ്ടാം ലോക മഹായുദ്ധത്തിനിടയിൽ പോളിഷ് ജൂത കുട്ടികളെ എങ്ങനെ സംരക്ഷിക്കാം എന്നതായിരുന്നു അദ്ദേഹത്തിന്റെ ആശങ്ക. ഗുജറാത്തിൽ ആയിരക്കണക്കിന് കുട്ടികൾക്ക് അഭയം നൽകിയ അദ്ദേഹം അവർക്ക് പുതുജീവൻ നൽകി, അത് ഇന്നും ഒരു മാതൃകയാണ്.**

സുഹൃത്തുക്കളേ,

ഭാരതത്തിന്റെ മഹത്തായ സംസ്കാരത്തിൽ സമാധാനവും കരുണയും എപ്പോഴും പരമപ്രധാനമാണ്. രണ്ടാം ലോക മഹായുദ്ധം സങ്കൽപ്പിക്കൂ, നാലുപാടും നാശത്തിന്റെ ഭയാനകമായ അന്തരീക്ഷം. ഇത്രയും ദുഷ്കരമായ സമയത്ത് ഗുജറാത്തിലെ നവാനഗറിലെ ജാം സാഹിബ് മഹാരാജ ദിഗ്വിജയ് സിംഗ് നടത്തിയ മഹത്തായ പ്രവൃത്തി ഇന്നും നമ്മെ പ്രചോദിപ്പിക്കുന്നു. ആ സമയത്ത്, ജാം സാഹിബ് ഒരു തന്ത്രപരമായ സഖ്യത്തെക്കുറിച്ചോ യുദ്ധതന്ത്രത്തെക്കുറിച്ചോ ചിന്തിച്ചില്ല. മറിച്ച്, രണ്ടാം ലോക മഹായുദ്ധത്തിനിടയിൽ പോളിഷ് ജൂത കുട്ടികളെ എങ്ങനെ സംരക്ഷിക്കാം എന്നതായിരുന്നു അദ്ദേഹത്തിന്റെ ആശങ്ക. ഗുജറാത്തിൽ ആയിരക്കണക്കിന് കുട്ടികൾക്ക് അഭയം നൽകിയ അദ്ദേഹം അവർക്ക് പുതുജീവൻ നൽകി, അത് ഇന്നും ഒരു മാതൃകയാണ്. കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, ദക്ഷിണ ഇസ്രായേലിലെ മോശാവ് നേവാത്തിമ്മിൽ ജാം സാഹിബിന്റെ പ്രതിമ അനാച്ഛാദനം ചെയ്തു. ഇത് വളരെ പ്രത്യേകതയുള്ള ഒരു ബഹുമതിയായിരുന്നു. കഴിഞ്ഞ വർഷം, പോളണ്ടിലെ വാർസോയിൽ ജാം സാഹിബിന്റെ സ്മാരകത്തിൽ ശ്രദ്ധാഞ്ജലി അർപ്പിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു. ആ നിമിഷം എനിക്ക് അവിസ്മരണീയമാണ്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഞാൻ പ്രകൃതി കൃഷിയെക്കുറിച്ചുള്ള ഒരു വലിയ സമ്മേളനത്തിൽ പങ്കെടുക്കാൻ കോയമ്പത്തൂരിൽ പോയി. പ്രകൃതി കൃഷിക്കായി ദക്ഷിണഭാരതത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ കണ്ട് എനിക്ക് വളരെ മതിപ്പു തോന്നി. ഉയർന്ന യോഗ്യതയുള്ള നിരവധി യുവ പ്രൊഫഷണലുകൾ ഇപ്പോൾ പ്രകൃതി കൃഷി മേഖല സ്വീകരിക്കുന്നു. ഞാൻ അവിടത്തെ കർഷകരോട് സംസാരിക്കുകയും അവരുടെ അനുഭവങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്തു. പ്രകൃതി കൃഷി ഭാരതത്തിന്റെ പുരാതന പാരമ്പര്യങ്ങളുടെ ഭാഗമാണ്, ഭൂമി മാതാവിനെ സംരക്ഷിക്കുന്നതിന് അത് നിരന്തരം പ്രോത്സാഹിപ്പിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും കടമയാണ്.

സുഹൃത്തുക്കളേ,

ലോകത്തിലെ ഏറ്റവും പഴക്കമുള്ള ഭാഷയുടെയും ലോകത്തിലെ ഏറ്റവും പുരാതന നഗരങ്ങളിൽ ഒന്നിന്റെയും സംഗമം എക്കാലവും ഒരു അത്ഭുതകരമായ അനുഭവമാണ്. ഞാൻ കാശി തമിഴ് സംഗമത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ഡിസംബർ 2ന് കാശിയിലെ നമോഘാട്ടിൽ നാലാമത്തെ കാശിതമിഴ് സംഗമം ആരംഭിക്കുന്നു. ഈ വർഷത്തെ കാശിതമിഴ് സംഗമത്തിന് വളരെ രസകരമായ ഒരു പ്രമേയമുണ്ട്: തമിഴ് ആർജിക്കുക തമിഴ് കട്രുക്കൊള്ളലാം. തമിഴ് ഭാഷയിൽ താല്പര്യമുള്ള എല്ലാവർക്കും കാശിതമിഴ് സംഗമം ഒരു പ്രധാന വേദിയായി മാറിയിരിക്കുന്നു. കാശിയിലെ ജനങ്ങളുമായി ഞാൻ സംസാരിക്കുമ്പോഴെല്ലാം, കാശിതമിഴ് സംഗമത്തിന്റെ ഭാഗമാകുന്നത് വളരെ നല്ലതാണെന്ന് അവർ എപ്പോഴും പറയും. ഇവിടെ അവർക്ക് പുതിയ എന്തെങ്കിലും പഠിക്കാനും പുതിയ ആളുകളെ കാണാനും അവസരമുണ്ട്. ഇത്തവണയും, തമിഴ്നാട്ടിൽ നിന്നുള്ള തങ്ങളുടെ സഹോദരീസഹോദരന്മാരെ വളരെ ആവേശത്തോടെ സ്വാഗതം ചെയ്യാൻ കാശിയിലെ ജനങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. കാശിതമിഴ് സംഗമത്തിന്റെ ഭാഗമാകാൻ ഞാൻ നിങ്ങളെല്ലാവരോടും അഭ്യർത്ഥിക്കുന്നു. കൂടാതെ, ഏക ഭാരതംശ്രേഷ്ഠ ഭാരതത്തിന്റെ ആത്മാവിനെ ശക്തിപ്പെടുത്തുന്ന മറ്റ് വേദികളും പരിഗണിക്കുക. ഒരിക്കൽ കൂടി ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നു:

തമിഴ് സംസ്കാരം മഹത്തരമാണ്.
തമിഴ് ഭാഷ മഹത്തരമാണ്.
തമിഴ് ഇന്ത്യയുടെ അഭിമാനമാണ്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ഭാരതത്തിന്റെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുമ്പോൾ ഓരോ ഭാരതീയനും അഭിമാനിക്കുന്നു. കഴിഞ്ഞയാഴ്ച, മുംബൈയിൽ വെച്ച് ഐ.എൻ.എസ്. മാ ഹി ഭാരത നാവികസേനയിൽ ഉൾപ്പെ ടുത്തി. ചിലർ അതിന്റെ തദ്ദേശീയ രൂപകൽപ്പനയിൽ ആകൃഷ്ടരായി. അതേസ മയം, പുതുച്ചേരിയിലെയും മലബാർ തീരത്തെയും ജനങ്ങൾ അതിന്റെ പേരിൽത്തന്നെ സന്തോഷിച്ചു. വാസ്തവത്തിൽ, സമ്പന്നമായ ചരിത്ര പൈതൃകമുള്ള, മാഹി എന്ന സ്ഥലത്തിന്റെ പേരിലാണ് കപ്പലിന് മാഹി എന്ന് പേരിട്ടിരിക്കുന്നത്.

ഈ യുദ്ധക്കപ്പലിന്റെ ചിഹ്നം പരമ്പരാഗതമായി കളരിപ്പയറ്റിൽ ഉപയോഗിച്ചു വരുന്ന ഉറുമിയോട് സാമ്യമുള്ളതാണെന്ന് കേരളത്തിലും തമിഴ്നാട്ടിലുമുള്ള പലരും ചൂണ്ടിക്കാട്ടി. നമ്മുടെ നാവികസേന സ്വാശ്രയത്തിലേക്ക് അതിവേഗം നീങ്ങുന്നത് നമുക്കെല്ലാവർക്കും അഭിമാനകരമാണ്. ഡിസംബർ 4 ന് നമ്മൾ നാവിക ദിനവും ആഘോഷിക്കും. നമ്മുടെ സൈനികരുടെ അദമ്യമായ ധൈര്യത്തെയും വീര്യത്തെയും ആദരിക്കുന്നതിനുള്ള വിശേഷ ദിവസമാണിത്.

സുഹൃത്തുക്കളേ,

നാവികസേനയുമായി ബന്ധപ്പെട്ട ടൂറിസത്തിൽ താൽപ്പര്യമുള്ളവർക്ക്, നമ്മുടെ രാജ്യത്ത് ധാരാളം കാര്യങ്ങൾ പഠിക്കാൻ കഴിയുന്ന നിരവധി സ്ഥലങ്ങളുണ്ട്. ഗുജറാത്തിലെ സോമനാഥിനടുത്തുള്ള ഒരു ജില്ലയായ ദിയു, രാജ്യത്തിന്റെ പടിഞ്ഞാറൻ തീരത്താണ് സ്ഥിതി ചെയ്യുന്നത്. ഐ.എൻ.എസ്. ഖുക്രി സ്മാരകവും മ്യൂസിയവും ദിയുവിലുണ്ട്. ഏഷ്യയിലെ തന്നെ സവിശേഷ മ്യൂസിയമായ നേവൽ ഏവിയേഷൻ മ്യൂസിയവും ഗോവയിലുണ്ട്. ഫോർട്ട് കൊച്ചിയിലെ ഐ.എൻ.എസ്. ദ്രോണാചാര്യയിലാണ് ഇന്ത്യൻ നേവൽ മാരിടൈം മ്യൂസിയം സ്ഥിതി ചെയ്യുന്നത്. നമ്മുടെ രാജ്യത്തിന്റെ മാരിടൈം ചരിത്രം ഭാരത നാവികസേനയുടെ പരിണാമം ഇവിടെ കാണാം. മുമ്പ് പോർട്ട് ബ്ലെയർ എന്നറിയപ്പെട്ടിരുന്ന ശ്രീവിജയപുരത്തുള്ള നേവൽ മറൈൻ മ്യൂസിയം ഈ പ്രദേശത്തിന്റെ സമ്പന്നമായ ചരിത്രം പ്രദർശിപ്പിക്കുന്നതിന് പേരുകേട്ടതാണ്. കാർവാറിലെ രവീന്ദ്രനാഥ ടാഗോർ ബീച്ചിലെ യുദ്ധക്കപ്പൽ മ്യൂസിയത്തിൽ മിസൈലുകളുടെയും ആയുധങ്ങളുടെയും പകർപ്പുകൾ ഉണ്ട്. ഭാരത നാവികസേനയുമായി ബന്ധപ്പെട്ട ഒരു അന്തർവാഹിനി, ഹെലികോപ്റ്റർ, വ്യോമയാന മ്യൂസിയം എന്നിവ വിശാഖപട്ടണത്തുണ്ട്. നിങ്ങളെല്ലാവരോടും, പ്രത്യേകിച്ച് സൈനിക ചരിത്രത്തിൽ താൽപ്പര്യമുള്ളവരോട്, ഈ മ്യൂസിയങ്ങൾ സന്ദർശിക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ശൈത്യകാലം വന്നിരിക്കുന്നു, ശീതകാല ടൂറിസം സീസണും വന്നിരിക്കുന്നു. പല രാജ്യങ്ങളും ശൈത്യകാല സമ്പദ്വ്യവസ്ഥയുടെ നെടുംതൂണാക്കിയിരിക്കുന്നു. ലോകത്തിലെ ഏറ്റവും വിജയകരമായ വിന്റർ ഫെസ്റ്റിവൽ ഉം വിന്റർ സ്പോർട്സ് മോഡലും

പല രാജ്യങ്ങൾക്കുമുണ്ട്. സ്കീയിംഗ്, സ്നോബോർഡിംഗ്, സ്നോ ട്രെക്കിംഗ്, ഐസ് ക്ലൈംബിംഗ്, ഫാമിലി സ്നോ പാർക്കുകൾ തുടങ്ങിയ അനുഭവങ്ങൾ ഈ രാജ്യങ്ങൾ അവരുടെ മുഖമുദ്രയാക്കി മാറ്റിയിരിക്കുന്നു. അവർ അവരുടെ വിന്റർ ഫെസ്റ്റിവലുകളെയും ആകർഷണങ്ങളാക്കി മാറ്റി.

സുഹൃത്തുക്കളേ, നമ്മുടെ രാജ്യത്തും വിന്റർ ടൂറിസത്തിനുള്ള എല്ലാ സാധ്യതകളുമുണ്ട്. പർവതങ്ങളും സംസ്കാരവും അനന്തമായ സാഹസിക സാധ്യതകളും നമുക്കുണ്ട്. എനിക്ക് സന്തോഷമുണ്ട്. ഈ ദിവസങ്ങളിൽ, ഉത്തരാഖണ്ഡിലെ വിന്റർ ടൂറിസം ധാരാളം ആളുകളെ ആകർഷിക്കുന്നു. ഔലി, മുൻസ്യാരി, ചോപ്ത, ദെയാര തുടങ്ങിയ സ്ഥലങ്ങൾ ശീതകാലത്ത് വളരെ പ്രചാരത്തിലായിക്കൊണ്ടിരിക്കുകയാണ്. ഏതാനും ആഴ്ചകൾക്ക് മുമ്പ്, പിഥോറഗഡ് ജില്ലയിലെ പതിനാലായിരത്തിയഞ്ഞൂറിലധികം അടി ഉയരത്തിലുള്ള ആദി കൈലാസിൽ സംസ്ഥാനത്തെ ആദ്യത്തെ ഹൈ ആൾട്ടിറ്റ്യൂഡ് അൾട്രാ റൺ മാരത്തൺ സംഘടിപ്പിച്ചു. രാജ്യത്തുടനീളമുള്ള 18 സംസ്ഥാനങ്ങളിൽ നിന്നുള്ള 750ലധികം അത്‌ലറ്റുകൾ ഇതിൽ പങ്കെടുത്തു. 60 കിലോമീറ്റർ ദൈർഘ്യമുള്ള ആദി കൈലാസ പരിക്രമ റൺ പുലർച്ചെ 5 മണിക്ക് കിടുകിടെ വിറപ്പിക്കുന്ന തണുപ്പിൽ ആരംഭിച്ചു. ഇത്രയും തണുപ്പ് ഉണ്ടായിരുന്നിട്ടും, ജനങ്ങളുടെ ആവേശം കാണേണ്ടതായിരുന്നു. മൂന്ന് വർഷം മുമ്പ് വരെ, രണ്ടായിരത്തിൽ താഴെ വിനോദസഞ്ചാരികൾ മാത്രമേ ആദി കൈലാസം സന്ദർശിച്ചിരുന്നുള്ളൂ, എന്നാൽ ഇപ്പോൾ ഈ എണ്ണം മുപ്പതിനായിരത്തിലധികം ആയി വർദ്ധിച്ചു.

സുഹൃത്തുക്കളേ, ഏതാനും ആഴ്ചകൾക്കുള്ളിൽ ഉത്തരാഖണ്ഡിലും വിന്റർ ഗെയിംസ് സംഘടിപ്പിക്കാൻ പോകുന്നു. രാജ്യമെമ്പാടുമുള്ള കളിക്കാർ, സാഹസികത ഇഷ്ടപ്പെടുന്നവർ, കായിക പ്രേമികൾ എന്നിവർ ഈ പരിപാടിയിൽ ആവേശഭരിതരാണ്. സ്കീയിംഗ് ആയാലും സ്നോബോർഡിംഗ് ആയാലും, നിരവധി സ്നോ സ്പോർട്സുകൾക്കുള്ള തയ്യാറെടുപ്പുകൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. വിന്റർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കണക്റ്റിവിറ്റിയിലും അടിസ്ഥാന സൗകര്യങ്ങളിലും ഉത്തരാഖണ്ഡ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഹോംസ്റ്റേയുമായി ബന്ധപ്പെട്ട് ഒരു പുതിയ ന




യവും രൂപീകരിച്ചിട്ടുണ്ട്.

സുഹൃത്തുക്കളേ,

Wed in India (ഇന്ത്യയിൽ വിവാഹം കഴിക്കുക) ക്യാമ്പെയ്നും ശീതകാലത്ത് ഒരു പ്രത്യേക ആകർഷണമാണ്. ശീതകാല സുവർണ സൂര്യനോ പർവതങ്ങളിൽനിന്ന് ഇറങ്ങുന്ന മൂടൽമഞ്ഞിന്റെ പുതപ്പോ ആകട്ടെ, ഡെസ്റ്റിനേഷൻ വിവാഹങ്ങൾക്കും

മലനിരകളും കൂടുതൽ പ്രചാരത്തിലായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിരവധി വിവാഹങ്ങൾ നടക്കുന്നുണ്ട്, പ്ര ത്യേകിച്ച് ഗംഗാ നദിയുടെ തീരങ്ങളിൽ.

സുഹൃത്തുക്കളേ,

ഈ ശീതകാല മാസങ്ങളിൽ, ഹിമാലയൻ താഴ്വരകൾ ജീവിതത്തിൽ എന്നെന്നും ഓർക്കുന്ന അനുഭവമായി മാറുന്നു. ഈ ശീതകാലത്ത് നിങ്ങൾ ഒരു യാത്ര ആസൂത്രണം ചെയ്യുകയാണെങ്കിൽ, ഹിമാലയൻ താഴ്വരകൾ പരിഗണിക്കുക.

സുഹൃത്തുക്കളേ,

ഞാൻ കുറച്ച് ആഴ്ചകൾക്ക് മുമ്പ് ഭൂട്ടാൻ സന്ദർശിച്ചു. അത്തരം യാത്രകൾ വൈവിധ്യമാർന്ന ഇടപെടലുകൾക്കും ചർച്ചകൾക്കും അവസരങ്ങൾ നൽകുന്നു . ഈ യാത്രയ്ക്കിടെ, ഭൂട്ടാൻ രാജാവുമായും, മുൻ രാജാവായിരുന്ന നിലവിലെ രാജാവിന്റെ പിതാവുമായും പ്രധാനമന്ത്രിയുമായും ഞാൻ കൂടിക്കാഴ്ച നടത്തി

**ഇക്കാലത്ത് നമ്മുടെ രാജ്യത്ത് എൻഡ്യൂറൻസ് സ്പോർട്സ് എന്ന ഒരു പുതിയ കായിക സംസ്കാരം അതിവേഗം വളർന്നു വരുന്നു. എൻഡ്യൂറൻസ് സ്പോർട്സ് എന്ന് പറഞ്ഞാൽ, നിങ്ങളുടെ പരിധികൾ പരീക്ഷിക്കുന്ന കായിക പ്രവർത്തനങ്ങളെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. കുറച്ച് വർഷങ്ങൾക്ക് മുമ്പ് വരെ, മാരത്തൺ, ബൈക്കത്തൺ പോലുള്ള പ്രത്യേക പരിപാടികൾ തിരഞ്ഞെടുത്ത ചുരുക്കം ചിലരിൽ മാത്രമായി ഇത് പരിമിതപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഒരുപാട് മാറിയിരിക്കുന്നു. രാജ്യത്തുടനീളം എല്ലാ മാസവും 1500ലധികം എൻഡ്യൂറൻസ് സ്പോർട്സ് പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെന്ന് ഞാൻ അറിഞ്ഞു. ഈ പരിപാടികളിൽ പങ്കെടുക്കാൻ അത്‌ലറ്റുകൾ വളരെ ദൂരം സഞ്ചരിക്കുന്നു.**

എല്ലാവരും ഒരേ കാര്യം ആവർത്തിച്ചു: ബുദ്ധമത അവശേഷിപ്പുകൾ, ഭഗവാൻ ബുദ്ധന്റെ പുണ്യ അവശേഷിപ്പുകൾ ഏൽപ്പിച്ചതിന് എല്ലാ ഭാരതീയരോടും അവർ നന്ദി പ്രകടിപ്പിക്കുകയായിരുന്നു. ഇത് കേൾക്കുമ്പോഴെല്ലാം എന്റെ ഹൃദയം അഭിമാനത്താൽ നിറഞ്ഞു.

സുഹൃത്തുക്കളേ,

ഭഗവാൻ ബുദ്ധന്റെ പുണ്യ അവശേഷിപ്പുകളോടുള്ള സമാനമായ ആവേശം മറ്റ് പല രാജ്യങ്ങളിലും കണ്ടിട്ടുണ്ട്. കഴിഞ്ഞ മാസം മാത്രമാണ് ഈ പുണ്യ അവശേഷിപ്പുകൾ നാഷണൽ മ്യൂസിയത്തിൽ നിന്ന് റഷ്യയിലെ കൽമീകിയയിലേക്ക് കൊണ്ടുപോയത്. ബുദ്ധമതത്തിന് ഇവിടെ പ്രത്യേക പ്രാധാന്യമുണ്ട്. റഷ്യയുടെ ഉൾപ്രദേശങ്ങളിൽ നിന്നും ധാരാളം ആളുകൾ അവ കാണാൻ എത്തിയതായി ഞാൻ അറിഞ്ഞു. ഈ പുണ്യ അവശേഷിപ്പുകൾ മംഗോളിയ, വിയറ്റ്നാം, തായ്‌ലൻഡ് എന്നിവിടങ്ങളിലേക്കും കൊണ്ടുപോയി. എല്ലായിടത്തും വലിയ ആവേശം അനുഭവപ്പെട്ടു. തായ്‌ലൻഡ് രാജാവും അവ സന്ദർശിച്ചു. ലോകമെമ്പാടുമുള്ള ആളുകൾക്ക് ഭഗവാൻ ബുദ്ധന്റെ പുണ്യ അവശേഷിപ്പുകളും ആയി ഇത്ര ആഴത്തിലുള്ള ബന്ധം കാണുന്നത് ഹൃദയസ്പർശിയാണ്. ലോകമെമ്പാടുമുള്ള ആളുകളെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു മാധ്യമമായി ഇത്തരം സംരംഭങ്ങൾ എങ്ങനെ മാറുന്നുവെന്ന് കേൾക്കുന്നത് ആനന്ദമായി തോന്നി.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

വോക്കൽ ഫോർ ലോക്കൽ എന്ന മന്ത്രം സ്വീകരിക്കാൻ ഞാൻ നിങ്ങളെല്ലാവരോടും എപ്പോഴും അഭ്യർത്ഥിക്കുന്നു. കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, ജി20 ഉച്ചകോടിയിൽ, നിരവധി ലോക നേതാക്കൾക്ക് സമ്മാനങ്ങൾ നൽകിയപ്പോൾ, ഞാൻ വീണ്ടും പറഞ്ഞു, Vocal for Local. എന്റെ നാട്ടുകാർക്ക് വേണ്ടി ലോക നേതാക്കൾക്ക് ഞാൻ സമ്മാനിച്ച സമ്മാനങ്ങളിൽ ഈ വികാരം പ്രതിഫലിച്ചു. ജി20 വേളയിൽ, ദക്ഷിണാഫ്രിക്കൻ പ്രസിഡന്റിന് നടരാജന്റെ ഒരു വെങ്കല പ്രതിമ ഞാൻ സമ്മാനിച്ചു. തമിഴ്നാട്ടിലെ തഞ്ചാവൂരിന്റെ സാംസ്കാരിക പൈതൃകത്തിൽ വേരൂന്നിയ ചോള കാലഘട്ടത്തിലെ കരകൗശലത്തിന്റെ അത്ഭുതകരമായ ഒരു ഉദാഹരണമാണിത്. രാജസ്ഥാനിലെ ഉദയ്പൂരിന്റെ അതിമനോഹരമായ കരകൗശല വൈദഗ്ദ്ധ്യം പ്രദർശിപ്പിക്കുന്ന ഒരു വെള്ളിക്കുതിരയുടെ രൂപം കാനഡ പ്രധാനമന്ത്രിക്ക് സമ്മാനിച്ചു. തെലങ്കാനയിലെയും കരിംനഗറിലെയും പ്രശസ്തമായ കരകൗശല വൈദഗ്ധ്യം പ്രദർശിപ്പിക്കുന്ന ഒരു വെള്ളി ബുദ്ധന്റെ രൂപം ജപ്പാൻ പ്രധാനമന്ത്രിക്ക് സമ്മാനിച്ചു. കരിംനഗറിന്റെ പരമ്പരാഗത ലോഹ കരകൗശല വൈദഗ്ധ്യം പ്രദർശിപ്പിക്കുന്ന പുഷ്പാലങ്കാരങ്ങളുള്ള ഒരു വെള്ളി കണ്ണാടി ഇറ്റലി പ്രധാനമന്ത്രിക്ക് സമ്മാനിച്ചു. കേരളത്തിലെ മാന്നാറിൽ നിന്നുള്ള ഒരു അതിമനോഹരമായ കരകൗശലവസ്തുവായ പിച്ചള ഉരുളി ഞാൻ ഓസ്ട്രേലിയൻ പ്രധാനമന്ത്രിക്ക് സമ്മാനിച്ചു. ഭാരതീയ കരകൗശല വസ്തുക്കൾ, കല, പാരമ്പര്യം എന്നിവയെക്കുറിച്ച് ലോകത്തെ ബോധവാന്മാരാക്കുക, നമ്മുടെ കരകൗശല വിദഗ്ധരുടെ കഴിവുകൾക്ക് ഒരു ആഗോള വേദി നൽകുക എന്നിവയായിരുന്നു എന്റെ ലക്ഷ്യം.

സുഹൃത്തുക്കളേ,

രാജ്യത്തെ ദശലക്ഷക്കണക്കിന് ആളുകൾ വോക്കൽ ഫോർ ലോക്കൽ എന്ന മനോഭാവം അവരുടെ ജീവിതത്തിന്റെ ഭാഗമാക്കിയതിൽ ഞാൻ സന്തോഷിക്കുന്നു. ഈ വർഷം, ഉത്സവങ്ങൾക്കായി ഷോപ്പിംഗിനായി നിങ്ങൾ മാർക്കറ്റിൽ പോയപ്പോൾ, നിങ്ങൾക്കെല്ലാവർക്കും ഒരു കാര്യം അനുഭവപ്പെട്ടിരിക്കണം. ജനങ്ങളുടെ ഇഷ്ടങ്ങളിലും വീടുകളിൽ കൊണ്ടുവന്ന സാധനങ്ങളിലും, രാജ്യം സ്വദേശിയിലേക്ക് മടങ്ങുകയാണെന്നതിന്റെ വ്യക്തമായ സൂചന കാണാമായിരുന്നു. ആളുകൾ ഭാരതീയ ഉൽപ്പന്നങ്ങൾ സ്വമേധയാ തിരഞ്ഞെടുക്കുകയായിരുന്നു. ഏറ്റവും ചെറിയ കടയുടമ പോലും ഈ മാറ്റം അനുഭവിച്ചു. ഇത്തവണ യുവാക്കൾ Vocal for Local കാമ്പെയ്നും ത്വരിത പ്പെടുത്തി. വരും ദിവസങ്ങളിൽ, ക്രിസ്മസിനും പുതുവത്സരത്തിനും ഷോപ്പിംഗിന്റെ ഒരു പുതിയ ഘട്ടം ആരംഭിക്കാൻ പോകുന്നു. ഞാൻ നിങ്ങളെ വീണ്ടും ഓർമ്മിപ്പിക്കട്ടെ, Vocal for Local എന്ന മന്ത്രം ഓർമ്മിക്കുക, രാജ്യത്ത് നിർമ്മിക്കുന്നത് മാത്രം വാങ്ങുക, രാജ്യത്തെ ഒരു പൗരന്റെ കഠിനാധ്വാനത്തിന്റെ ഫലമായി ലഭിച്ചവ മാത്രം വിൽക്കുക.

പ്രിയപ്പെട്ട നാട്ടുകാരേ,

ഭാരത കായികരംഗത്തിന്റെ ദൃഷ്ടിയിൽ ഈ മാസം ഒരു സൂപ്പർ ഹിറ്റായിരുന്നു. ഭാരതീയ വനിതാ ടീം ഐ.സി.സി. ലോകകപ്പ് നേടിയതോടെയാണ് ഇത് തുടങ്ങിയത്. എന്നാൽ അതിനുശേഷവും, കളിക്കളത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ കാണാനിടയായി. കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, ടോക്കിയോയിൽ ബധിര ഒളിമ്പിക്സ് നടന്നു, അവിടെ ഭാരതം 20 മെഡലുകൾ നേടി എക്കാലത്തെയും മികച്ച പ്രകടനം കാഴ്ചവെച്ചു. കബഡി ലോകകപ്പ് നേടി നമ്മുടെ വനിതാ താരങ്ങളും ചരിത്രം സൃഷ്ടിച്ചു. ടൂർണമെന്റിലുടനീളം അവരുടെ മികച്ച പ്രകടനം ഓരോ ഭാരതീയന്റെയും ഹൃദയം കീഴടക്കി. ലോക ബോക്സിംഗ് കപ്പ് ഫൈനലിലും നമ്മുടെ താരങ്ങൾ മികച്ച പ്രകടനം കാഴ്ചവച്ചു, അവിടെ അവർ 20 മെഡലുകൾ നേടി.

സുഹൃത്തുക്കളേ,

കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത് നമ്മുടെ വനിതാ ടീം ബ്ലൈൻഡ് ക്രിക്കറ്റ് ലോകകപ്പ് നേടിയതാണ്. ഒരു മത്സരം പോലും തോൽക്കാതെ നമ്മുടെ ടീം ഈ ടൂർണമെന്റ് ജയിച്ചത് ശ്രദ്ധേയമാണ്. ഈ ടീമിലെ ഓരോ കളിക്കാരിയെക്കുറിച്ചും നമ്മുടെ നാട്ടുകാർക്ക് അഭിമാനമുണ്ട്. ഞാൻ ഈ ടീമുമായി പ്രധാനമന്ത്രിയുടെ വസതിയിൽ കൂടിക്കാഴ്ച നടത്തി. തീർച്ചയായും, ഈ ടീമിന്റെ ആവേശവും അഭിനിവേശവും നമ്മെ പലതും പഠിപ്പിക്കുന്നു. ഈ വിജയം നമ്മുടെ കായിക ചരിത്രത്തിലെ ഏറ്റവും വലിയ വിജയങ്ങളിൽ ഒന്നാണ്, അത് ഓരോ ഭാരതീയനെയും പ്രചോദിപ്പിക്കും.

സുഹൃത്തുക്കളേ,

ഇക്കാലത്ത് നമ്മുടെ രാജ്യത്ത് എൻഡ്യൂറൻസ് സ്പോർട്സ് എന്ന ഒരു പുതിയ കായിക സംസ്കാരം അതിവേഗം വളർന്നു വരുന്നു. എൻഡ്യൂറൻസ് സ്പോർട്സ് എന്ന് പറഞ്ഞാൽ, നിങ്ങളുടെ പരിധികൾ പരീക്ഷിക്കുന്ന കായിക പ്രവർത്തനങ്ങളെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. കുറച്ച് വർഷങ്ങൾക്ക് മുമ്പ് വരെ, മാരത്തൺ, ബൈക്കത്തൺ പോലുള്ള പ്രത്യേക പരിപാടികൾ തിരഞ്ഞെടുത്ത ചുരുക്കം ചിലരിൽ മാത്രമായി ഇത് പരിമിതപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഒരുപാട് മാറിയിരിക്കുന്നു. രാജ്യത്തുടനീളം എല്ലാ മാസവും 1500ലധികം എൻഡ്യൂറൻസ് സ്പോർട്സ് പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെന്ന് ഞാൻ അറിഞ്ഞു. ഈ പരിപാടികളിൽ പങ്കെടുക്കാൻ അത്‌ലറ്റുകൾ വളരെ ദൂരം സഞ്ചരിക്കുന്നു.

സുഹൃത്തുക്കളേ,

എൻഡ്യൂറൻസ് സ്പോർട്സിന്റെ ഒരു ഉദാഹരണമാണ് അയൺമാൻ ട്രയാത്ത്‌ലൺ. നിങ്ങൾക്ക് ഒരു ദിവസത്തിൽ താഴെ സമയമേയുള്ളൂവെന്നും ഈ മൂന്ന് കാര്യങ്ങൾ ചെയ്യണമെന്നും നിങ്ങളോട് പറഞ്ഞു എന്ന് സങ്കൽപ്പിക്കുക:

സമുദ്രത്തിൽ 4 കിലോമീറ്റർ നീന്തുക, 180 കിലോമീറ്റർ സൈക്കിൾ ചവിട്ടുക, ഏകദേശം 42 കിലോമീറ്റർ മാരത്തൺ ഓടുക. ഇത് എങ്ങനെ സാധ്യമാകുമെന്ന് നിങ്ങൾ ചിന്തിച്ചേക്കാം. എന്നാൽ അസാമാന്യ ധൈര്യമുള്ള ആളുകൾക്ക് ഈ ദൗത്യം വിജയകരമായി പൂർത്തിയാക്കാൻ കഴിയും. അതുകൊണ്ടാണ് ഇതിനെ അയൺമാൻ ട്രയാത്ത്‌ലോൺ എന്ന് വിളിക്കുന്നത്. ഗോവയിൽ അടുത്തിടെ സമാനമായ ഒരു പരിപാടി നടന്നു. ഇക്കാലത്ത്, ആളുകൾ ഇത്തരം പരിപാടികളിൽ ആവേശത്തോടെ പങ്കെടുക്കുന്നു. നമ്മുടെ യുവ സുഹൃത്തുക്കൾക്കിടയിൽ വളരെ പ്രചാരത്തിലായിക്കൊണ്ടിരിക്കുന്ന മറ്റ് നിരവധി മത്സരങ്ങളുണ്ട്. ഇക്കാലത്ത്, ഫിറ്റ് ഇന്ത്യ സൺഡേസ് ഓൺ സൈക്കിൾ പോലുള്ള പരിപാടികളിൽ പങ്കെടുക്കാൻ നിരവധി ആളുകൾ ഒത്തുകൂടുന്നു. ഇതെല്ലാം ഫിറ്റ്നസിനെ പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങളാണ്. സുഹൃത്തുക്കളേ, എല്ലാ മാസവും നിങ്ങളുമായി ഒത്തുചേരുന്നത് എനിക്ക് എപ്പോഴും ഒരു പുതിയ അനുഭവമാണ്. നിങ്ങളുടെ കഥകൾ , നിങ്ങളുടെ പരിശ്രമങ്ങൾ, എന്നെ വീണ്ടും പ്രചോദിപ്പിക്കുന്നു. നിങ്ങളുടെ സന്ദേശങ്ങളിൽ നിങ്ങൾ അയയ്ക്കുന്ന നിർദ്ദേശങ്ങൾ, നിങ്ങൾ പങ്കിടുന്ന അനുഭവങ്ങൾ, ഭാരതത്തിന്റെ വൈവിധ്യത്തെ ഈ പരിപാടിയിൽ ഉൾപ്പെടുത്താൻ ഞങ്ങളെ പ്രേരിപ്പിക്കുന്നു. അടുത്ത മാസം നമ്മൾ ഒത്തുചേരുമ്പോൾ, 2025 അവസാനിക്കാറാകും. രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും തണുപ്പ് രൂക്ഷമാകും. ശീതകാലത്ത് നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും പ്രത്യേകം ശ്രദ്ധിക്കുക. അടുത്ത മാസം, ഞങ്ങൾ തീർച്ചയായും ചില പുതിയ വിഷയങ്ങളെക്കുറിച്ചും പുതിയ വ്യക്തികളെക്കുറിച്ചും ചർച്ച ചെയ്യും. നിങ്ങൾക്കെല്ലാവർക്കും വളരെ വളരെ നന്ദി. നമസ്കാരം.

# Important Days and Dates in December 2025




1 December – **World AIDS Day**
World AIDS Day is observed on 1 December every year to raise awareness and knowledge about HIV and a call to move toward ending the HIV epidemic. It was first celebrated in 1988. The theme of 2023 is "Lead The Communities".

2 December - **National Pollution Control Day**
National Pollution Control Day is celebrated on 2 December to raise awareness about pollution and its hazardous effects. This day is observed in memory of the people who lost their lives in the Bhopal gas calamity which is considered one of the biggest industrial disasters.

2 December - **International Day for the Abolition of Slavery**
It was observed on 2 December to make people aware of the modern slavery that works against human rights. Do you know more than 40 million people in the world are victims of modern slavery? This day reminds the situations of exploitation that a person cannot refuse due to threats, violence, coercion or abuse of power.

2 December - **World Computer Literacy Day**
It is observed on December 2 and aims to encourage the development of technological skills, mainly among children and women in India.

3 December - **World Day of the Handicapped or International Day of Persons with Disabilities**
World Day of the Handicapped is also known as the International Day of People with Disabilities (IDPD). It is observed on 3 December to raise awareness about understanding and accepting people with disabilities. The theme for 2021 was "Leadership and participation of persons with disabilities toward an inclusive, accessible and sustainable post-COVID-19 world."

4 December - **Indian Navy Day**
Indian Navy Day is celebrated every year on 4 December to highlight the role, achievements, and difficulties that Navy people face.

5 December - **International Volunteer Day**
International Volunteer Day (IVD) is celebrated on 5 December every year. This day provides a chance for volunteers and organisations to celebrate their efforts, and values and promotes their work among their communities, etc.

5 December - **World Soil Day**
World Soil Day is observed on 5 December to raise awareness about the importance of soil, healthy ecosystems, and human well-being.

6 December - **BR Ambedkar's death anniversary**
On 6 December 1956, he passed away. The day is observed to commemorate his unforgettable contribution to society and his achievements.

6 December - **National Microwave Oven Day**
It is observed on 6 December to celebrate and honour the invention that has made their lives easier by making it convenient and faster for them to cook and reheat food.

7 December - **Armed Forces Flag Day**
Armed Forces Flag Day is observed across the country on 7 December to collect funds from the common people and honour the martyrs and the men who fought with bravery on the borders to safeguard the country's honor.

7 December - **International Civil Aviation Day**
International Civil Aviation Day is observed on 7 December worldwide to raise awareness about its importance to the social and economic development of States and the role that ICAO plays in International air transport.

8 December- **Bodhi Day**
Every year on December 8, Bodhi Day is observed all over the world, usually under various names. To honor Gautam Buddha and his preachings, it typically occurs on the eighth day of the 12th month of the lunisolar calendar.

9 December - **International Anti-Corruption Day**
International Anti-Corruption Day is observed on 9 December every year to highlight how corruption affects health, education, justice, democracy, prosperity, and development.

10 December - **Human Rights Day**
Human Rights Day is celebrated on 10 December. The Universal Declaration of Human Rights was adopted in 1948 by the United Nations General Assembly. This day is observed to protect the fundamental human rights of all people and their basic human freedom.

10 December - **Death Anniversary of Alfred Nobel**
He was a famous scientist, inventor, businessman, and founder of the Nobel Prizes. His father was an engineer and inventor. He was born on October 21, 1833, and died on December 10, 1869. He invented dynamite and other more powerful explosives.

11 December - **International Mountain Day**
International Mountain Day is celebrated on 11 December every year to educate children and people about the role that mountains play in providing fresh water, clean energy, food, and recreation. The theme of 2021 is "Sustainable mountain tourism".

11 December - **UNICEF Day**
It is observed on 11 December by the United Nations. UNICEF stands for United Nations International Children Emergency Fund.

12 December - **Universal Health Coverage Day**
The United Nations proclaimed 12 December as International Health Coverage Day (UHC) by resolution 72/138 on 12 December 2017. The purpose behind celebrating the day is to spread awareness of the need for strong and resilient health systems and universal health coverage with multi-stakeholder partners.

13 December- **National Horse Day**
In some parts of America, December 13 is recognized as National Horse Day. This day honours the historical, cultural, and economic contributions that horses have made. Look up the background and significance of the unique observance.

13 December- **U.S. National Guard Birthday**
The U.S. National Guard celebrates its birthday every December 13th, honoring its establishment in 1636, making it one of the oldest military organizations in the United States. On this day, the nation reflects on the Guard's vital role in defending the country, supporting communities during emergencies, and serving overseas in various missions.

14 December - **National Energy Conservation Day**
It is observed on 14 December to raise awareness about the need for energy and its conservation in daily life. Since 1991, it is celebrated every year on 14 December by the Bureau of Energy Efficiency (BEE), under the Ministry of Power.

14 December- **Hannukah Beginning**
The Jewish festival of lights, Hanukkah, starts on December 14 this year. It commemorates the rededication of the Second Temple in Jerusalem and is celebrated with traditions like lighting the menorah, playing dreidel, and sharing festive meals.

16 December- **Vijay Diwas**
Vijay Diwas is celebrated on 16 December in India to remember the martyrs, and their sacrifices, and to strengthen the role of armed forces for the cause of the nation.

18 December - **Minorities Rights Day in India**
Minorities Rights Day in India is observed on 18 December to preserve and promote the rights of minority communities in India. This day focuses on issues like the safety of minorities in the state. On this day several campaigns, seminars, and events are conducted to inform and educate people about them.

18 December - **International Migrants Day**
International Migrants Day is celebrated on 18 December to raise awareness about the protection of migrants and refugees. The International Organisation for Migration (IOM) is calling on the international community to come together and remember the migrants and refugees who have lost their lives or have disappeared while reaching a safe harbor.

19 December - **Goa's Liberation Day**
The Liberation Day of Goa is celebrated on 19 December annually. On this date in 1961, Goa was released from the Portuguese dominion after an army operation and extended freedom movement. This day is celebrated in commemoration of the Indian armed forces that helped Goa to receive freedom from Portuguese rule.

20 December - **International Human Solidarity Day**
International Human Solidarity Day is observed on 20 December annually to highlight the importance of unity in diversity. This day also reminds people to work together in fighting poverty, hunger, and disease.

21 December- **Blue Christmas**
A Western Christian practice known as "Blue Christmas" takes place on or near the longest night of the year, which is typically December 21 (the Winter Solstice). It aims to console grieving family members or friends who are having a difficult time finding joy and hope during the holiday season.

21 December - **December Solstice**
The December Solstice, occurring on December 21, marks a significant astronomical event that signals the official start of winter in the Northern Hemisphere and summer in the Southern Hemisphere. On this day, the Earth's axial tilt is at its maximum angle away from or toward the Sun, resulting in the shortest day and longest night of the year in the north, and the opposite in the south.

21 December- **World Saree Day**
An effort has been made to recognise and celebrate the elegance of this traditional clothing on World Saree Day. It is observed every year on December 21. Sarees are among the most exquisite, graceful, and beautiful gifts made by Indian artisans and handed down through the ages.

22 December - **National Mathematics Day**
National Mathematics Day is celebrated on 22 December annually to commemorate the birth anniversary of the famous mathematician Srinivasa Ramanujan. He had made remarkable contributions to various fields of mathematics and its branches. He was born on 22 December 1887 in Erode (today in the city of Tamil Nadu).

23 December - **Kisan Diwas**
Kisan Divas or Farmer's Day in India or National Farmer's Day is celebrated on 23 December across the country to commemorate the birth anniversary of the former Prime Minister Chaudhary Charan Singh. On this day various events, seminars, functions, and competitions are organized on agriculture and its importance to educate and provide knowledge to the people.

24 December - **National Consumer Rights Day**
National Consumer Rights Day is observed on 24 December annually with a particular theme across the country. The Consumer Protection Act, of 1986 received the assent of the president on this day. No doubt it is considered a historic milestone in the consumer movement in the country. This day also provides awareness about consumer rights and responsibilities.



# ഓർമകളിലെ കവിമനസ്സ്

## സുഗതകുമാരി

യി, ഞാൻ എഴുതുന്നു.' കവിതയെഴുത്തിനെക്കുറിച്ചുള്ള സുഗതകുമാരിയുടെ അഭിപ്രായമാണിത്.

സിനിമ ഗാനരചന തനിക്കു വഴങ്ങുന്നതല്ലായെന്നറിഞ്ഞിട്ടും സ്നേഹ നിർബന്ധത്തിനു വഴങ്ങി സിനിമയ്ക്കു പാട്ടെഴുതി. കവിയൂർ രേവമ്മയുടെ ഭർത്താവ് പന്തിയിൽ ശ്രീധരൻ സിനിമ നിർമ്മിക്കുവാൻ തീരുമാനിച്ചപ്പോൾ സുഗതകുമാരിയെക്കൊണ്ട് ഗാനം എഴുതിക്കാൻ തീരുമാനിച്ചു. 'കളിപ്പാവ്' എന്ന ചിത്രത്തിനുവേണ്ടി നാലു പാട്ടുകളെഴുതി. 'നീല നീല വാനമതാ....', 'ഓളം കുന്നോളം ഓണനിലാവോളം....', 'താമരപ്പൂവേ താരാട്ടാം....', 'കടലും മലയും കടന്ന്....' എന്നീ വരികളിൽ തുടങ്ങുന്ന ഗാനങ്ങൾ. ഈ ഗാനങ്ങൾ ചിട്ടപ്പെടുത്തിയത് ചിദംബരനാഥ് ആയിരുന്നു. പെരുമ്പടവം ശ്രീധരന്റെ അഭയം നോവൽ ചലച്ചിത്രമാക്കിയപ്പോൾ അതിൽ സുഗതകുമാരിയുടെ 'പാവം മാനവഹൃദയം' എന്ന കവിത ഉൾപ്പെടുത്തിയിരുന്നു. വി.ദക്ഷിണാമൂർത്തിയുടെ സംഗീതത്തിൽ പി.സുശീലയാണ് അതാലപിച്ചത്. വനം വകുപ്പിന്റെ നിർദ്ദേശപ്രകാരം 'ഒരു മരം നടാം നമുക്കമ്മയ്ക്കുവേണ്ടി/ഒരു തൈ നടാം, കൊച്ചുമക്കൾക്കു വേണ്ടി...' എന്ന ഗാനവും എഴുതി.

**രോഗങ്ങൾ അതിഥിയെപ്പോലെ അഭയയിലേക്കു കടന്നുവരാറുണ്ടായിരുന്നു. ഓരോ പ്രാവശ്യവും അതിന്റെ പിടിയിലമരുമ്പോഴും ഇനി ജീവിതത്തിലേക്ക് ഇല്ലായെന്ന് തീർച്ചയാക്കിയിരുന്നു. എന്നിട്ടും എത്ര രോഗാധിപീഡകളിൽ നിന്നും സുഗതകുമാരി മുക്തയായി. ഒടുവിൽ, ലോകത്തെ നിശ്ചലമാക്കിയ കോവിഡും പിടിപെട്ടു. അതിൽ നിന്നും മുക്തയാകുവാൻ ശ്രമിച്ചില്ല. ഭഗവാന്റെ ഇഷ്ടം നടപ്പാകട്ടെ എന്നു കരുതി മരണത്തിന്റെ കാലൊച്ച കേട്ടു കിടന്നുവെന്നു വ്യക്തം. അശാന്തമായ ഈ ജീവിതത്തിന് ശാന്തിവേണ്ടേ. അതിനായിട്ട് ഈശ്വരൻ നൽകിയ വരദാനമായിട്ടാണ് ആ വൈറസ് ആക്രമണത്തെ കണ്ടത്. 2020 ഡിസംബർ 23ന് മലയാളത്തിന്റെ സുഭഗ ശബ്ദം നിലച്ചു.**

ജീവിതാനുഭവങ്ങളുടെയും ആത്മീയന്വേഷണത്തിന്റെയും വികാരലോകമായിരുന്നു സുഗതകുമാരി കവിതകളുടെ സാരം. ബാലാമണി അമ്മയ്ക്കു ശേഷം മലയാളകാവ്യാങ്കണത്തിൽ പെൺകരുത്തിന്റെ കാൽചിലമ്പലിഞ്ഞവനൃത്തം ചെയ്തു. മനുഷ്യബന്ധിതമായതെല്ലാം അവിടെ കവിതയ്ക്ക് വിഷയമായി. ആകുലതകളിൽ ഉഴറുമ്പോഴും അവിടെയാകെ പ്രത്യാശയുടെ പൊടിപ്പ് പ്രത്യക്ഷപ്പെട്ടു. കൃഷ്ണഭക്തിയുടെ വിവിധ ഭാവങ്ങൾ ഉൾക്കൊള്ളുന്ന ഒരുപിടി കവിതകൾ ഉണ്ടായി. 'രാധയെവിടെ' എന്ന ദീർഘകവിതയിലെത്തുമ്പോൾ അതുവരെയുള്ള അവരുടെ എല്ലാ കൃഷ്ണകവിതകളേയും അതിലംഘിച്ചുകൊണ്ടുള്ള ഒരു പ്രമേയമാണ് അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെ അത് മലയാളത്തിലെ കൃഷ്ണകവിതയിൽ നിന്നും വേറിട്ടു നിൽക്കുന്നു. നന്ദിയുടെ കവയിത്രികൂടിയാണ് സുഗതകുമാരി. വെയിലിനും തണലിനും വഴിയിലെ കൂർത്ത മുള്ളിനും നന്ദി പറയുവാനേ ആ അമ്മ മനസ്സിനു കഴിയുമായിരുന്നുള്ളു.

മുത്തുച്ചിപ്പി, സ്വപ്നഭൂമി, പാവം മാനവഹൃദയം, പാതിരാപ്പൂക്കൾ, ഇരുൾച്ചിറകുകൾ, പ്രണാമം, രാത്രിമഴ, അമ്പലമണി, കുഞ്ഞിപ്പൂക്കൾ, തുലാവർഷപ്പച്ച, രാധയെവിടെ, കൃഷ്ണകവിതകൾ, ദേവദാസി, മണലെഴുത്ത്, കുടത്തിലെ കടൽ, ഗാന്ധിനാമത്തിൽ എന്നിവയാണ് പ്രസിദ്ധീകരിച്ച കവിതാസമാഹാരങ്ങൾ. വാഴത്തേൻ, ഒരു കുലപ്പൂവും കൂടി, അയലത്തു പറയുന്ന കഥകൾ, വായാടിക്കിളി, കുട്ടികളുടെ മഹാഭാരതം എന്നിവയാണ് ബാലസാഹിത്യ കൃതികൾ.

കാവു തീണ്ടല്ലേ, മേഘം വന്നു തൊട്ടപ്പോൾ, വാരിയെല്ല്, കാടിനു കാവൽ, മലമുകളിലിരിക്കെ എന്നിവയാണ് ലേഖനസമാഹാരങ്ങൾ. ഈ കൃതികളിലാകെ സാമൂഹിക പ്രശ്നങ്ങളാണ് വിഷയമാക്കിയിരിക്കുന്നത്.

ജി.ശങ്കരക്കുറുപ്പ്, എൻ.വി.കൃഷ്ണവാരിയർ, എസ്.ഗുപ്തൻനായർ, എൻ.കൃഷ്ണപിള്ള, എം.ലീലാവതി, കെ.പി.ശങ്കരൻ, കെ.രാമചന്ദ്രൻനായർ, വിഷ്ണുനാരായണൻ നമ്പൂതിരി, എം.ടി.വാസുദേവൻനായർ, ആത്മാരാമൻ, പി.കെ.രാജശേഖരൻ, സി.ജി.ശാന്തകുമാർ എന്നിവരാണ് സുഗതകുമാരി കവിതകൾക്ക് അവതാരിക എഴുതിയത്. 2006ൽ പ്രസിദ്ധീകരിച്ച സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണത്തിന് അവതാരിക എഴുതിയത് ഒ.എൻ.വി.കുറുപ്പാണ്. പഠനത്തിനും ഗവേഷണത്തിനും സുഗതകുമാരി കവിതകൾ വിധേയമായിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമി അവാർഡ്(1968), സാഹിത്യ അക്കാദമി അവാർഡ്(1978), ഓടക്കുഴൽ അവാർഡ്(1982), വയലാർ അവാർഡ്(1984), ആശാൻ പ്രൈസ്(1991), ലളിതാംബിക അന്തർജനം പുരസ്കാരം(2001), വള്ളത്തോൾ പുരസ്കാരം(2003), ബാലാമണിയമ്മ പുരസ്കാരം(2004), കേരള സാഹിത്യ അക്കാദമി ഫെലോഷിപ്പ് (2004), പി.കുഞ്ഞുരാമൻ നായർ പുരസ്കാരം (2007), എഴുത്തച്ഛൻ പുരസ്കാരം (2009), സരസ്വതി സമ്മാൻ (2013), പ്രഥമ ഒ.എൻ.വി.പുരസ്കാരം(2017) എന്നിവയുൾപ്പെടെ എഴുപതോളം അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചു. പ്രകൃതി സംരക്ഷണത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പ്രഥമ 'ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര പുരസ്കാരത്തിന് 1986ൽ അർഹയായി. 2006ൽ രാഷ്ട്രം പത്മശ്രീ നൽകി ആദരിച്ചു.

'ചന്ദനം മണക്കുന്നൊരാ മാറിൽ/ സങ്കടങ്ങളിറക്കി വെക്കു'വാൻ ഒരേ പരിശ്രമം നടത്തുമ്പോഴും പിന്നെയും പിന്നെയും ആ ജീവിതത്തിലേക്ക് ദുഃഖം കടന്നു വരികയായിരുന്നു. അതൊരിക്കലും തനിക്കുവേണ്ടിയോ കുടുംബത്തിനുവേണ്ടിയോ ആയിരുന്നില്ല. ഊരും പേരുമറിയാതെ തന്റെയടുത്തേക്കു വരുന്നവർക്കുവേണ്ടിയും എവിടെയൊക്കെയൊ ദുരിതവും ദുഃഖവും കടിച്ചമർത്തി കഴിയുന്നവർക്കുവേണ്ടിയുമായിരുന്നു. രോഗങ്ങൾ അതിഥിയെപ്പോലെ അഭയയിലേക്കു കടന്നുവരാറുണ്ടായിരുന്നു. ഓരോ പ്രാവശ്യവും അതിന്റെ പിടിയിലമരുമ്പോഴും ഇനി ജീവിതത്തിലേക്ക് ഇല്ലായെന്ന് തീർച്ചയാക്കിയിരുന്നു. എന്നിട്ടും എത്ര രോഗാധിപീഡകളിൽ നിന്നും സുഗതകുമാരി മുക്തയായി. ഒടുവിൽ, ലോകത്തെ നിശ്ചലമാക്കിയ കോവിഡും പിടിപെട്ടു. അതിൽ നിന്നും മുക്തയാകുവാൻ ശ്രമിച്ചില്ല. ഭഗവാന്റെ ഇഷ്ടം നടപ്പാകട്ടെ എന്നു കരുതി മരണത്തിന്റെ കാലൊച്ച കേട്ടു കിടന്നുവെന്നു വ്യക്തം. അശാന്തമായ ഈ ജീവിതത്തിന് ശാന്തിവേണ്ടേ. അതിനായിട്ട് ഈശ്വരൻ നൽകിയ വരദാനമായിട്ടാണ് ആ വൈറസ് ആക്രമണത്തെ കണ്ടത്. 2020 ഡിസംബർ 23ന് മലയാളത്തിന്റെ സുഭഗ ശബ്ദം നിലച്ചു. തനിക്കായി ഒരു സ്മരണയും വേണ്ടെന്നു പറയുമ്പോഴും ആ മനസ്സറിയുന്നവർക്ക് അതങ്ങനെ ചെയ്യാൻ കഴിയില്ലല്ലോ.




# Important Days and Dates in December 2025

24 December: **DMRC Foundation Day**
The first line of the Delhi Metro, the Red Line, was inaugurated by Atal Bihari Vajpayee, the then Prime Minister of India on 24 December 2002. The first segment of the Red Line from Tis Hazari to Shahdara was opened to the public on 25 December 2002.

24 December - **Christmas Eve**
Christmas Eve, celebrated on December 24, marks the magical evening before Christmas Day, a time filled with anticipation and joy. It is a cherished occasion for families and communities to come together, engage in traditions, and reflect on the spirit of giving and togetherness.

25 December - **Christmas Day**
Christmas Day is celebrated on 25 December worldwide annually to commemorate the birth of Jesus Christ, the Son of God.

25 December - **Good Governance Day (India)**
Good Governance Day in India is observed on 25 December to commemorate the birth anniversary of Atal Bihari Vajpayee. His Samadhi, namely 'Sadiav Atal' was dedicated to the nation and reflected his personality as a poet, humanist, statesman, and a great leader.
He died at the age of 93 on 16 August 2018. The Good Governance Day was established in 2014 to pay tribute to the former PM Atal Bihari Vajpayee to raise awareness about accountability in governance among the people of India.

26 December: **Veer Bal Diwas**
Veer Bal Diwas is observed on December 26 to pay homage to the courage and martyrdom of the four sons of Guru Gobind Singh Ji, the last Sikh Guru.

26 December: **Boxing Day**
Boxing Day, the day after Christmas was when boxes filled with small gifts and money would be given to household servants and employees who had to work on Dec. 25.

27 December: **International Day of Epidemic Preparedness**
International Day of Epidemic Preparedness is observed on December 27 to fulfil the great need to raise awareness, the exchange of information, scientific knowledge and best practices, and quality education to curb the fatality of the Epidemic.

28 December: **Ratan Tata Birthday**
Ratan Naval Tata, the Indian industrialist, philanthropist, entrepreneur, and former chairman of Tata Sons needs no introduction. You may not find him on Forbes, but he surely has space in the hearts of all ages, genders, and groups.

29 December- **International Cello Day**
International Cello Day, celebrated annually on December 29, honors the legacy of Pablo Casals, one of the greatest cellists in history, born on this day in 1876. This special day pays tribute to the cello's rich history, its soulful music, and the artists who bring its deep, resonant sounds to life.

31 December - **New Year's Eve**
According to the Gregorian calendar, New Year's Eve is celebrated on 31st December as the last day of the year. People gather together to celebrate the evening by dancing, eating, singing, etc and welcome the New Year.